## നിയമനിർമ്മാണകാര്യം

## (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, ഇവിടെ നേരത്തെ ഫിനാൻസ് ബിൽ പാസ്സായ ഘട്ടത്തിൽ കോർട്ട് ഫീ നിലവിലുള്ള അര ശതമാനം ഒരു ശതമാനമായി വർദ്ധിപ്പിച്ചിരുന്നു. ആ ഒരു പശ്ചാത്തലത്തിലാണ് ഇന്ന് രണ്ട് ബില്ലുകൾ അവതരിപ്പിക്കുന്നത്. അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ഭേദഗതി ബില്ലും അതുപോലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ബിൽ. ഈ രണ്ട് ബില്ലുകളും ഏതാണ്ട് ഒരു മണിക്കൂറിനുള്ളിൽ തീർക്കേണ്ടതാണ്. വലിയ അഭിപ്രായ വ്യത്യാസമൊന്നും ഉണ്ടാകില്ല. അതുകൊണ്ട് ദീർഘമായ പ്രസംഗമൊന്നും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ആവശ്യമില്ല. കേരളത്തിലെ അഭിഭാഷകരുടെ ക്ഷേമത്തിനായി 1980-ൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന് നേതൃത്വം കൊടുത്ത നായനാർ സർക്കാരാണ് അഭിഭാഷക ക്ഷേമനിധി ആക്ട് നിലവിൽ കൊണ്ടുവന്നത്. ഈ നിയമപ്രകാരം അഭിഭാഷകർക്ക് ഒരു നിശ്ചിത കാലയളവിൽ പ്രാക്ടീസ് പൂർത്തീകരിച്ചാൽ ക്ഷേമനിധി ആനുകൂല്യങ്ങളും ചികിത്സാ സഹായവും നൽകിവന്നിരുന്നു. 1980-ൽ അഭിഭാഷക ക്ഷേമ നിയമം പാസ്സാക്കുമ്പോൾ 30,000

രൂപയായിരുന്ന ക്ഷേമനിധിയായി നിശ്ചയിച്ചിരുന്നത്. 1989-ൽ ഈ തുക 60,000 രൂപയായി വർദ്ധിപ്പിച്ചു. 1993-ൽ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 2001-ൽ മൂന്നു ലക്ഷം രൂപയായും ഉയർത്തി. 2008 -ൽ മുൻ എൽ.ഡി.എഫ്. സർക്കാറിന്റെ കാലത്ത് ഇത് അഞ്ചുലക്ഷം രൂപയാക്കി ഓർഡിനൻസ് കൊണ്ടുവരികയും 2011-ൽ ഈ ഓർഡിനൻസ് നിയമമായി മാറുകയും ചെയ്തു. നിലവിലെ നിയമപ്രകാരം അഞ്ചുലക്ഷം രൂപ ക്ഷേമനിധി ആനുകൂല്യമായാണ് നൽകുന്നത്. നിലവിൽ ചികിത്സാ ധനസഹായമായി നൽകുന്നത് 5000 രൂപയാണ്. അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയിൽ ചികിത്സാ ധനസഹായമായി നൽകുന്ന തുക 35,000 രൂപയാണ്. പ്രസവാനുകൂല്യങ്ങളും നൽകുന്നുണ്ട്. ഇത്തരത്തിൽ അഭിഭാഷകർക്ക് അനുകൂലമായി നാമമാത്രമായിട്ടുള്ള 5000 രൂപ മാത്രമാണ് ഈ വെൽഫയർ ഫണ്ട് വഴി അവർക്ക് ലഭ്യമാകുന്നത്. ഇതിനെല്ലാം ഒരു മാറ്റം കാലികമായി ആവശ്യമാണ്. ഈ ഭേദഗതിമൂലം അഭിഭാഷക ക്ഷേമനിധി തുക അഞ്ചുലക്ഷത്തിൽനിന്നും പത്തു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയാണ്. 40 വർഷം പ്രാക്ടീസുള്ളവർക്കാണ് പരമാവധി തുകയായ പത്തുലക്ഷം രൂപ ലഭിക്കുന്നത്. അതോടൊപ്പം ചികിത്സാ ധനസഹായമായി നൽകുന്ന അയ്യായിരം രൂപ ഒരു ലക്ഷം രൂപയായി ഭേദഗതി ചെയ്യുകയാണ്. ബാർ കൗൺസിലിന്റെ പുതിയ നിർദ്ദേശങ്ങൾ പ്രകാരം എല്ലാ

സംസ്ഥാന ബാർ കൗൺസിലുകളും പ്രത്യേകം പ്രാക്ടീസിംഗ് അഭിഭാഷകരുടെ ലിസ്റ്റ് സൂക്ഷിക്കണം. ഇതിനായിട്ടുള്ള നടപടിക്രമം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ പ്രാക്ടീസിംഗ് ലിസ്റ്റിൽ ഉള്ളവർക്കുമാത്രമേ മേലിൽ ഈ ആനുകൂല്യം ലഭ്യമാകുകയുള്ളു. ഇതുമൂലം അനർഹരായ അംഗങ്ങളെ ഒഴിവാക്കുന്നതിനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കഴിയും. ഇതിനൊടൊപ്പം ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനവും വർദ്ധിക്കേണ്ടതുണ്ട്. മറ്റ് ക്ഷേമനിധികളിൽ നിന്നും വ്യത്യസ്തമാണ് ഇത്. ഇതിന് എംപ്ലോയർ കോൺട്രിബ്യൂഷൻ ഏർപ്പെടുത്താൻ പറ്റാത്ത മേഖലയാണ്. അതുകൊണ്ടുതന്നെ വെൽഫയർ സ്റ്റാമ്പിലൂടെയും കോർട്ട് ഫീയുടെയും ഒരു നിശ്ചിത ശതമാനം ക്ഷേമനിധിയിലേയ്ക്ക് നൽകിയാണ് ഫണ്ട് കണ്ടെത്തുന്നത്. ഇതിനു പുറമെ അഡ്വക്കേറ്റ് അംഗങ്ങളിൽ നിന്നും കോൺട്രിബ്യൂഷനും ഈടാക്കുന്നുണ്ട്. മുമ്പ് അടച്ചിരുന്ന തുകയിലും ഇപ്പോൾ വർദ്ധനവ് വരുത്തുകയാണ്. വക്കാലത്തിൽ പതിക്കുന്ന വെൽഫയർ സ്റ്റാമ്പിന്റെ തുക നിലവിൽ ഹൈക്കോടതിയിൽ 15 രൂപയും കീഴ്ക്കോടതിയിൽ 10 രൂപയും ആയിരുന്നത് യഥാക്രമം 50 രൂപയും 25 രൂപയുമായി ഭേദഗതി ചെയ്തു. നിലവിൽ അഭിഭാഷക ക്ഷേമനിധിയിൽ 22,362

അംഗങ്ങളുണ്ട്. ക്ലാർക്ക് ക്ഷേമനിധിയിൽ 4,329 അംഗങ്ങളാണുള്ളത്. അഭിഭാഷക ക്ഷേമനിധിയിൽ കഴിഞ്ഞ വർഷം 2015-16 -ൽ 1,70,63,900 രൂപയാണ് കോർട്ട് ഫീ ഇനത്തിൽ ലഭിച്ചതെങ്കിൽ ക്ലാർക്ക് ക്ഷേമനിധിയിലേക്ക് 1,46,76,200 കോടി രൂപയാണ് ലഭിച്ചിരുന്നത്. അംഗത്വനിരക്കിൽ അഞ്ചിരട്ടിയിലധികം അംഗങ്ങളുള്ളവരാണ് അഭിഭാഷകക്ഷേമനിധിയിൽ ഉള്ളതെന്നിരിക്കെ ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള വരുമാനത്തിൽ രണ്ടു ക്ഷേമനിധികളും തമ്മിൽ വലിയ അന്തരമില്ല. ഈ സാഹചര്യത്തിലും ക്ഷേമനിധി തുകയും ചികിത്സാനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അംഗങ്ങൾ നൽകേണ്ട അംശദായ നിരക്കും വെൽഫെയർ ഫണ്ട് സ്റ്റാമ്പ് നിരക്കും കോർട്ട് ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പ്രതിവർഷ ആനുകൂല്യ തുകയായ 14,285/- രൂപയിൽനിന്ന് 25,000/- രൂപയായി വർദ്ധിപ്പിക്കാനും പരമാവധി 10 ലക്ഷം രൂപയായിരിക്കും അനുവദിക്കുന്നത്. അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ഭേദഗതി ചെയ്യുന്നതിന്റെ ഭാഗമായി ഒരു ചിരകാല അഭിലാഷമാണ് അഡ്വക്കേറ്റ്സ് വിഭാഗത്തിന് സാക്ഷാത്കരിക്കപ്പെടുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി കൊണ്ടുവന്ന ഫിനാൻസ് ബില്ലിൽ കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ (ഭേദഗതി) ബില്ലും

വരുന്നുണ്ട്. അന്നത്തെ ഫിനാൻസ് ബില്ലിൽ അര ശതമാനം എന്നുള്ളത് ഒരു ശതമാനമായി വർദ്ധിപ്പിച്ചതിനെ ഈ സർക്കാരും ആ രൂപത്തിൽ അംഗീകരിക്കുകയാണ്. സിവിൽ കേസ് ഫയൽ ചെയ്യുന്ന സ്ഥലങ്ങളിൽ, ചില ഭാഗങ്ങളിൽ exemption കൊടുത്തിട്ടുണ്ട്. ഈ ബിൽ കഴിഞ്ഞ സർക്കാരിന്റെ തുടർച്ച തന്നെയാണ് എന്നുള്ളതുകൊണ്ട് വലിയ ചർച്ചയില്ലാതെ, ചെറിയ സമയത്തിനുള്ളിൽ നമ്മളെല്ലാവരും വിചാരിച്ചാൽ ഈ രണ്ട് ബില്ലും പെട്ടെന്ന് പാസ്സാക്കാൻ സാധിക്കുന്നതാണ്. ഇതാണ് പൊതുവായി സൂചിപ്പിക്കാനുള്ളത്. ബില്ലിന്മേലുള്ള വിശദാംശങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചശേഷം ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ വരുമ്പോൾ കൂടുതൽ കാര്യങ്ങൾ പറയാം. സാധാരണ എല്ലാവരും പ്രസംഗിക്കുമ്പോൾ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കാതെ കൂടുതൽ രാഷ്ട്രീയമാണ് കടന്നുവരാറുള്ളത്. ഞാൻ ബില്ലുമായി ബന്ധപ്പെട്ടുമാത്രമേ കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ.

<u>മി. സ്പീക്കർ</u>: ചർച്ച ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ഇന്ന് രണ്ട് ബില്ലുണ്ട്. അതുകൂടാതെ അപ്രോപ്രിയേഷൻ ബിൽ ഒരു മണിക്കൂർ കൊണ്ട് ചർച്ച ചെയ്യണം. അതിനുശേഷം ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ രണ്ടു മണിക്കൂർ ചർച്ചയുമുണ്ട്. ഇന്നലെ ബില്ലിന്മേലുള്ള

ചർച്ചയിൽ നല്ല നിലപാടാണ് എല്ലാ അംഗങ്ങളും പൊതുവേ സ്വീകരിച്ചത്. അതുകൊണ്ട് സമയബന്ധിതമായി സഭ പെട്ടെന്ന് തീർക്കാൻ സാധിച്ചു. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച ആരംഭിക്കുന്നത് 12.30 മണിക്കാണ്. ഇപ്പോൾ സമയം 11.54 ആയി. എല്ലാ അംഗങ്ങളും പരമാവധി സമയം പാലിച്ച് സംസാരിക്കുക.

ശ്രീ. സി. കൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(A) നമ്പർ ഭേദഗതി അവതരിപ്പിച്ച് ശ്രീ. എ. എൻ. ഷംസീറിന് സംസാരിക്കാവുന്നതാണ്.

ശ്രീ. സി. കൃഷ്ണനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ചരിത്രത്തിൽ നാഴികക്കല്ലായി മാറാൻ പോകുന്ന ഒരു ബില്ലാണ് ഇന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. അഡ്വക്കേറ്റ് എന്ന വാക്ക് to call എന്ന അർത്ഥം വരുന്ന ലാറ്റിൻ വാക്കായ advocare-ൽ നിന്നാണ് വന്നിട്ടുള്ളത്. ഒരു വിളിപ്പുറത്തുണ്ടാകേണ്ട ആളാണ് അഡ്വക്കേറ്റ് എന്നുള്ള പദം സൂചിപ്പിക്കുന്നത്. അമേരിക്കയിലെ മൂന്നാമത്തെ പ്രസിഡന്റാണ് തോമസ്

ജെഫേഴ്സൺ, അദ്ദേഹം അഡ്വക്കേറ്റ്സിനെ വിശദീകരിച്ചിട്ടുള്ളത് It is the trade of lawyers to question everything എന്നാണ്. ലോകത്തെ പ്രശസ്തരായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ഫിഡൽ കാസ്ട്രോ, നെൽസൺ മണ്ടേല, ബറാക് ഒബാമ തുടങ്ങിയവരെല്ലാം അഭിഭാഷകന്മാരായിരുന്നു. മനുഷ്യരാശിയുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് അഭിഭാഷകന്മാർ. വർഗ്ഗം, വർണ്ണം, സാമ്രാജ്യത്വം എന്നിവയിൽനിന്നും പീഡനങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാൻവേണ്ടി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് അഭിഭാഷകർ എന്നുപറയുന്നത്. പിഡനത്തിനെതിരെ പൊരുതുന്നവർക്കുവേണ്ടി, പീഡിപ്പിക്കപ്പെടുന്ന ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതുന്നവരാണ് അഭിഭാഷകർ. സംസ്കാരം, ഭരണകൂടം, ബിസിനസ്സ്, സ്വകാര്യ ജീവിതം തുടങ്ങിയവയിലെല്ലാം പങ്ക് വഹിക്കുന്ന ഒരു വിഭാഗമാണ് അഭിഭാഷകർ. നിയമം നിർമ്മിക്കുന്ന സഭയിലും രാഷ്ട്രീയക്കാരിലും ഒരു വലിയ വിഭാഗം അഭിഭാഷകരുണ്ട്. അവരാണ് നിയമം അഡ്മിനിസ്റ്റർ ചെയ്യുന്നത്, നിയമം ഇന്റർപ്രെട്ട് ചെയ്യുന്ന, അത് എൻഫോഴ്സ് ചെയ്യുന്ന ജഡ്ജഡിമാരും അഭിഭാഷകരാണ്, ലോയേഴ്സാണ്. ഇത്ര വലിയ ഭാരിച്ച ഉത്തരവാദിത്വം സമൂഹത്തിലുള്ളവരാണ് അഭിഭാഷകർ. അവരുടെ കമ്മിറ്റ്മെന്റ് കക്ഷികളോടും നാടിനോടും ആയിരിക്കും. ആ നിലയിൽ പലപ്പോഴും

അവർ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമാണ്. ജനാധിപത്യത്തിൽ എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജ്യൂഡീഷ്യറി തുടങ്ങിയ മൂന്നു തൂണുകളുണ്ട്. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും എടുക്കുന്ന തീരുമാനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിൽ ജ്യൂഡീഷ്യറി, മീഡിയ, സിവിൽ സൊസൈറ്റി തുടങ്ങിയവരൊക്കെ വലിയ പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിന്റെ സമീപകാലത്ത് അഭിഭാഷകരും മീഡിയയും തമ്മിൽ ചില സംഘർഷങ്ങൾ ഉണ്ടായത് നമ്മുടെ ശ്രദ്ധയിലുണ്ട്. ആ ഭാഗം ഞാൻ പിന്നീട് പറയാം.

അഡ്വക്കേറ്റ്സ് ആക്ട് 1961-ൽ പറയുന്നത്, ബാർ കൗൺസിലിൽ എൻറോൾ ചെയ്തുകഴിഞ്ഞാൽ അഭിഭാഷകന്റെ ഉത്തരവാദിത്വം മറ്റുള്ളവർക്കുവേണ്ടി പോരാടുക, അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുക എന്നുള്ളതാണ്. മറ്റുള്ളവർ എന്നതിൽ മാധ്യമങ്ങളുടെ അവകാശങ്ങൾ കൂടി നിലകൊള്ളേണ്ടവരാണ് അഭിഭാഷകന്മാർ എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ചരിത്രത്തിലെ ചില സംഭവങ്ങൾ ഞാൻ ഓർമ്മിപ്പിക്കാം. വിയറ്റ്നാം യുദ്ധം നടക്കുന്ന ഘട്ടത്തിൽ, അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സസൺ വിയറ്റ്നാം യുദ്ധത്തിന്റെ രേഖകൾ പുറത്തുവിടാൻ പാടില്ല എന്ന് ശഠിച്ചു. പക്ഷേ NewYork Times കോടതിയെ സമീപിച്ചു, കോടതി NewYork Times-ന് അനുകൂലമായി വിധി

പുറപ്പെടുവിച്ചു. വിയറ്റ്നാം പേപ്പേഴ്സ് എന്ന പേരിലാണ് ചരിത്രം പിന്നീട് അതിനെ രേഖപ്പെടുത്തിയത്. അതുപോലെ Florida Case-ഉം ഇത്തരത്തിലുള്ള ഒരു ലാന്റ്മാർക്ക് ജഡ്ജ്മെന്റാണ്. പോലീസ് പോക്കറ്റടിച്ചു, പോക്കറ്റടിച്ച പോലീസുകാരനെതിരെ കേസ്സെടുത്തു, ട്രയലിന്റെ ഘട്ടത്തിൽ പ്രൊസീഡിംഗ്സ് പുറത്തുവിടാൻ പാടില്ലെന്നുള്ള രീതിയിൽ പോലീസുകാർ ശഠിച്ചു, അവർ പറഞ്ഞത് ഈ ട്രയൽ പ്രൊസീഡിംഗ്സ് പുറത്തുവിട്ടാൽ നാളെ ഞങ്ങൾക്ക് നിരപരാധികളായി പോലീസിൽ പ്രാക്ടീസ് ചെയ്യാൻ സാധിക്കില്ല എന്നാണ്. ഇന്ന് ഒ.ബി. വാൻ ആണെങ്കിൽ അന്ന് സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെ പുറത്തുവിടാൻ തയ്യാറായിരുന്നുവെന്നതാണ് കോടതിയുടെ രീതി. ഇത് കാണിക്കുന്നത് മീഡിയയും അഭിഭാഷകന്മാരും തമ്മിൽ നല്ല ലെയ്സൺ ആയിരിന്നുവെന്നുള്ളതായിരുന്നു. Give and Take പോളിസി ആയിരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. വിയറ്റ്നാം യുദ്ധത്തിന്റെ വാർത്ത ആയാലും Florida Case ആയാലും അതിലെല്ലാം പത്രങ്ങൾക്കുവേണ്ടി വാദിച്ചത് അഭിഭാഷകരായിരുന്നു എന്നതും നാം മറന്നുപോകരുത്. ദൗർഭാഗ്യവശാൽ, ഇപ്പോൾ നമ്മുടെ നാട്ടിൽ ഇത്തരത്തിലുള്ള പല പ്രവണതകളും കണ്ടുവരുമ്പോൾ അത് പരിഹരിക്കപ്പെടേണ്ടതാണ്. ഏറ്റുമുട്ടേണ്ട ഒരു വിഭാഗമല്ല അഭിഭാഷകരും മാധ്യമങ്ങളും എന്ന് ഞാൻ

ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ഈ ബില്ലിന്റെ പാരന്റ് ആക്ട് ഉണ്ടായത് 1980-ൽ ആണ്. 1986, 1989, 1993, 1995, 2001 ഏറ്റവും ഒടുവിൽ 2016-ലെ ഭേദഗതിയിൽ പറയുന്നത്, പ്രാക്ടീസിംഗ് ലോയർ എന്നത് ഏറ്റവും പ്രസക്തമാണ്. ലോയർ എന്ന് പറയുമ്പോൾ, അഡ്വക്കേറ്റ് എന്ന് പറയുമ്പോൾ ഒരാൾ അഡ്വക്കേറ്റായി എൻറോൾ ചെയ്യും. പിന്നീട് ചില ഘട്ടങ്ങളിൽ ചിലർ ജോലിക്ക് പോകും, ചിലർ വിവാഹം കഴിച്ച് ഭർത്താവിനൊപ്പം ഗൾഫിൽ പോകും. പക്ഷേ അത്തരം ആളുകൾ കൃത്യമായി ക്ഷേമനിധിയിൽ തുക അടച്ചാൽ അവർക്കും പത്തുലക്ഷം രൂപയെന്ന ക്ഷേമനിധി ആനുകൂല്യം കിട്ടാനുള്ള അവകാശമുണ്ടായിരുന്നു. ഇവിടെ ഇപ്പോൾ അഞ്ച് വക്കാലത്തെങ്കിലും റെപ്രസെന്റ് ചെയ്താൽ മാത്രമേ ഒരാൾക്ക് അഡ്വക്കേറ്റായി നിലനിൽക്കാൻ സാധിക്കുവെന്നുള്ളതാണ്. അതൊരു നല്ല കാര്യമായാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

മിനിസ്റ്റർമാരുടെ പി.എ. മാരായി പല ഘട്ടങ്ങളിൽ പൊതുപ്രവർത്തകന്മാർ വരും. എനിക്ക് അറിയാവുന്ന കുറേ പേർ ലോ കോളേജിൽ ഇവനിംഗ് ബാച്ചിൽ നിയമം പഠിച്ചവരുണ്ട്. ഈ അഞ്ച് കൊല്ലം കഴിയുമ്പോൾ അവർ ലോയേഴ്സായി, അഡ്വക്കേറ്റ്സ് ആയി മാറും. ഇന്നലെകളിൽ ഉണ്ടായിരുന്ന നിയമത്തിന്റെ പരിമിതി

എന്ന് പറയുന്നത്, അവർക്ക് അഭിഭാഷക ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉണ്ടായിരുന്നില്ല. കാരണം അവർക്ക് ഒരു സർവ്വീസ് പെൻഷൻ ഉണ്ട്. പക്ഷേ ഇവിടെ അവർക്ക് 5000/- രൂപവരെ അപ്പർ ലിമിറ്റ് എന്ന് കട്ട് ഓഫ് വച്ചപ്പോൾ ഇത്തരത്തിൽ കുറേ ആളുകൾക്ക് ഒരു ആനുകൂല്യമായി മാറും എന്ന പ്രതീക്ഷയാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇതിനെ ഞാൻ നല്ല കാര്യമായാണ് എടുക്കുന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനുണ്ട്.

പൊതുവിൽ അഭിഭാഷകർ നേരിടുന്ന പൊതുപ്രശ്നങ്ങൾ ഉണ്ട്. പൊതുപ്രശ്നങ്ങൾ എന്ന് പറയുമ്പോൾ, സിനിമയിൽ അഭിഭാഷകരെ പരിഹാസ്യമായാണ് ചിത്രീകരിക്കപ്പെടുന്നത്. അതിനൊരു ഉദാഹരണമാണ് 'യെസ് യുവർ ഓണർ' എന്ന സിനിമയിൽ ശ്രീനിവാസൻ ഒരു ജൂനിയർ ലോയർ ആയാണ് അഭിനയിക്കുന്നത്. ജൂനിയർ ലോയർ ഒരു സീനിയർ ലോയറിൽനിന്നും നേരിടുന്ന പീഡനങ്ങളാണ് കഥ. പലപ്പോഴും ഫീസ് ഉണ്ടാകില്ല. ഈ ഒരു പ്രൊഫഷന്റെ പ്രത്യേകത എന്ന് പറയുന്നത്, ഇമ്മീഡിയറ്റ് ആയി എൻറോൾ ചെയ്താൽ നാളെതന്നെ കാശ് കിട്ടില്ല. അഞ്ചോ പത്തോ കൊല്ലം ഹാർഡ് വർക്ക് ചെയ്താൽ മാത്രമേ കാശ് കിട്ടുകയുള്ളൂ. ഒരു കാശും കിട്ടാത്ത അഭിഭാഷകരും, എന്നാൽ ഒരു ദിവസം കൊണ്ട് കോടികൾ

സമ്പാദിക്കുന്നവരും ഈ ഫീൽഡിലുണ്ട്. എന്റെ നിർദ്ദേശം, ഈ ഫീൽഡിലേയ്ക്ക് കടന്നുവരുന്ന അഭിഭാഷകർക്ക് ആദ്യത്തെ ഏഴ് വർഷം സ്റ്റൈപ്പന്റ് കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിക്കണം എന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതുപോലെ തന്നെ ലീഗൽ അഡ്വൈസർമാരായി എല്ലാവർക്കും വേണ്ടത് ഹൈപ്രൊഫൈലുള്ള ആളുകളെയാണ്. അപ്പോൾ ഇത്തരത്തിൽ ഈ ഫീൽഡിലേയ്ക്ക് ആദ്യമായി കടന്നുവരുന്നവർ ഫീൽഡിൽ നിലനിൽക്കണമെങ്കിൽ സ്വാഭാവികമായും പഠിക്കേണ്ടതായിട്ട് വരും. അത്തരത്തിലൊരു ഘട്ടത്തിൽ ഇത്തരം ആളുകൾക്ക്... ചിലർ ബാങ്കുകളുടെയും മറ്റും ലീഗൽ അഡ്വൈസർമാരായി വരുമ്പോൾ അവർക്ക് ഒരു സപ്പോർട്ടാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത്. ആ രീതിയിലേയ്ക്കും കാര്യങ്ങളുണ്ടാകണം എന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. പോലീസ് സബ് ഇൻസ്പെക്ടർമാർ, പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർ എന്നീ പദവികളിലേയ്ക്ക് നിയമ ബിരുദധാരികൾക്ക് സംവരണം നൽകുന്ന കാര്യം ആലോചിക്കാൻ കഴിയുമെങ്കിൽ അത് നന്നായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കെൽസ മുഖാന്തിരം ലീഗൽ എയ്ഡ് നൽകുന്ന അഭിഭാഷകരുടെ ഓണറേറിയം

വർദ്ധിപ്പിക്കേണ്ടതുണ്ട്. എസ്.സി./എസ്.ടി മേഖലയിൽനിന്നും കടന്നുവരുന്ന ആളുകൾക്ക് ഇപ്പോൾ കൊടുക്കുന്ന ഫണ്ട് അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കേണ്ടതുണ്ട്. സർക്കാർ അഭിഭാഷകരുടെ വേതനം വർദ്ധിപ്പിക്കേണ്ടതുണ്ട്. വർദ്ധിപ്പിച്ചില്ലെങ്കിൽ ഈ മേഖലകളെല്ലാം കറപ്റ്റഡായിപ്പോകും. സർക്കാർ അഭിഭാഷകരെ സ്വാധീനിക്കാൻ ശ്രമിക്കുമ്പോൾ അവർ വേണ്ടരീതിയിൽ കേസ് വാദിക്കാതിരുന്നാൽ കേസ് തോറ്റുപോകും. അതുകൊണ്ട് സർക്കാർ അഭിഭാഷകരായി കടന്നുവരുന്നവർക്ക് ഇത്തരം ഫീൽഡുകൾ അട്രാക്റ്റീവായി തോന്നണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അഭിഭാഷകരും ഫിലിം സ്റ്റാറുകളും ഏകദേശം ഒരേ ഗണത്തിൽപ്പെടുന്നവരാണ്. അഭിഭാഷകരെ സംബന്ധിച്ച് പറഞ്ഞാൽ, അവർ ആദ്യം ഈ ഫീൽഡിലേയ്ക്ക് വരുമ്പോൾ കേസും ഫീസും ഉണ്ടാകില്ല, രണ്ടാം ഘട്ടത്തിൽ കേസുണ്ടാകും എന്നാൽ ഫീസുണ്ടാകില്ല, മൂന്നാമത്തെ ഘട്ടത്തിൽ കേസും ഫീസും ഉണ്ടാകും, നാലാമത്തെ ഘട്ടത്തിൽ ഫീസുണ്ടാവും എന്നാൽ കേസ് ഉണ്ടാകില്ല. എന്നാൽ ചിലർക്ക് കുറച്ച് കേസുണ്ടാകും, പ്രായമായി കഴിഞ്ഞാൽ മറ്റ് വരുമാന മാർഗ്ഗങ്ങളുണ്ടാകില്ല. കേരളത്തിൽ 60 വയസ്സ് കഴിഞ്ഞവർക്ക് 1000 രൂപ പെൻഷൻ ലഭിക്കുന്നുണ്ട്. അഭിഭാഷകർക്ക് അങ്ങനെയുള്ള പെൻഷൻ കൊടുക്കാനും കഴിയില്ല,

അവർക്ക് മറ്റ് വരുമാനവുമില്ല. ബഹുമാനപ്പെട്ട മന്ത്രി 5 ലക്ഷം എന്നത് 10 ലക്ഷമാക്കിയത് വളരെ നല്ല കാര്യമാണ്. ആ ഭേദഗതി ഞാൻ സ്വാഗതം ചെയ്യുകയാണ്. പ്രായമാകുമ്പോൾ ആ തുക വാങ്ങിക്കഴിഞ്ഞാൽപ്പിന്നെ അവർക്ക് മറ്റൊന്നും ലഭിക്കുന്നില്ല. അതുകൊണ്ട് മറ്റുള്ളവർക്ക് പെൻഷൻ കൊടുക്കുന്നതുപോലെ അഭിഭാഷകർ ആ തുക ഒരുമിച്ച് വാങ്ങുന്നതിനുപകരമായി അത് വാങ്ങാതെ ഡെപ്പോസിറ്റ് ചെയ്ത് പെൻഷൻ കൊടുക്കാനും അല്ലെങ്കിൽ ലംപ്സം എമൗണ്ട് ആവശ്യമുള്ളവർക്ക് അങ്ങനെയും ഓപ്ഷൻ കൊടുക്കാം എന്നതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, വളരെയധികം ഹോം വർക്ക് ചെയ്താണ് ഇത് അവതരിപ്പിക്കുന്നത്. അഭിഭാഷകരും മാധ്യമങ്ങളും തമ്മിലുള്ള ചരിത്രപരമായ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. താങ്കൾ അതിനെ വിശേഷിപ്പിച്ചത് " give and take" എന്നാണ്. ഇപ്പോൾ കോടതികളിൽ നടന്നുകൊണ്ടിരിക്കുന്നതും " give and take" ആണ്. പക്ഷേ അത് വേറൊരു രീതിയിലാണെന്നുമാത്രം. അത് മാറണമെന്നാണോ താങ്കൾ ഉദ്ദേശിച്ചത്?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഒരു അഡ്വക്കേറ്റായി ഒരാൾ എൻറോൾ ചെയ്യുമ്പോൾ അയാൾക്ക് മറ്റ് ജോലികൾ ചെയ്യാൻ സാധിക്കുന്നില്ല. പക്ഷേ ചില

അപവാദങ്ങൾ ഇതിനുണ്ട്. ചിലർ അഡ്വക്കേറ്റ് പ്രൊഫഷൻ ചെയ്യുന്നതോടൊപ്പം വേറെ ചില ജോലികളും ചെയ്യുന്നുണ്ട്. എന്നോട് തെളിവ് ആവശ്യപ്പെട്ടാൽ എനിക്ക് ഹാജരാക്കാൻ പേരുകളില്ല, പക്ഷേ അഭിഭാഷകവൃത്തിയോടൊപ്പം മറ്റ് ജോലികൾ ചെയ്യുന്നവരുമുണ്ട് എന്നതാണ് വസ്തുത. ഞാൻ മീഡിയകൾക്ക് എതിരല്ല. മീഡിയകളെ തല്ലുന്ന പ്രവർത്തനത്തെ ശക്തമായി അപലപിക്കുകയാണ് കാരണം മീഡിയക്കാരും അഡ്വക്കേറ്റുമാരും പരസ്പരം ഐക്യത്തോടെ പോകേണ്ട വിഭാഗമാണ്. ഇപ്പോഴുണ്ടാണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി സർക്കാർ നല്ല രീതിയിൽ ഇടപെട്ടു. കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്, കമ്മീഷൻ റിപ്പോർട്ട് പുറത്തുവരണം. റിപ്പോർട്ട് പുറത്തുവിടാൻ മാധ്യമങ്ങൾ തയ്യാറാകണം. മീഡിയയും അഡ്വക്കേറ്റുമാരും പരസ്പരം യോജിച്ചുപോകേണ്ടവരാണ്. എവിടെയാണ് അതിൽ കൈമോശം സംഭവിച്ചതെന്നറിയില്ല. അത് കണ്ടെത്തേണ്ട കാര്യമാണ്. ഒരുപക്ഷേ ഈഗോ ആയിരിക്കാം കാരണം. രണ്ടുപേർക്കും ഈഗോ ഉണ്ടാകും. ഈഗോ ഒഴിവാക്കിക്കൊണ്ട് പൊതുവിൽ നാടിന്റെ പുരോഗതിക്കുവേണ്ടി എല്ലാവരും യോജിച്ചുനിൽക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞ കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്, റിട്ടയർമെന്റില്ലാത്ത രണ്ടുവിഭാഗങ്ങൾ രാഷ്ട്രീയക്കാരും അഭിഭാഷകരുമാണ്. 90

വയസ്സിലും വാദിക്കുന്ന പ്രഗത്ഭരായ അഭിഭാഷകരുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കുറെക്കാലം പ്രാക്ടീസ് ചെയ്ത അനുഭവസമ്പത്തുള്ള ആളാണ്. ഇങ്ങനെ ആലോചിക്കുന്നതിലും തെറ്റില്ല. ചില ആളുകൾക്ക് ഒരു ഘട്ടം കഴിഞ്ഞാൽ പ്രാക്ടീസ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. കുടുംബപരമായ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടാകാം. ലംപ്സമിനുപകരം രണ്ടായിരമോ മൂവായിരമോ അയ്യായിരമോ രൂപ കൊടുക്കുന്നതിൽ ഒരു തെറ്റുമില്ല എന്ന അഭിപ്രായം തന്നെയാണ് എനിക്കുമുള്ളത്. പൊതുവിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ ഏറ്റവും മികച്ച ബില്ലാണ്. പൊതുസമൂഹത്തിൽ എത്രയോകാലമായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. 45000 ത്തോളം അഭിഭാഷകരുള്ളതിൽ ഏകദേശം 22000 ത്തോളം ആളുകൾ മാത്രമേ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മന്ത്രി  സൂചിപ്പിച്ചത്. ഒരു അദാലത്ത് നടത്തി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യാത്തവരിൽനിന്ന് ഫൈൻ ഈടാക്കി അവർക്കുകൂടി രജിസ്റ്റർ ചെയ്യാനുള്ള അവസരം നൽകണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ കൊണ്ടുവന്നിട്ടുള്ള ബിൽ അഭിഭാഷകർ എത്രയോ കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രസക്തമാണ്. ഇതിൽ യു.ഡി.എഫും എൽ.ഡി.എഫും തർക്കിക്കേണ്ട ഒരു വിഷയവുമില്ല. അത്

നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞിരുന്നു. ക്ഷേമനിധി തുക 5 ലക്ഷം എന്നത് 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. അതുപോലെ കോർട്ട് ഫീസും വ്യവഹാരസലയുമായും ബന്ധപ്പെട്ട കാര്യങ്ങളൊക്കെ അദ്ദേഹം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. എനിക്കുശേഷം ചർച്ചചെയ്യുന്ന അംഗങ്ങൾ അത് സൂചിപ്പിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്രയുമാണ് ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാനുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ അതിന്റെ പർപ്പസ് തന്നെ സെർവ് ചെയ്യുന്നില്ല. ഇതിന്റെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ സെർവ് ചെയ്യുന്നില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇത് അഭിഭാഷകർക്ക് സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണ്. പക്ഷേ ഈ ഭേദഗതി ബിൽ വായിച്ചുനോക്കിയാൽ അഭിഭാഷകരുടെമേൽ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന ഒരു ബില്ലായിത്തന്നെ ഇതിനെ കാണാൻ കഴിയും. എന്നാൽ

അവർക്ക് കിട്ടുന്ന വർദ്ധനവ് നാമമാത്രമായി ചുരുങ്ങുകയാണെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ക്ഷേമനിധി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ ബില്ലിൽ ഈടാക്കുന്ന ചാർജ്ജ്, ഒരു വക്കാലത്തിൽ ഒട്ടിക്കുന്ന വെൽഫെയർ സ്റ്റാമ്പ് സാധാരണ കീഴ്കോടതികളിൽ 10 രൂപയായിരുന്നത് ഇപ്പോൾ 25 രൂപയാവുകയാണ്. ഹൈക്കോടതിയിൽ 15 രൂപയായിരുന്നത് 50 രൂപയാകുന്നു. 300 ശതമാനത്തിലധികം വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഒരു വക്കാലത്തിൽത്തന്നെ പല വക്കീലൻമാരും ഒപ്പിടാറുണ്ട്. ഓരോ വക്കീലും പ്രത്യേകം പ്രത്യേകം സ്റ്റാമ്പ് ഒട്ടിക്കണം. അങ്ങനെ വരുമ്പോൾ ഒരു വക്കാലത്തിൽ 100-150 രൂപ വരെയാകുന്ന സാഹചര്യമുണ്ടാകും. 300 ശതമാനത്തിലധികം വർദ്ധനവാണ് ഇതിൽ വരുത്തിയിരിക്കുന്നത്. അതുപോലെ സീനിയർ അഭിഭാഷകർക്ക് വാർഷിക വരിസംഖ്യയിൽ 100 ശതമാനംവരെ വർദ്ധനവ് വരുത്തിയിരിക്കുകയാണ്. പാരന്റ് ആക്ടിൽ 3000 രൂപയാണെങ്കിൽ 6000 രൂപവരെയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ എല്ലാ തരത്തിലുമുള്ള ചാർജ്ജ് വർദ്ധനവാണ് വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ വക്കാലത്ത് ഫയൽ ചെയ്യാൻ കൂടുതൽ പൈസയാകുമ്പോൾ വക്കീലൻമാർ അവരുടെ പോക്കറ്റിൽനിന്നല്ല കൊടുക്കുന്നത്, കക്ഷികളിൽനിന്നാണ് അവർ ഈടാക്കുന്നത്. ഇതിന്റെ ബാധ്യത കക്ഷികൾക്കുകൂടി വരുന്ന

സാഹചര്യമാണുള്ളത്. അതുകൊണ്ട് നാമമാത്രമായ വർദ്ധനവ് നമുക്ക് അംഗീകരിക്കാം. 100 ശതമാനംവരെ വർദ്ധിപ്പിക്കാം, പക്ഷേ അതിനപ്പുറത്തേയ്ക്കുള്ള വർദ്ധനവ് വരുത്തരുതെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്. 5 ലക്ഷം രൂപ 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതിനെക്കുറിച്ച് പറയുന്നത് കേൾക്കാൻ നല്ല സുഖമുണ്ട്. പക്ഷേ, 15 വർഷം പ്രാക്ടീസുള്ള ഒരു അഭിഭാഷകന് ആകെ 3,75,000 രൂപയാണ് കിട്ടുന്നത്. പാരന്റ് ആക്ടിൽ 5 ലക്ഷം രൂപയെന്ന തുകപോലും ആകുന്നില്ല. മിനിമം 10 ലക്ഷം രൂപ കൊടുക്കണമെന്ന ഭേദഗതി കൊണ്ടുവരണം. ഇവിടെ പറഞ്ഞതുപോലെ അവർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ഒന്നുമില്ല. പ്രാക്ടീസ് ചെയ്യാൻ കഴിയാതെ വീട്ടിലിരിക്കുന്ന ആളുകൾക്കും ജീവിക്കണ്ടേ? അഭിഭാഷകവൃത്തിയെന്നുപറയുന്നത് നോബിൾ പ്രൊഫഷനാണ്. അതനുസരിച്ച് അന്തസ്സായി ജീവിക്കാനുള്ള സാമ്പത്തിക സഹായമുണ്ടാകണം. അതുണ്ടാകുന്നില്ലെന്നുള്ളതാണ് വസ്തുത. മിനിമം 10 ലക്ഷം രൂപ ലംപ്സം എമൗണ്ട് കൊടുക്കാനുള്ള തീരുമാനമുണ്ടാകണം. അതോടൊപ്പം 15 വർഷത്തിന് മുകളിലുള്ളവർക്ക് ഒരു വർഷം 25,000 രൂപയുടെ വർദ്ധനവ് വരുത്തി പരമാവധി 15 ലക്ഷം രൂപയാക്കി നിർത്തണം. ഒരഭിഭാഷകൻ 15 വർഷം പ്രാക്ടീസ് ചെയ്യുമ്പോൾ 10 ലക്ഷം രൂപ ലഭിച്ചാൽ അവന്റെ ജീവിതത്തിൽ ചെറിയ സുരക്ഷിതത്വമെങ്കിലും

നമുക്കുണ്ടാക്കാൻ കഴിയും. വലിയ തോതിലുള്ള ഫീസുകൾ ഈടാക്കിയതിനുശേഷം കൊടുക്കുന്നതിൽ കാര്യമായ വർദ്ധനവുണ്ടാകുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രതിഷേധാത്മകമായ വസ്തുത. ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും 5,000 രൂപയായിരുന്നത് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. അത് ശരിയല്ല; 5,000 രൂപയായിരുന്നത് 25,000 രൂപയാക്കി വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്കാണ് 1 ലക്ഷം രൂപയാക്കിയിട്ടുള്ളത്. കിഡ്നി-ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് കാരുണ്യ ചികിത്സാനിധിയിൽ നിന്നുപോലും 2 ലക്ഷം രൂപ കൊടുക്കും. മാരകമായ രോഗങ്ങൾക്ക് കാരുണ്യനിധിയിൽനിന്നും 2 ലക്ഷം രൂപ കൊടുക്കുമ്പോൾ അഭിഭാഷകരിൽനിന്നും പിരിച്ചെടുക്കുന്ന ക്ഷേമനിധിയിൽനിന്നും കൊടുക്കുന്ന ചികിത്സാസഹായം കേവലം 1 ലക്ഷം രൂപയായി പരിമിതപ്പെടുത്തുന്ന് ദൗർഭാഗ്യകരമാണ്; കുറഞ്ഞത് 3 ലക്ഷം രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുപോലെ നിയമത്തിൽ പറഞ്ഞിരിക്കുന്നത്, ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ സംസ്ഥാനത്തിലെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഏതൊരഭിഭാഷകനും ഫണ്ടിലെ അംഗമായി പ്രവേശനം ലഭിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള

ഫോറത്തിൽ ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ നൽകാവുന്നതാണെന്നാണ്. ഇതിന്റെ പേരന്റ് ആക്ടിൽ പറഞ്ഞിരിക്കുന്നത്, സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നതും ബാർ കൗൺസിൽ അംഗീകരിച്ച ബാർ അസോസിയേഷനിലെ അംഗവുമായ ഏത് അംഗത്തിനുമെന്നാണ്. ഈ ഭേദഗതിയിലൂടെ കേരളത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്ന ബാർ അസോസിയേഷനുകളെ ദുർബലപ്പെടുത്താനാണ് ശ്രമിക്കുന്നത്. ബാറും ബഞ്ചും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതും അവർ ഒരു പാലമായി നിലകൊള്ളുന്നതും ബാർ അസോസിയേഷനുകളിലൂടെയാണ്. ബാർ അസോസിയേഷനിലെ അംഗങ്ങൾക്കുവേണ്ടി നിരവധി സേവന കാര്യങ്ങൾ അനുഷ്ഠിച്ചുവരികയാണ് കേരളത്തിലെ ബാർ അസോസിയേഷനുകൾ. അഭിഭാഷകർക്ക് വേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സുകളായിരുന്നാലും അപകടം പറ്റിയാൽ ചികിത്സാ സഹായം നൽകുന്നതായാലും മരണാനന്തരസഹായം നൽകുന്ന കാര്യമായാലും പുതിയ നിയമങ്ങൾ വരുമ്പോൾ അതുസംബന്ധിച്ചുള്ള ഓറിയന്റേഷൻ നൽകുന്നതായാലും ബാർ അസോസിസിയേഷനിൽ റഫറൻസ്, ഇന്റർനെറ്റ് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതായാലും ഒരു അഭിഭാഷകന് വ്യക്തിപരമായ വിഷയമുണ്ടായാൽ അതിൽ ഇടപെടുന്നതിനുമെല്ലാം ബാർ

അസോസിസിയേഷനുകൾ നടത്തുന്ന ഇടപെടലുകൾ സ്തുത്യർഹമാണ്. അതൊരിക്കലും വിസ്മരിക്കാൻ കഴിയില്ല. പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകനെ സംബന്ധിച്ചിടത്തോളം ബാർ അസോസിയേഷന്റെ സേവനങ്ങൾ അനിവാര്യമാണ്. ഈ സേവനങ്ങളെല്ലാം ബാർ അസോസിയേഷൻ അഡ്വക്കേറ്റുമാർക്ക് കൊടുക്കണമെങ്കിൽ അതിനെ ശക്തിപ്പെടുത്തി നിലനിർത്തേണ്ടതുണ്ട്. ഇവിടെ ബാർ അസോസിയേഷനിൽ അംഗമായില്ലെങ്കിലും ക്ഷേമനിധിയിൽ അംഗമാകാമെന്ന ഭേദഗതിയാണുള്ളത്, അത് തീർച്ചയായും ഒഴിവാക്കണം. പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകൻ ലീഗൽ അഡ്വൈസറായി പോകുമ്പോഴോ ഏതെങ്കിലും രംഗങ്ങളിൽ ഉദ്യോഗത്തിന് പോകുമ്പോഴോ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റും കോൺടക്ട് സർട്ടിഫിക്കറ്റും കൊടുക്കേണ്ടത് ബാർ അസോസിയേഷനാണ്. ആ ബാർ അസോസിയേഷനെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള നടപടിയാണ് വന്നിട്ടുള്ളത്. അതുകൊണ്ട് ബാർ അസോസിയേഷനിൽ അംഗമായി തുടരണമെന്നുകൂടി ഉൾപ്പെടുത്തണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ, എം.എൽ.എ.)

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബാർ-ബഞ്ച് ബന്ധത്തെക്കുറിച്ചാണ് താങ്കൾ പറഞ്ഞുവരുന്നത്. ബഞ്ചില്ലെങ്കിൽ ബാറില്ല. ബാറില്ലെങ്കിൽ ബഞ്ചില്ല.

ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? രണ്ടും മൂന്നും സെക്ഷനുകളായി വേർതിരിഞ്ഞ് ചില കോടതികളുടെയെങ്കിലും പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ബാറും ബഞ്ചും തമ്മിലുള്ള അകൽച്ചയും പൊരുത്തക്കേടും സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള പ്രശ്നങ്ങളുംകൂടി പരിഹരിക്കാനുള്ള താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. എം. വിൻസെന്റ്: കോടതി നടപടികൾ നടന്നുകൊണ്ടിരിക്കെ ജുഡീഷ്യൽ ഓഫീസർമാരും കേസ്സുമായി ബന്ധപ്പെട്ട അഭിഭാഷകരും തമ്മിൽ പലപ്പോഴും പല അസ്വാരസ്യങ്ങളും ഉണ്ടാകാറുണ്ട്. അത് പല സന്ദർഭങ്ങളിലും ശീതസമരമായി കോടതികളിൽ തുടരാറുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ബാർ അസോസിയേഷന്റെ ഉത്തരവാദിത്വപ്പെട്ട ആളുകളാണ് ജുഡീഷ്യൽ ഓഫീസർമാരുമായും അഭിഭാഷകരുമായും സംസാരിച്ച് ഒത്തുതീർപ്പാക്കുന്നത്. അങ്ങനെയുള്ള സർവ്വീസുകൾ നടത്തുന്നതാണ് നമ്മുടെ നാട്ടിലെ ബാർ അസോസിയേഷനുകൾ. ആ ബാർ അസോസിയേഷനുകളെ ദുർബലപ്പെടുത്തുകയല്ല, ശക്തിപ്പെടുത്താനുള്ള നടപടികളാണ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടത്. ബാർ അസോസിയേഷനിൽ തിരിഞ്ഞുനോക്കിയില്ലെങ്കിലും ക്ഷേമനിധിയിൽ അംഗമാകാമെന്ന സാഹചര്യം ദൗർഭാഗ്യകരമാണ്. ഫണ്ടിൽ ആർക്കെല്ലാം

അംഗത്വം കൊടുക്കാതിരിക്കാമെന്നത് സംബന്ധിച്ചും വിഷയമുണ്ട്. ബാർ കൗൺസിൽ പ്രസിദ്ധീകരിക്കുകയും വച്ചുപോരുകയും ചെയ്യുന്ന, പ്രക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ നിന്നും നീക്കംചെയ്യപ്പെട്ട ഫണ്ടിലെ ഒരംഗത്തിന് ഫണ്ടിലെ അംഗമായി തുടരാൻ അർഹതയില്ലാത്തതും ബാർ കൗൺസിൽ സൂക്ഷിക്കുന്ന പ്രാക്ടീസ് ചെയ്യാത്ത അഭിഭാഷകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള അപ്രകാരമുള്ള അഭിഭാഷകനെ അപ്രകാരമുള്ള കാലയളവിൽ ഫണ്ടിൽ നിന്ന് സസ്പെന്റ് ചെയ്തതായി കരുതപ്പെടേണ്ടതുമാണെന്ന് പറഞ്ഞിട്ടുള്ളത് ശരിയാണ്. ഇതിൽ മറ്റൊരു കാര്യംകൂടി ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ശ്രീ. എ. എൻ. ഷംസീറും പൊതുസമൂഹവും പറഞ്ഞതുപോലെ, ഇന്ന് മാധ്യമങ്ങൾക്ക് കോടതികളിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമാണ്. മാധ്യമപ്രവർത്തകർ അഭിഭാഷകരാൽ കോടതികളിൽ ആക്രമിക്കപ്പെടുന്നു. അഭിഭാഷകർക്ക് സമൂഹത്തിലുള്ള അന്തസ്സ് കുറച്ചുകാണിക്കുന്ന നടപടിയാണിത്. അഭിഭാഷകർ ക്രിമിനലുകളാണോയെന്ന് സമൂഹം ചിന്തിക്കുന്ന തരത്തിലേയ്ക്കുള്ള പ്രവൃത്തികൾ കോടതി നടപടിക്രമങ്ങളുടെ ഭാഗമായും കോടതി പരിസരത്തും നടക്കുന്നുണ്ട്. ഇത് അഭിഭാഷക സമൂഹത്തിനാകെ അപമാനമാണ്. കോടതിയെന്നുപറഞ്ഞാൽ, it is open to the public എന്നാണ്. എല്ലാ പബ്ലിക്കിനും

കോടതിയിൽ വരാൻ കഴിയില്ല. അപ്പോൾ കോടതി നടപടികൾ പബ്ലിക്കിനെ അറിയിക്കേണ്ടത് ഈ നാട്ടിലെ മാധ്യമങ്ങളാണ്. ആ മാധ്യമങ്ങൾക്ക് കോടതികളിൽ പ്രവേശനം നിഷേധിക്കപ്പെടുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ബാർ അസോസിയേഷനിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് മാത്രമെ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയൂവെന്നാണ്. ഇപ്പോൾ ബാർ അസോസിയേഷനിൽനിന്നും ഡോ. സെബാസ്റ്റ്യൻ പോളിനെ പുറത്താക്കിയിരിക്കുകയാണ്. ആ വൈരുദ്ധ്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: അദ്ദേഹത്തെ ബാർ കൗൺസിൽനിന്നും പുറത്താക്കിയെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ബാർ കൗൺസിലിൽ നിന്നും ഒരാളെ പുറത്താക്കിയാലും ഇപ്പോഴത്തെ നിമയമനുസരിച്ച് പറ്റില്ല. ബാർ അസോസിയേഷനിൽ അംഗത്വമില്ലാത്തവരെപ്പറ്റിയാണ് ഞാൻ പറഞ്ഞുവന്നത്.

ശ്രീ. വി. റ്റി. ബൽറാം: സർ, താങ്കൾ പ്രകടിപ്പിച്ച ഈ ആശങ്ക വളരെ പ്രസക്തമാണ്. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ചീഫ് ജസ്റ്റിസുമായി ഇക്കാര്യത്തിൽ നേരിട്ട് ചർച്ച നടത്തി, അതിനുശേഷമെങ്കിലും അക്കാര്യത്തിലൊരു പരിഹാരമുണ്ടാകും, സമാധാനാന്തരീക്ഷം നിലനിൽക്കുമെന്ന് നമ്മൾ പ്രതീക്ഷിച്ചുവെങ്കിലും മറിച്ചൊരനുഭവമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

താങ്കളിവിടെ പറഞ്ഞതുപോലെ അഭിഭാഷകരുടെ ഇടയിൽനിന്ന് ഈ കാര്യങ്ങൾ ചെയ്യുന്നത് ചുരുക്കംചില ആളുകളായിരിക്കും. പക്ഷെ, ആ ഒരു ഫ്രെട്ടേണിറ്റിയുടെ അകത്തുനിന്നുതന്നെ അതിനെതിരെ തങ്ങളുടെ കൂട്ടത്തിലുള്ള ഇത്തരത്തിലുള്ള തെറ്റുകാർക്കെതിരെ വേണ്ടത്ര ഒരു ശബ്ദമുയരുന്നില്ല എന്നുള്ളതുകൂടി ഇതിന് പ്രോത്സാഹനമായി മാറുന്നുണ്ട് എന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെയുള്ള ക്രിമിനൽസിനെ ക്രിമിനൽ നടപടിക്രമങ്ങൾ അനുസരിച്ച് കുറ്റക്കാരായിത്തന്നെ കണ്ടുകൊണ്ട് ആ നിലയ്ക്കുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഇനിയും അമാന്തിക്കരുത് എന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തീർച്ചയായും ഞാനതാണ് പറഞ്ഞുവരുന്നത്. എല്ലാ അഭിഭാഷകരും ഇവരെ പിന്തുണയ്ക്കുന്നുവെന്ന് കരുതേണ്ടതില്ല. പക്ഷെ അവരുടെ ശബ്ദം പുറത്തുവരുന്നില്ല എന്നുമാത്രമെയുള്ളൂ. അഭിഭാഷകർ എല്ലാപേരും ഇത്തരത്തിലുള്ള ക്രിമിനൽ വാസനകളെ പ്രോത്സാഹിപ്പിക്കുന്നവരല്ല. ഞാൻ പറഞ്ഞുവരുന്നത് ഈ മാധ്യമങ്ങളെ ആക്രമിക്കുന്നുവെന്ന് മാത്രമല്ല, ചിലപ്പോൾ വരുന്ന കക്ഷികൾവരെ ആക്രമിക്കപ്പെടാറുണ്ട്. ഇവിടെ കാണേണ്ട മറ്റൊരു വസ്തുത ഏതെങ്കിലും ഒരു അഭിഭാഷകന് നേരെ....

പ്രൊഫ. കെ. യു. അരുണൻ: സർ, ഡൽഹിയിൽ കനയ്യ സംഭവമുണ്ടായപ്പോൾ

കനയ്യയെ കോടതിയിലേയ്ക്ക് കൊണ്ടുവരുമ്പോൾ വക്കീലന്മാരും വക്കീലന്മാരുടെ വേഷം കെട്ടിയവരും അദ്ദേഹത്തെ തല്ലിയ ഒരു സംഭവമുണ്ടായി. വക്കീലന്മാർക്ക് ഇപ്പോൾ കൊടുക്കുന്ന പരിശീലനം മതിയാകില്ല, നല്ല പരിശീലനം കൊടുക്കണമെന്ന് ഡൽഹി ഹൈക്കോടതി അന്ന് ഉത്തരവിട്ടു. വക്കീലന്മാർ യഥാർത്ഥത്തിൽ സത്യം കണ്ടെത്തുന്നതിനായി ജഡ്ജിയെ സഹായിക്കുന്നതിനുവേണ്ടിയുള്ള കോടതിയുടെ ആളുകളാണ്. അവർ ആ ദൗത്യം ഭംഗിയായി നിർവ്വഹിക്കുന്നുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ പറഞ്ഞുവന്നത്, ഇതുമാത്രമല്ല ഇപ്പോൾ മാധ്യമപ്രവർത്തകർക്കുനേരെ കയ്യേറ്റമുണ്ടാകുന്നു, കക്ഷികൾക്കുനേരെ കയ്യേറ്റമുണ്ടാകുന്നു, പക്ഷെ ഏതെങ്കിലും ഒരു അഭിഭാഷകനുനേരെ ഒരു കയ്യേറ്റമുണ്ടായാൽ എന്താണ് ഇവിടെ സംഭവിക്കുന്നത്? ആ പ്രതിക്കുവേണ്ടി ഒരു അഭിഭാഷകനെയും കോടതിയിൽ കയറാൻ ഇവർ സമ്മതിക്കുകയില്ല. അറസ്റ്റിലായ പ്രതി എത്രകാലം ജയിലിൽ കിടന്നാലും, അവനൊരു നീതി ലഭിക്കേണ്ടതല്ലേ, ആ പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരാകാൻ ഒരു വക്കീലിനെയും ഇവർ അനുവദിക്കാറില്ല. ഇവിടെ ഇന്ദിരാ ഗാന്ധിയെയും രാജീവ് ഗാന്ധിയെയും വധിച്ച പ്രതികൾക്കുവേണ്ടി അഭിഭാഷകർ ഹാജരായി. പക്ഷെ ഒരു അഭിഭാഷകന് നേരെ ഒരു കയ്യേറ്റമുണ്ടായാൽ ആ പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരാകാൻ ഒരു

വക്കീലന്മാരെയും ഇവർ അനുവദിക്കാത്ത ഒരു സാഹചര്യമുണ്ട്. അങ്ങനെ കോടതികൾക്കകത്ത് അഭിഭാഷകരുമായും ബന്ധപ്പെട്ട് നിരവധിയായിട്ടുള്ള ക്രിമിനൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്, അത് അഭിഭാഷക സമൂഹത്തിനാകെ അപമാനകരമാണ്. മാധ്യമ പ്രവർത്തകരെ ആക്രമിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന ആളുകളെ അഭിഭാഷക ക്ഷേമനിധി ബോർഡിലെ അംഗത്വത്തിൽനിന്ന് ഒഴിവാക്കാനുള്ള നടപടികൂടി ഈ ഭേദഗതിയുടെ ഭാഗമായി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. എന്നാൽ ഒരു പരിധിവരെയെങ്കിലും മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവർക്ക് നേരെയുള്ള ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ ചെറുക്കാനും ഒഴിവാക്കാനും സാധിക്കും എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അഭിഭാഷകർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള അയോഗ്യതയായി അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പംതന്നെ, പ്രധാന ആക്ടിലെ സെക്ഷൻ 16(1)-ന്റെ പ്രൊവൈസോയിൽ പറയുന്നത്, Provided further that a member who opts cessation due to permanent disablement before attaining the age of fifty five years shall be entitled to receive from and out of the Fund an amount of rupees one lakh in

aggregate or at the rate specified in sub-section (I) whichever is higher എന്നാണ്. ഇത് പെർമെനന്റ് ഡിസേബിൾമെന്റ് ഉണ്ടായി പ്രാക്ടീസ് ചെയ്യാതെ വീട്ടിലിരിക്കുന്ന ഒരു അഭിഭാഷകന്റെ മുന്നിൽ ജീവിതം അടഞ്ഞുപോകുകയാണ്. അങ്ങനെയുള്ള അഭിഭാഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു ലക്ഷം രൂപ എന്നുള്ളത് 5 ലക്ഷം രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം എന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ 16(2)-ൽ പറയുന്നത് ഒരു അഭിഭാഷകൻ മരണപ്പെട്ടുപോയാൽ അയാളുടെ നോമിനിക്കോ അയാളുടെ അവകാശിക്കോ 3 ലക്ഷം രൂപ നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്, ഇത് 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സെക്ഷൻ 16(5) എ-യിൽ ഒരു അഭിഭാഷകൻ എൻറോൾചെയ്ത് ഒരു വർഷത്തെ പ്രാക്ടീസ് പൂർത്തിയാക്കിയാൽ, ക്ഷേമനിധിയിൽ അംഗത്വമെടുത്തില്ല എങ്കിലും അയാൾ മരണപ്പെട്ടുപോയാൽ ഇന്ന് അവരുടെ അവകാശിക്ക് ലഭിക്കുന്നത് വെറും 3125/- രൂപയാണ്. ഇത് തുടക്കത്തിൽ വെറും 1000/- രൂപയായിരുന്നു. 1993-നുശേഷം അത് 3125/- രൂപയാണ്. ഇത് പരിഹാസ്യമല്ലേ; ഇതൊരു അപമാനിക്കലല്ലേ? അംഗത്വമെടുക്കാത്ത ആളുകൾക്ക് ഇങ്ങനെ സംഭവിച്ചാൽ മിനിമം 2 ലക്ഷം രൂപയെങ്കിലും കൊടുക്കാൻ തയ്യാറാകണം. ക്ഷേമനിധിയിൽ

എംപ്ലോയർ കോൺട്രിബ്യൂഷൻ ഉൾപ്പെടുത്താൻ കഴിയില്ലെന്നത് സമ്മതിക്കുന്നു. അഭിഭാഷക അക്കാദമിക്ക് ഈ ഫണ്ടിൽനിന്നാണ് പണം കൊടുക്കേണ്ടത് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സർക്കാർ ഫണ്ട് അഭിഭാഷക അക്കാദമിക്ക് കൊടുക്കണം. ക്ഷേമനിധിയിലെ ഫണ്ട് മുഴുവനും ക്ഷേമനിധിയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കണം. സർക്കാർ ഈ മേഖലയിൽ യാതൊരു തരത്തിലുമുള്ള സാമ്പത്തിക ഇടപെടലുകളും നടത്തുന്നില്ല എന്നുള്ളത് ശരിയാണോ; അതുകൊണ്ട് സർക്കാർതലത്തിലും ഒരു ഇൻവെസ്റ്റ്മെന്റ് ഇക്കാര്യത്തിൽ നടത്തണം. അഭിഭാഷക അക്കാദമിക്ക് വേണ്ടിയുള്ള ധനസഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് കൊടുക്കണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഈ ബിൽ ഈ ഭേദഗതികളോടെ ഒരിക്കൽക്കൂടി അവതരിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: കേരള ഹൈക്കോടതി- എറണാകുളം, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, വഞ്ചിയൂർ എന്നിവിടങ്ങളിൽ മാധ്യമപ്രവർത്തകരും വക്കീലന്മാരും തമ്മിലുള്ള ഈ പ്രശ്നത്തിന് കേരളത്തിനുതന്നെ ഇത്തരം പ്രവർത്തികൾ അപമാനകരമാണ് എന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു

പ്രസ്താവന നടത്താൻ ഈ അവസരത്തിൽ തയ്യാറാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ നമുക്ക് കൂടുതലായി സംസാരിക്കാം. അഭിഭാഷകരുടെ ക്ഷേമനിധിയിലേയ്ക്ക് നല്ലൊരു തുക വരും. ആ തുക അവരുടെ താൽപ്പര്യത്തിനുവേണ്ടിതന്നെയാണ് നമ്മൾ വിനിയോഗിക്കുന്നത്. അല്ലാതെ വേറെ ഒരു താൽപ്പര്യത്തിനുവേണ്ടി ഈ ഫണ്ട് ഉപയോഗിക്കില്ല. നേരത്തെ 30 ശതമാനമായിരുന്ന അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ. അരശതമാനത്തിന്റെ വർദ്ധനവ് വരുമ്പോൾ അതിപ്പോൾ 70 ശതമാനമായി വർദ്ധിക്കുകയാണ്. നിലവിൽ 4 കോടി 80 ലക്ഷം രൂപ ഉണ്ടാകുന്നത് ഏതാണ്ട് 9 കോടി രൂപയായി വർദ്ധിക്കും. അപ്പോൾ ധനസഹായം 5 ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം രൂപയാകുമ്പോഴും ചികിത്സാ സഹായം 1 ലക്ഷം രൂപയാകുമ്പോഴും ഒരു ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഈ ക്ഷേമനിധി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ മുമ്പോട്ടുപോകാൻ സാധിക്കും. ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചൊക്കെ പൊതുസമൂഹം ഗൗരവത്തിൽ ചർച്ച ചെയ്യുന്നതാണ്. ഈ കഴിഞ്ഞ ഒന്നാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതി

ചീഫ് ജസ്റ്റിസ്...

മി. ചെയർമാൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടപ്രകാരം 12.30-ന് സഭ ധനവിനിയോഗ ബിൽ പരിഗണിക്കേണ്ടതുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു മിനിട്ട് കൂടി മതി.

മി. ചെയർമാൻ: പ്രായോഗികതയുടെ അടിസ്ഥാനത്തിൽ നിലവിൽ സഭ പരിഗണിച്ചുകൊണ്ടിരിക്കുന്ന ബില്ലിന്റെ പരിഗണന പൂർത്തീകരിച്ചതിനുശേഷം ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കുന്നതാണെന്ന് സഭ തീരുമാനിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, ഒന്നാം തീയതി ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ, സുപ്രീംകോടതിയിലെ മൂന്ന് ജഡ്ജിമാർ (അതിൽ രണ്ട് ജഡ്ജിമാർ കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്മാരായിരുന്നു) എന്നിവർ പങ്കെടുത്ത രണ്ട് ചടങ്ങിൽ ഞാനും ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. അന്ന് രാവിലെ, 22 കോടി രൂപ ചെലവിൽ നിർമ്മിച്ച ഒരു court complex-ന്റെ ഉദ്ഘാടനമായിരുന്നു. ആ പരിപാടി പത്രക്കാർ പൊതുവിൽ ബഹിഷ്കരിച്ചു. വൈകുന്നേരം ഹൈക്കോടതിയുടെ അറുപതാം വാർഷികമായിരുന്നു. അതിലും ബഹിഷ്കരണമുണ്ടായി. ഉച്ചയ്ക്ക് ഞാൻ എഴുത്തച്ഛൻ പുരസ്കാരം പ്രഖ്യാപിച്ചിട്ടുള്ള ശ്രീ. സി. രാധാകൃഷ്ണന്റെ വീട്ടിൽപോയി. അവിടെ പത്രക്കാരൊക്കെ

ഉണ്ടായിരുന്നു. ഇതിനെസംബന്ധിച്ച് ആമുഖത്തിൽ ഞാൻ പറഞ്ഞു, രാവിലത്തെ പരിപാടിയിൽ പത്രക്കാരെ കാണാൻ കഴിഞ്ഞില്ല, ഇപ്പോൾ നിങ്ങളെയൊക്കെ കണ്ടതിൽ സന്തോഷമുണ്ട് എന്ന്. അപ്പോൾ പത്രക്കാർ ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഞങ്ങൾക്ക് പറയാനുണ്ടെന്നു പറഞ്ഞു. ഇതിനെ സംബന്ധിച്ചൊരു വിവാദമായ ചർച്ചയ്ക്കൊന്നും പോകാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ പറഞ്ഞു. ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ ഇതിൽ ഇടപെട്ടതാണ്. ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ ശ്രദ്ധയിലടക്കംപെട്ടൊരു കാര്യമാണ്. അതിൽ എന്തെങ്കിലുമൊരു അഭിപ്രായം ഇനി പറഞ്ഞ് വേറൊരു ദിശയിലേയ്ക്ക് ഇതിനെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. പൊതുവിൽ വല്ലാത്തൊരവസ്ഥയുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിൽ ജസ്റ്റിസ് കുര്യൻ ജോസഫ് അവിടെ സൂചിപ്പിച്ച ഒരു കാര്യം, പരാതിയുണ്ടെങ്കിൽ പരാതി കേൾക്കുന്നതിനുള്ള വേദിയാണല്ലോ കോടതികൾ എന്നാണ്. ആ കോടതികളെ നിങ്ങൾ വിശ്വാസത്തിലെടുക്കണം. ആ സന്ദേശമുൾക്കൊണ്ടുകൊണ്ട് ഇന്നത്തെ ഈ പ്രശ്നം ഇനിയെങ്കിലും അവസാനിക്കേണ്ടതുണ്ട്. ആർബിട്രറിയായൊരു തീരുമാനം ഗവൺമെന്റ് എടുത്തുകഴിഞ്ഞാൽ നടപ്പിലാക്കാൻ കഴിയുന്ന ഇഷ്യൂ അല്ല ഇത്. ഗവൺമെന്റ് എക്സിക്യൂട്ടീവ് തലത്തിലൊരു

ഉത്തരവുകൊടുത്ത് പരിഹരിക്കാൻ കഴിയുന്നതല്ല. ഒരു സങ്കീർണ്ണമായ പ്രശ്നമാണ്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ നിലനിൽപ്പെന്നുപറയുന്നത് ജുഡീഷ്യറിയും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറുമാണ്. അതിന് എല്ലാ തലത്തിലും വാച്ച്ഡോഗായി നിൽക്കുന്നതാണ് പത്ര-ദൃശ്യ മാധ്യമങ്ങൾ. നമ്മുടെ സമ്പന്നമായ ജനാധിപത്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഈ നാല് തൂണുകളും വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ഏതെങ്കിലും ഒന്ന് മറ്റൊന്നിന്റെ മുകളിൽ മേധാവിത്വം പുലർത്താൻ കഴിയുന്നതല്ല. ഇത് വാട്ടർടൈറ്റായി കിടക്കുന്നതുമല്ല. പരസ്പര പൂരകമാണ്. ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഇനിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ഇതാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ ബില്ലിനെക്കുറിച്ചുള്ള കാര്യങ്ങൾ പിന്നീട് പറയാം. അതുകൊണ്ട് 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി)ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ചെയർമാൻ</u> : ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ സീറ്റിലില്ലാത്തതിനാൽ അദ്ദേഹം അവതരിപ്പിച്ച 1

(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ : ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016- ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

നിയമനിർമ്മാണകാര്യം

## (2) 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

മി. ചെയർമാൻ: ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, അങ്ങേയ്ക്ക് 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി രവീന്ദ്രനാഥ്) : സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി രവീന്ദ്രനാഥ്) : സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും 846,07,13,000 രൂപയാണ് ഈ ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികൾക്കും വേണ്ട പ്രൊവിഷനുകൾ ഈ ഉപധനാഭ്യർത്ഥനയിൽ

ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അംഗീകരിക്കുകയാണ്. വരുംകാലങ്ങളിൽ നമ്മുടെ നാട്ടിൽ നടത്തേണ്ട പൊതുഭരണ സംവിധാനത്തെക്കുറിച്ച് ഇവിടെ അവതരിപ്പിച്ച ഈ ബിൽ സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് വന്നിട്ട് അഞ്ചുമാസം തികഞ്ഞു. അഞ്ചുവർഷത്തേയ്ക്കാണ് ഈ ഗവൺമെന്റിനെ തെരഞ്ഞെടുത്തത്. ഈ അഞ്ചുമാസംകൊണ്ട് ഈ ഗവൺമെന്റ് നടത്തിയ ജനോപകാരപ്രദമായ നടപടികൾ എന്തൊക്കെയാണ് എന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്കെല്ലാം അറിയാവുന്ന കാര്യമാണ്. നമ്മുടെ നാടിനെ ബാധിക്കുന്ന കുറേ കാര്യങ്ങളിൽ ഇടപെടാനും അത് കൈകാര്യം ചെയ്യാനും കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട നേട്ടമായി കാണുന്നത്. എല്ലാ കാലത്തും ഉണ്ടാകുന്നതുപോലെയുള്ള അസ്വാരസ്യങ്ങളൊന്നുമില്ലാതെ പോകുന്നൊരു ഗവൺമെന്റ് എന്നതുകൊണ്ട് അപ്പുറത്തിരിക്കുന്ന പല ആളുകളും അതിനെ വിമർശിച്ചുവെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. പ്രതിപക്ഷത്തിന്റെ ചുമതല എന്നരീതിയിൽ അത് നിർവ്വഹിക്കുന്നതായിരിക്കാം. ഇന്നലെ ഈ സഭ ചർച്ച ചെയ്ത ഒരു പ്രധാനപ്പെട്ട വിഷയമാണ് മലപ്പുറത്തുണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട വിഷയം. നമ്മുടെ സംസ്ഥാനത്ത് ഇത് പ്രതീക്ഷിക്കാത്ത സംഭവമായിരുന്നു. അത്

വന്നവന്ന് നമ്മുടെ സംസ്ഥാനത്തുമുണ്ടായി എന്നതാണ് നമ്മളെല്ലാപേരെയും ദുഃഖിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട സംഭവം. ഇന്ത്യയിലാകെയും ഇന്ത്യയ്ക്ക് പുറത്തും നടക്കുന്ന സംഭവം നമ്മുടെ നാട്ടിൽ വരില്ലായെന്നായിരുന്നു നമ്മൾ വിചാരിച്ചിരുന്നത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ കൊല്ലത്തെ സംഭവത്തോടുകൂടി അതിപ്പോൾ വ്യാപിച്ച് നമ്മുടെ നാട്ടിലാകെ വരുന്നുവെന്നത് പ്രധാനപ്പെട്ടൊരു ദുഃഖ സംഭവം തന്നെയാണ്. അടുത്ത കാലത്തെ ഭോപ്പാൽ ജയിൽ ചാട്ടത്തിനെക്കുറിച്ച് നമുക്കെല്ലാപേർക്കുമറിയാം. സിമി-യുടെ തീവ്രവാദികളായ ആളുകളെ പിടിച്ചുകൊണ്ടുപോയി ജയിലിലിട്ടു. അവർ ജയിൽ വാർഡനെ കൊലചെയ്ത് പുറത്തുചാടി എന്നാണ് പറയുന്നത്. അതിൽ 8 പേർ മരിച്ചു എന്നാണ് പത്രത്തിലെല്ലാം വന്നത്. പക്ഷെ 9 പേർ മരിച്ചു. അതാരും പറയുന്നില്ല. നിരപരാധിയായ ജയിൽ വാർഡനെ കൊലചെയ്തിട്ടാണ് അവർ ജയിൽ ചാടിയത്. അത് പത്രക്കാരും പറഞ്ഞില്ല, ആരും പറഞ്ഞില്ല. മരണം എല്ലാം ഒരുപോലെ പ്രധാനപ്പെട്ട കാര്യമാണ്. സിമി-യിലെ പ്രവർത്തകർ ജയിൽ ചാടി പോയത് ആരും അംഗീകരിക്കില്ല. അത് ഏറ്റവും വലിയ കുറ്റമാണ്. അവരുടെ പിന്നിൽ പ്രവർത്തിച്ചതാര് എന്ന് കണ്ടുപിടിച്ച് അവരെ സമൂഹത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി അവർ ജീവനോടെ വേണമായിരുന്നു. പക്ഷെ

പോലീസുകാർ കരുതിക്കൂട്ടി തെളിവുകൾ നശിപ്പിക്കുന്നതിന്റെ ഭാഗമായി അവരെ കാട്ടിൽവച്ച് കൊലചെയ്തുവെന്നാണ് പത്രങ്ങളൊക്കെ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. തെളിവെടുപ്പിനുവേണ്ടി കൊണ്ടുവന്ന് അതിന്റെ പിന്നിൽ പ്രവർത്തിച്ചതാര് എന്ന് മനസ്സിലാക്കിയിരുന്നുവെങ്കിൽ നമ്മുടെ നാട് സംരക്ഷിക്കാൻവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു. ഭരണകൂടം അല്ലെങ്കിൽ ഭരിക്കപ്പെടുന്നയാളുകൾ ചെയ്ത തെറ്റായ നടപടികളുടെ ഭാഗമായിട്ടാണ് നമ്മുടെ നാട്ടിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുന്നത്. ദുഃഖിപ്പിക്കുന്ന സംഭവമാണ്. ഒരുകാലത്തും ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടാകരുത് എന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. പക്ഷേ അതിനെതിരായി നയിക്കപ്പെടുന്ന കക്ഷിയുടെ ഗവൺമെന്റിന്റെ നേതൃത്വത്തിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് ഈ സംഭവം വരുന്നുവെന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. ഇത് മാത്രമാണോ, ഇതിനെക്കാൾ ഞെട്ടിപ്പിക്കുന്ന ഒരു സംഭവം നടന്നത് ഒരു മാസക്കാലം മുമ്പാണ്. 27 മാവോയിസ്റ്റുകളെ കൊല ചെയ്തു. മാവോയിസ്റ്റുകാർ മാവോ എന്ന ആശയമാണ് ഉയർത്തുന്നത്. തീവ്രവാദസംഘടന പോലെയല്ല. മാവോയിസ്റ്റ് എന്ന ആശയം നമ്മുടെ നാട്ടിൽ കുറേയാളുകൾ വിശ്വസിക്കുന്നതാണ്. ആ ആശയം ഇന്നല്ലെങ്കിൽ നാളെ നമ്മുടെ നാട്ടിൽ നടപ്പിലാക്കും എന്ന് പറഞ്ഞിട്ടാണ്. സിമി പ്രവർത്തകരെ

കൊലചെയ്തതുപോലെ തന്നെയാണ് 27 പേരെയും കൊലചെയ്തത്. നമ്മുടെ നാട്ടിലെ പത്രക്കാർക്കും ആളുകൾക്കും... ഒരാൾക്കും വേദനയില്ല. തീവ്രവാദസംഘടനയിൽപ്പെട്ട ആളുകളെ കൊല ചെയ്താലോ അക്രമിച്ചാലോ മാത്രമേ നമ്മുടെ നാട്ടിലെ ആളുകൾ പ്രചരിപ്പിക്കുന്നുള്ളൂ, പത്രങ്ങൾ എഴുതുന്നുള്ളൂ. പക്ഷേ 27 മാവോയിസ്റ്റുകളെ സ്ത്രീകളടക്കമുള്ളവരെ കൊല ചെയ്തിട്ട് നമ്മുടെ നാട്ടിലെ ജനാധിപത്യവാദികളെന്നു പറയപ്പെടുന്ന ആളുകളാരും പ്രതികരിക്കുന്നില്ല, ദേശസ്നേഹികളും മനുഷ്യസ്നേഹികളും പ്രതികരിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. ഇത് അംഗീകരിക്കാൻ കഴിയുമോ? നാട് എങ്ങോട്ടു പോകുന്നുവെന്നതിന് പ്രധാനപ്പെട്ട തെളിവാണിത്. മാവോയിസ്റ്റ് ആശയത്തോട് ഞങ്ങളാരും അനുകൂലിക്കുന്നില്ല. റോഡിൽ കുഴിബോംബ് വച്ച് ജവാന്മാരെയും പോലീസുകാരെയും കൊല ചെയ്തിട്ട് അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന നടപടി നമുക്കെതിരാണ്. നമ്മൾ അത് അംഗീകരിക്കുന്നില്ല. പക്ഷേ മാവോയിസ്റ്റ് എന്ന ആശയം പ്രചരിപ്പിച്ചു എന്നതിന്റെ പേരിൽ അവരെ കാട്ടിൽ നിന്നും വിളിച്ചുകൊണ്ടുപോയി വെടിവച്ചു കൊല്ലുകയാണ്. തീവ്രവാദസംഘടന പോലെയല്ല. മതപരമായ തീവ്രവാദം ഏറ്റവും വലിയ അപകടമാണ്. തീവ്രവാദസംഘടനകൾ ചെയ്യുന്ന നടപടികൾ പ്രോത്സാഹിപ്പിക്കാനും അതിനെ പ്രചരിപ്പിക്കാനും നമ്മുടെ

നാട്ടിൽ കുറേ ആളുകളുണ്ട്. പക്ഷേ ആ 27 പേരെ വെടിവച്ചുകൊന്ന ആ നടപടിയെ പ്രതിരോധിക്കാൻ അല്ലെങ്കിൽ തെറ്റ് എന്ന് പറയാൻ നമ്മുടെ നാട്ടിലെ ആളുകൾ കുറഞ്ഞുപോയി എന്നത് ഒരു പ്രധാനപ്പെട്ട വസ്തുതയാണ്. ഞാൻ ഇത് പറഞ്ഞുവന്നത്, ഭരിക്കപ്പെടുന്ന കക്ഷി, അല്ലെങ്കിൽ ഭരണകക്ഷികൾ, ഭരണകൂടം എങ്ങനെ പോകുന്നുവെന്ന് ചിന്തിക്കാൻ വേണ്ടി പറഞ്ഞതാണ്, ഏറ്റവും വലിയ അപകടമാണ്. ഇന്നല്ലെങ്കിൽ നാളെ ഇത് ഈ രാജ്യത്താകെ വ്യാപിപ്പിച്ച് നമ്മുടെ നാട്ടിലെ ജനാധിപത്യത്തെയും മതേതരത്വത്തെയും തകർക്കപ്പെടുന്ന നടപടിയുടെ ഭാഗമായിപ്പോകും എന്നുപറയാൻവേണ്ടിയാണ് ഇത് പറഞ്ഞത്.

നമ്മുടെ നാടിന്റെ ഒരു പൊതുസ്ഥിതിയെക്കുറിച്ച് എല്ലാവർക്കും അറിയാൻ കഴിയും. നാടിനെ ബാധിക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങളെക്കുറിച്ച് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിലാരും വീടില്ലാത്തവരായി ഉണ്ടാകാൻ പാടില്ല എന്നുള്ളതാണ്. വീടില്ലാത്ത കുറേയാളുകൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. അവരെ മുഴുവൻ പാർപ്പിക്കാൻവേണ്ടി കഴിയണമെന്നില്ല. അതുപോലെ ഭൂമിയില്ലാത്തവർക്കു മുഴുവൻ ഭൂമി കൊടുത്ത് അതിൽ പാർപ്പിക്കാൻ കഴിയണമെന്നില്ല. ഈ രണ്ട് പ്രധാനപ്പെട്ട വസ്തുതകളും നമ്മുടെ നാട്ടിൽ നിലനിൽക്കുകയാണ്. ഭൂമിയില്ലാത്ത ലക്ഷക്കണക്കിന് ആളുകൾ ഇന്നുണ്ട് എന്നതൊരു പ്രധാനപ്പെട്ട വസ്തുതയാണ്.

ഇവരെയെല്ലാം പാർപ്പിക്കണമെങ്കിൽ ഈ ഗവൺമെന്റ് ഇന്ന് തുടങ്ങിവച്ച നടപടി പൂർത്തീകരിക്കാൻ കഴിയണം. അതിൽ വലിയ പങ്കാണ് നമുക്ക് വഹിക്കാനുള്ളത്. കക്ഷിയോ രാഷ്ട്രീയമോ നോക്കാതെ നന്നായി പ്രതികരിച്ച് കൊണ്ടുപോകുവാൻവേണ്ടി കഴിഞ്ഞാൽ മാത്രമേ അത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടർന്നുവന്ന ഒരു പ്രധാനപ്പെട്ട നടപടിയായിരുന്നു ഇ.എം.എസ്. ഭവനപദ്ധതി. ആ പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടർന്നുപോയിരുന്നെങ്കിൽ നമ്മുടെ നാട്ടിൽ ഈ പ്രശ്നം കുറേ പരിഹരിക്കാൻ കഴിയുമായിരുന്നു. അന്നത്തെ പഞ്ചായത്ത് മന്ത്രി നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്നു. ഇ.എം.എസ്. ഭവന പദ്ധതി മാറ്റി അതിനുപകരം സാന്ത്വനം എന്നൊരു പദ്ധതി കൊണ്ടുവന്നു. ഞാൻ ആ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചതാണ്. ഇ.എം.എസ്.-ന്റെ പേര് മാറ്റി സി.എച്ച്. മുഹമ്മദ് കോയയുടെ പേരിട്ടാലും തരക്കേടില്ല, ആ പദ്ധതി നമ്മുടെ നാട്ടിൽ വേണമെന്നുപറഞ്ഞപ്പോൾ ഇ.എം.എസ്. ഭവന പദ്ധതി മാറ്റുന്ന പ്രശ്നമേയില്ലെന്നാണ് ആ മന്ത്രി മറുപടി പറഞ്ഞത്. എന്നാൽ അഞ്ചുകൊല്ലക്കാലം യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിട്ടും ഒരൊറ്റ വീട് കൊടുക്കാൻ വേണ്ടി കഴിഞ്ഞില്ലെന്ന അവസ്ഥയാണ്. അതിനുമുമ്പത്തെ കൊല്ലം വരെ പഞ്ചായത്ത്

മെമ്പർമാരും പഞ്ചായത്ത് പ്രസിഡന്റും എന്നു പറയുമ്പോൾ നാട്ടിൽ ഒരു വിലയുണ്ടായിരുന്നു. ഒരു പഞ്ചായത്തിന്റെ വാർഡിനകത്ത് അഞ്ചും പത്തും വീട് കൊടുക്കാൻവേണ്ടി കഴിയുമായിരുന്നു. പക്ഷേ ആ ഗവൺമെന്റ് നടപടി മാറ്റി, വീട് കൊടുക്കാത്തപ്പോൾ പഞ്ചായത്ത് മെമ്പർമാർക്കുപോലും നാട്ടിൽ വഴി നടക്കാൻ കഴിയാത്ത രീതിയിലേയ്ക്ക് മാറിയെന്നാണ് അവസ്ഥ. അതിന്റെ ഫലം നമ്മുടെ നാട്ടിൽ വീടില്ലാത്തവരുടെ എണ്ണം നൂറുക്കണക്കിന് വർദ്ധിച്ചുവെന്നുള്ളതാണ്. അല്ലെങ്കിൽ അഞ്ചുകൊല്ലം കൊണ്ട് വീട് ഇല്ലാത്തവരുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ കഴിയുമായിരുന്നു. അത് പരിഹരിക്കാനായി ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ഈ ഗവൺമെന്റിന്റെ നിർദ്ദേശമതാണ്. കോടിക്കണക്കിന് രൂപ ചെലവു ചെയ്തിട്ട് വീടില്ലാത്തവരെ മുഴുവൻ പാർപ്പിക്കാനും വീട് വയ്ക്കാൻ സ്ഥലമില്ലാത്തവരെ ഭൂമി വാങ്ങി വീട് വയ്പിപ്പിക്കാനും നടപടി സ്വീകരിച്ചുതുടങ്ങി. ഏറ്റവും ജനോപകാരപ്രദമാക്കുന്നതിനുവേണ്ടിയാണ്. അതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. അതിനാണ് ഈ കാശ് കൊടുക്കുന്നത്. അങ്ങനെ നമ്മുടെ നാട്ടിലെ പാർശ്വവത്ക്കരിക്കപ്പെട്ട മുഴുവൻ ആളുകളെയും സംരക്ഷിക്കാൻ അവരുടെയും കുടുംബത്തിന്റെയും ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രധാനപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഈ ഗവൺമെന്റ്

പ്രവർത്തിക്കുന്നതെന്നുള്ളതുകൊണ്ട് ഏറ്റവും വലിയ ജനോപകാരപ്രദമായ നടപടി ചെയ്ത ഗവൺമെന്റാണ് എന്ന് പൊതുസമൂഹം അംഗീകരിച്ചുവരികയാണ്. അതിനെ ബഹുമാനപ്പെട്ട പ്രതിപക്ഷം അംഗീകരിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രതിപക്ഷം കൂടി അംഗീകരിക്കേണ്ടതായിരുന്നു. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന പ്രതിപക്ഷം ഭരണകക്ഷിയെ എതിർക്കപ്പെടുന്നത് പ്രധാനപ്പെട്ട കാര്യമാണ്. പക്ഷേ എല്ലാ കാര്യവും എതിർക്കേണ്ടതുണ്ടോ? ഈ ഗവൺമെന്റ് കൊണ്ടുവന്ന ഏത് കാര്യത്തെയും എതിർക്കപ്പെടുക എന്നതാണ് നമ്മുടെ നാട്ടിലെ പ്രതിപക്ഷം ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയപരമായി എതിർക്കുന്നതോടൊപ്പം തന്നെ ജനാധിപത്യപരമായ നടപടി സ്വീകരിച്ചുമുന്നോട്ടു കൊണ്ടുപോകുവാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല എന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. കാർഷിക മേഖലയെക്കുറിച്ച് ബഡ്ജറ്റിൽ പറയുന്നുണ്ട്. കാർഷിക മേഖലയെ സഹായിക്കാൻ ഈ ഗവൺമെന്റ് കുറച്ചു കൂടി മുൻഗണന നൽകണം എന്ന് ആ ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞു. അപ്പുറത്തു നിന്നും പറഞ്ഞിരിക്കും, ഞങ്ങളും പറഞ്ഞതാണ്. ഈ ബഡ്ജറ്റിൽ അംഗീകരിച്ച സംഖ്യ പോരായെന്ന അഭിപ്രായം അന്നും ഞങ്ങൾക്കുണ്ട്, ഇന്നും പറഞ്ഞുകൊണ്ടിരിക്കുകയാണ്. നാട്ടിലെ പ്രധാനപ്പെട്ട റോഡുകളും പാലങ്ങളും പണിയുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.-ക്ക്

കുറച്ച് കാശ് കൊടുക്കണം. അങ്ങനെ ജനാധിപത്യപരമായി കാര്യങ്ങൾ പറയുന്നതിനുപകരം എല്ലാവരെയും തെറ്റായി കണ്ടുകൊണ്ട് പ്രതികരിക്കുന്ന പ്രതിപക്ഷമാകരുത് എന്ന് പറയുന്നതോടൊപ്പം തന്നെ ഈ ഗവൺമെന്റിന്റെ നല്ല നടപടിയെ നിങ്ങൾ അംഗീകരിക്കുകയും വേണം. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ നടക്കപ്പെടുന്ന എല്ലാ തെറ്റായ നടപടിക്കുമെതിരായി; പ്രത്യേകിച്ച് മത തീവ്രവാദ സംഘടന നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കെതിരായി നമുക്കെല്ലാവർക്കും യോജിച്ച് പ്രവർത്തിക്കാൻ കഴിയണം. അങ്ങനെ പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള സംഖ്യ കൂടിയാണ് ഈ ബില്ലിന്റെ എമൗണ്ട് എന്നുള്ളതുകൊണ്ട് ഇതിനെ സപ്പോർട്ട് ചെയ്യുകയാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. കേരളപ്പിറവിയുടെ അറുപതാം വാർഷികം ആഘോഷിക്കുന്ന ഈ അവസരം നമ്മുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, വികസന രംഗത്തുണ്ടായ നേട്ടങ്ങളെ ചർച്ചയ്ക്ക് വിധേയമാക്കുന്ന ഒരു സന്ദർഭം കൂടിയാണ്. കേരളത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തമായ കാഴ്ചപ്പാടോടെ; ഒരു മനസ്സോടെ പ്രവർത്തിക്കണമെന്നാണ് കേരളീയ സമൂഹം ആഗ്രഹിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് അടിസ്ഥാനപരമായ പല മാറ്റങ്ങളും സംഭവിക്കുകയും വിവിധ മേഖലകളിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ ഉയർന്ന നേട്ടങ്ങളും വളർച്ചയും നേടാനായി എന്നത് നമുക്ക് അഭിമാനിക്കാൻ പറ്റുന്ന കാര്യം തന്നെയാണ്. എന്നാൽ വലിയൊരു വിഭാഗം ഇനിയും ഇതിന്റെ ഉപഭോക്താക്കളായിട്ടില്ല എന്ന വസ്തുത ഗൗരവമായി കാണേണ്ടതുണ്ട്. അഞ്ചുമാസം കൊണ്ട് ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ സൂചിപ്പിച്ചു. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഒരുപാട് പദ്ധതികൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ആരംഭിച്ചിട്ടുണ്ടെന്നുള്ളതാണ് എന്റെ മുമ്പിലുള്ള വിഷയം. വിവിധ സ്വപ്നപദ്ധതികളാണ് യാഥാർത്ഥ്യമായത്. എന്നാൽ ഇന്ന് പല പദ്ധതികളുടെയും മിനുക്ക് പണികൾ മാത്രമാണ് നടന്നുവരുന്നത്. ഒരു പാട് പദ്ധതികൾ വന്നുവെന്ന് ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞു. ഇക്കഴിഞ്ഞ അഞ്ചുമാസം കൊണ്ട് ഒരു പൈസ പോലും എന്റെ നിയോജകമണ്ഡലത്തിൽ ...., ചന്ദ്രഗിരിപ്പുഴയുടെ ആ ഭാഗത്തേയ്ക്ക് വരാൻ ബുദ്ധിമുട്ടുണ്ടായോ എന്ന് എനിക്കറിയില്ല. ചികിത്സാ സഹായ ഫണ്ടിന് 10 പൈസ പോലും ലഭിച്ചതായി എനിക്ക് വിവരമില്ല. ഒരുപാട് പദ്ധതികൾ ആസൂത്രണം ചെയ്തു മാത്രമല്ല, കേരളത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയെന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് അവിടെ ഒരു സമാധാന യാത്ര നടത്തുകയും പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് ഒരു പ്രോജക്ടുണ്ടാക്കണമെന്നും കാസർഗോഡ് ജില്ലയെ പ്രത്യേകമായി കാണണമെന്നുള്ള ഉദ്ദേശ്യലക്ഷ്യത്തോടുകൂടി ഒരു കമ്മീഷനെ വയ്ക്കാൻ അദ്ദേഹം ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയോട് ആവശ്യപ്പെടുകയും അതിന്റെയടിസ്ഥാനത്തിൽ ഒരുപാട് വികസന പദ്ധതികൾ ലഭ്യമായിട്ടുണ്ടെന്നുള്ളത് ഇവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ല. അങ്ങനെ കാസർഗോഡിന്റെ പിന്നോക്കാവസ്ഥയ്ക്ക് ഒരളവുവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം അതിന്റെ പ്രോജക്ടുണ്ടാക്കി അയയ്ക്കാൻ പോലും സാധിച്ചിട്ടില്ലെന്നുള്ള ദുഃഖകരമായ വിഷയം കൂടി ഈയവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരുപാട് രോഗം പിടിപെടുന്ന പ്രത്യേകിച്ചും എൻഡോസൾഫാൻ ദുരിതബാധിത മേഖലയാണ് കാസർഗോഡ് മേഖല, പ്രത്യേകിച്ചും എന്റെ നിയോജകമണ്ഡലം. അതുപോലെ തന്നെ കൂടുതൽ രോഗികളും ആശ്രയിക്കുന്നത് മംഗലാപുരം ആശുപത്രിയെയാണ്. കാരണം ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആ പ്രദേശത്തില്ല. എന്റെ നിയോജകമണ്ഡലത്തിൽ നിന്നും കണ്ണൂരിലേയ്ക്ക് വരണമെങ്കിൽ 140 ഓളം കി.മീ. സഞ്ചരിച്ചുവേണം പരിയാരത്തേയ്ക്ക് എത്താൻ. തൊട്ടടുത്ത് 18 കിലോമീറ്റർ

സഞ്ചരിച്ചാൽ മംഗലാപുരത്ത് ചികിത്സാ തേടാവുന്നതാണ്. അത് പരിഹരിക്കാൻ നമുക്ക് ഇന്നുവരെ സാധിച്ചിട്ടില്ല എന്നുള്ളതാണ് എനിക്ക് ഇവിടെ പറയാനുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അനുകൂല്യം ലഭിക്കാത്ത സാഹചര്യം പ്രത്യേകമായിട്ടുണ്ട്. അതുകൊണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ഫണ്ട് പോലും, ചികിത്സാ സഹായം പോലും ലഭ്യമാകുന്നില്ലായെന്ന ഖേദകരമായ വിഷമമാണ് നമ്മളെ സംബന്ധിച്ച് പറയാനുള്ളത്. അതുപോലെ പഠന കാര്യത്തിൽ- എന്റെ നിയോജകമണ്ഡലത്തിൽനിന്നും കാസർഗോഡ് ജില്ലയിൽ നിന്നും 8000-ത്തോളം കുട്ടികൾ മംഗലാപുരത്ത് തുടർ പഠനത്തെ ആശ്രയിക്കുകയാണ്. അവർക്ക് കൃത്യമായി പോകാൻ ട്രെയിനോ ബസുകളോ ഇല്ല. ട്രെയിനിൽ കഷ്ടപ്പെട്ട് പോയി പഠിക്കുന്ന സ്ഥിതിവിശേഷം എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം നിലനിൽക്കുകയാണ്. അതിനായി കഴിഞ്ഞ സർക്കാർ ഒരു പോളിടെക്നിക്ക് കോളേജ് ബഡ്ജറ്റിൽ അനൗൺസ് ചെയ്തിട്ടുണ്ട്. അത് പരിഗണിക്കുന്നതിനാവശ്യമായ കാര്യം കൂടി ചെയ്യണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഏഴ് ഭാഷയുടെ സംഗമ ഭൂമിയിൽ നിന്നാണ് വിനീതനായ ഞാൻ വരുന്നത്. ഒരു ഭാഷയ്ക്ക് ഒരു നിമിഷം മാത്രം തരികയാണെങ്കിൽ

ഏഴ് നിമിഷം അതുകൂടാതെ ബ്യാരി ഭാഷകളുമുണ്ട്. ഏഴ് ഭാഷയിലും വേണമെങ്കിൽ സംസാരിക്കാം. ബ്യാരി ഭാഷകളുമുണ്ട് ............. (കന്നട, ബ്യാരി, തുളു എന്നീ ഭാഷകൾ സംസാരിച്ചു) .......... അതായത് ഏഴ് ഭാഷയും അങ്ങനെ നിൽക്കുന്ന ഭൂമിയും കൂടാതെ ബ്യാരി ഭാഷയും, അങ്ങനെ എട്ട് ഭാഷ സംഗമിക്കുന്ന ഭൂമിയാണ്. മലയാള ഭാഷ ശ്രേഷ്ഠ ഭാഷയാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ ഇന്നലെ പ്രസംഗിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ ഓർക്കാട് ഗ്രാമ പഞ്ചായത്തിൽ മലയാളം പഠിപ്പിക്കുന്ന സ്കൂളില്ല. നിർബന്ധമായും മലയാളം പഠിക്കണമെന്ന് പ്രഖ്യാപിക്കുമ്പോൾ പോലും ഒരു മലയാളം സ്കൂളുപോലും ഇല്ലാത്ത പഞ്ചായത്തുണ്ടെന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ സ്കൂൾ അനുവദിക്കാൻ വേണ്ടി പ്രത്യേകമായി... അതോടൊപ്പം ഭാഷാന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേകമായി കോഴ്സുകളും പി.ജി. കോഴ്സുകളും നൽകണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാന്യനായ പി. ബി. അബ്ദുൾ റസ്സാക്ക് ഏത്

ലോകത്തുനിന്നാണ് സംസാരിച്ചതെന്ന് എനിക്കറിയില്ല. അവസാനം സാധാരണ ഗതിയിൽ ഭാഷാവരം കിട്ടികഴിഞ്ഞാൽ ഏത് ഭാഷയും, അന്യഭാഷകളുമൊക്കെ നമ്മൾ സംസാരിക്കുന്ന ഒരവസരമുണ്ട്. ഞാനും അദ്ദേഹവുമൊക്കെ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയിലെ അംഗങ്ങളാണ്. ആ കമ്മിറ്റിയിൽ വച്ച് ഇത്തരം വിഷയങ്ങൾ വളരെ വിശദമായി സംസാരിക്കാറുണ്ട്, അതുമായി ബന്ധപ്പെട്ട ശിപാർശകളുമുണ്ട്. ഞാനും അങ്ങുമൊക്കെ ഇരുന്നെടുത്ത ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയുടെ പഴയ മിനിട്ട്സൊക്കെ എടുത്ത് നോക്കണം. തീരുമാനങ്ങളൊക്കെ എടുത്തുവെന്ന് പറഞ്ഞാലും, എടുത്ത തീരുമാനങ്ങളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് ആ കമ്മിറ്റിയുമായി ബന്ധപ്പെട്ട ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾ. ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കണമെന്ന് എക്സിക്യൂട്ടീവ്സിനോട് പറഞ്ഞാലും നടപ്പിലാക്കാറില്ലെന്നുള്ളതാണ് പ്രശ്നം. അത് സ്കൂൾ തലത്തിലായാലും കോളേജ് തലത്തിലായാലും ഏത് തലങ്ങളിലായാലും ലിംഗ്വിസ്റ്റിക് മൈനോറിറ്റിയുമായി ബന്ധപ്പെട്ട് ശിപാർശ ചെയ്യുന്ന പ്രശ്നങ്ങൾക്ക് പലപ്പോഴും പരിഹാരം ഉണ്ടാക്കാൻ കഴിയാറില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ, അദ്ദേഹം ചെയർ ചെയ്ത

തീരുമാനങ്ങൾ നടപ്പിലാക്കാത്തതിനെ തുടർന്നാണ് വീണ്ടും ഈ ഗവൺമെന്റ് വന്നതിനുശേഷം ശിപാർശകൾ നടപ്പിലാക്കാൻ വേണ്ടി ബന്ധപ്പെട്ടവർക്ക് എഴുതിക്കൊടുക്കുകയും അതിന് ഉത്തരവുകളാവുകയും ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രിയാണ് ചികിത്സാ ധനസഹായങ്ങൾ പ്രധാനമായും വിതരണം ചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിന് ഒട്ടനവധി നൂലാമാലകൾ ഉണ്ടായിരുന്നു. മുഖ്യമന്ത്രിയടക്കം വലിയ സന്നാഹത്തോടുകൂടി വന്ന് പൊതുജനസമ്പർക്ക പരിപാടിയുടെ പേരിൽ ആപ്ലിക്കേഷനുകൾ വാങ്ങി, പിന്നീട് ആപ്ലിക്കേഷനുകൾ എവിടേയ്ക്ക് പോയിയെന്ന് അറിയാൻ കഴിയാതെ തപ്പിനടന്ന് കണ്ടുപിടിച്ച്....ചിലരൊക്കെ ഭാഗ്യവാന്മാരാണ് അവർക്കൊക്കെ 25,000, 50,000, 1,00,000 രൂപയൊക്കെ സ്പോട്ടിൽ അനുവദിച്ച് കിട്ടുകയും ചില ആളുകൾക്ക് പൈസ കിട്ടുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പൊതുജനസമ്പർക്ക പരിപാടിയുടെ പേരിൽ വാങ്ങിയ ബഹുഭൂരിപക്ഷം വരുന്ന ആളുകളുടെ അപേക്ഷകളും വെട്ടം കാണാതെ, എന്റെ അപേക്ഷ എവിടെയാണെന്ന് അറിയാതെ അന്വേഷിച്ച് നടക്കുന്ന ആളുകളോട് പുതിയതായി ആപ്ലിക്കേഷൻ വയ്ക്കുന്നതിനുള്ള ശിപാർശകളാണ്, അതിപ്പോൾ ലഘൂകരിച്ചിട്ടുണ്ട്. അതിനകത്ത് പ്രധാനമായും ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട അപേക്ഷകൾ പലതും

നഷ്ടപെട്ട് പോയിട്ടുണ്ട്. പലതും എവിടെയാണെന്ന് ആളുകൾക്കറിയില്ല. പഴയ അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റുമായി പുതിയതായി അപേക്ഷ സമർപ്പിക്കുന്നതിനുവേണ്ടി ആളുകൾ എത്തിച്ചേരുന്നുണ്ട്. എല്ലാവർക്കും ഓരോ കത്ത് കിട്ടിയിട്ടുണ്ട്. നിങ്ങളുടെ അപേക്ഷ താഴെ നടപടി സ്വീകരിക്കുന്നതിനുവേണ്ടി അയച്ചു കൊടുത്തിട്ടുണ്ടെന്നുള്ള കത്ത് കിട്ടി എന്നതിനപ്പുറത്തേയ്ക്ക് കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ പൊതുജനസമ്പർക്ക പരിപാടിയുടെ പേരിൽ ചെലവഴിച്ച തുക എത്രയാണ്, ആഘോഷ പരിപാടികൾക്കുവേണ്ടി ചെലവഴിച്ച തുക എത്രമാത്രം വലുതാണെന്ന് നോക്കുമ്പോഴാണ് ഞെട്ടിക്കുന്ന പല സംഭവങ്ങളും പുറത്തേക്കുവരുന്നത്. എന്നാൽ 25,000 രൂപ വരെ റവന്യൂ വകുപ്പുമന്ത്രിക്ക് ചികിത്സാ ധനസഹായം കൊടുക്കുന്നതിനുള്ള ഉത്തരവുണ്ട്. ജില്ലാ കളക്ടർമാർക്ക് 2,000 രൂപ വരെ ധനസഹായം കൊടുക്കുന്നതിനുള്ള ഉത്തരവ് ഈ ഗവൺമെന്റ് വന്നതിനുശേഷം നൽകിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ ........

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, റവന്യൂ വകുപ്പുമന്ത്രിക്ക് ഒരുപാട് അപേക്ഷ കൊടുത്തിട്ടുണ്ട്. ഇതുവരെ ഒരു നയാപൈസ പോലും കിട്ടിയിട്ടില്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങ് കാര്യങ്ങളൊന്ന് അന്വേഷിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.

കൊടുത്തുതുടങ്ങി, കിട്ടിയെന്ന് പറയുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കിട്ടിയതു കൊണ്ടല്ലേ പറയുന്നത്, എനിക്കും കിട്ടി. 25,000 രൂപ വരെയുള്ള ധനസഹായം റവന്യൂ വകുപ്പുമന്ത്രിക്ക് കൊടുക്കുന്നതിനും കൂടിയ ധനസഹായം മാത്രം മുഖ്യമന്ത്രിയുടെ അടുത്ത വന്നാൽ മതിയെന്ന് പറയുന്നത് അധികാരവികേന്ദ്രീകരണമാണ്, അധികാരകേന്ദ്രീകരണമല്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒരു ഗവൺമെന്റ് എടുക്കുന്ന മികച്ച നടപടികളെ അംഗീകരിക്കുന്നതിന് പകരമായി ഞങ്ങൾക്ക് ചികിത്സാ ധനസഹായം കിട്ടിയില്ലായെന്ന രൂപത്തിൽ ഈ സഭയിൽ വന്ന് പറയുന്നത് ശരിയായ നടപടിയല്ല.

പഠന സഹായവുമായി ബന്ധപ്പെട്ട്- ചികിത്സാ ധനസഹായം പോലെ തന്നെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട്, ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിന് റിലയൻസ് ഗ്രൂപ്പിന് ക്വട്ടേഷൻ കൊടുത്തിരിക്കുകയായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കം അവർക്ക് കിട്ടാനുള്ള 123 കോടി രൂപ പിരിച്ചെടുക്കുന്നതിനുവേണ്ടി റിലയൻസ് ഗ്രൂപ്പിന് ക്വട്ടേഷൻ കൊടുത്ത സാഹചര്യത്തിൽനിന്ന് കുട്ടികളുടെ പേരിൽ നടത്തികൊണ്ടിരിക്കുന്ന ആർ.ആർ. നടപടികൾ നിർത്തിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽത്തന്നെ തുക പ്രഖ്യാപിച്ചുകൊണ്ട് അതിന്റെ നടപടികളുമായി

ഗവൺമെന്റ് മുന്നോട്ട് പോവുകയും ചെയ്യുകയാണ്. സബ്ജക്ട് ആവറേജ് 60 ശതമാനം മാർക്ക് കിട്ടിയാൽ പോരാ, ഓരോ സബ്ജക്ടിനും 60 ശതമാനം മാർക്കുണ്ടെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാകുമായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ 60 ശതമാനം എന്നുള്ളത് 55 ശതമാനം മാർക്കായാലും സബ്ജക്ട് ആവറേജ് എന്നതിനുപകരം ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഈ മൂന്ന് ഇൻഡിവിഡ്യുവൽ സബ്ജക്ടിന് ടോട്ടൽ ചെയ്ത് 60 ശതമാനം മാർക്കുണ്ടെങ്കിലും അങ്ങനെയുള്ള കുട്ടികൾക്കും വിദ്യാഭ്യാസ വായ്പ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ അഡ്വൈസ് എന്ന് പറയുന്നത്, ആയിരക്കണക്കിന് കുട്ടികൾക്ക് ഏറെ സഹായകരമായിട്ടുള്ള ഒന്നാണ് എന്നാണ്.

ഈ ഗവൺമെന്റ് ഏറ്റവും വിപ്ലവകരമായി മുന്നോട്ട് പോകുന്നത് ടൂറിസം രംഗവുമായി ബന്ധപ്പെട്ടാണ്. ഏറെ ദീർഘവീക്ഷണത്തോടുകൂടി, പഞ്ചവത്സര പദ്ധതി നിർത്തിയിട്ട് പതിനഞ്ചുവർഷത്തെ പദ്ധതിയെന്ന രൂപത്തിൽ കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പഞ്ചവത്സര പദ്ധതികൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും ധനകാര്യ വിശകലനത്തിലേയ്ക്കുമൊന്നും ഈ അവസരത്തിൽ പോകുന്നില്ല.

ടൂറിസം രംഗത്ത് പുതിയ മുഖം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാന്യനായിട്ടുള്ള ടൂറിസം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ഇടപെടലുകളെ ഈ അവസരത്തിൽ പ്രത്യേകമായി പ്രശംസിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തുകയാണ്. ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടൂറിസം രംഗത്ത് വലിയ മുന്നേറ്റം ഗവൺമെന്റ് തുടങ്ങിവച്ചിട്ടുള്ളത്. സ്പോർട്സുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള പ്രധാന പ്രശ്നം, മാസ്റ്റേഴ്സ് അസോസിയേഷനുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് ഇപ്രാവശ്യം കേരളത്തിൽ വച്ചാണ് നടത്തുന്നത്. ഫെബ്രുവരി 21 മുതൽ 25 വരെയുള്ള തീയതികളിൽ 35 വയസിന് മുകളിലുള്ള ആളുകളുടെ മാസ്റ്റേഴ്സ് അസോസിയേഷന്റെ നാഷണൽ മീറ്റ് നടക്കുമ്പോൾ അവരെ സഹായിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ മുമ്പിൽ അപേക്ഷയുണ്ട്. നാഷണൽ മീറ്റുകൾ സാധാരണഗതിയിൽ കേരളത്തിൽ എത്തുമ്പോൾ സംസ്ഥാന ഗവൺമെന്റ് കൊടുക്കാറുള്ള അലോട്ട്മെന്റ് മാസ്റ്റേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന അവരുടെ മത്സരവുമായി ബന്ധപ്പെട്ടും ഉണ്ടാകണം. എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം എന്ന വിഷയം മുന്നിൽ കണ്ടുകൊണ്ടാണ് ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇപ്പോൾ മുഖ്യമന്ത്രി

തന്നെയാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത്. മാസ്റ്റേഴ്സ് അസോസിയേഷന്റെ സ്പോർട്സ് നടക്കുന്ന അവസരത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, വനം വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചിരിക്കുന്ന മീറ്റിംഗിലാണ് വനം വകുപ്പുമന്ത്രി. ടൂറിസം വകുപ്പുമന്ത്രിയുടെകൂടി ശ്രദ്ധ ഇതിലുണ്ടാകണം. ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രമാണ് തേക്കടി. ആ ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് എത്തുന്ന ആളുകളുടെ പ്രധാന ആഗ്രഹം അവിടത്തെ ബോട്ടിംഗ് ആണ്. ബോട്ടിംഗ് നടത്തിയാൽ മാത്രമെ തേക്കടി എന്ന സംവിധാനത്തെ ആളുകൾക്ക് ആസ്വദിക്കാൻ കഴിയൂ. വെള്ളത്തിന്റെ കുറവുകൊണ്ട് 110 അടി താഴേയ്ക്ക് പോയതുകൊണ്ട് തമിഴ്നാട്ടിലേയ്ക്ക് ഇപ്പോൾ വെള്ളം പോകുന്നില്ല. തമിഴ്നാട്ടിലേയ്ക്ക് വെള്ളം പോകുന്നില്ലെന്ന കാരണത്താൽ അവിടെ ബോട്ടിംഗ് നിർത്തിവയ്ക്കാറില്ല. വെള്ളം കുറയുമ്പോൾ ഫ്ലോട്ടിംഗ് ജെട്ടിയുണ്ടാക്കി അവിടെനിന്ന് ബോട്ട് സർവ്വീസ് ആരംഭിക്കുമായിരുന്നു. ഇപ്പോൾ അത് കാലാകാലങ്ങളായി നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ അവിടെ ഒരു ഡി.ഡി.-യും അതിന്റെ

സംവിധാനങ്ങളുംകൂടി ചെയ്തിരിക്കുന്നത് ബോട്ടിംഗ് നടത്തേണ്ടതില്ല എന്ന തരത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി അതിൽ ഇടപെടണം. രണ്ട് മന്ത്രിമാർ ഒന്നിച്ചിരുന്ന് കൂടിയാലോചിച്ചാൽ ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ലക്ഷക്കണക്കിന് ടൂറിസ്റ്റുകളെ ഓരോ വർഷവും ബുക്ക് ചെയ്തിട്ട് അവരുടെ അവസരത്തിനുവേണ്ടി കാത്തിരിക്കുന്ന ഒരു വലിയ സംവിധാനമെന്ന നിലയിലാണ് തേക്കടിയിലെ ടൂറിസം ആക്ടിവിറ്റീസ് പൊയ്ക്കൊണ്ടിരിക്കുന്നത്. ടൂറിസം പദ്ധതികൾക്ക് മാതൃകയായിട്ടുള്ള ഒരു കേന്ദ്രം കൂടിയാണ് തേക്കടി എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട രണ്ട് വകുപ്പുമന്ത്രിമാരും ഈ വിഷയത്തിൽ ഇടപെടുന്നതിനും നിർത്തിവച്ചിരിക്കുന്ന ബോട്ടിംഗ് സർവ്വീസ് പുനരാരംഭിക്കുന്നതിനും ഫ്ലോട്ടിംഗ് ജെട്ടി അടക്കമുള്ള വിഷയങ്ങളിൽ അടിയന്തരമായി ഇടപെട്ട്, ജോയിന്റ് മീറ്റിംഗ് ആവശ്യമുണ്ടെങ്കിൽ അത്തരം മീറ്റിംഗുകൾ നടത്തിക്കൊണ്ട്, അടിയന്തരമായി ഉത്തരവുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. വജ്രജൂബിലി ആഘോഷിക്കുന്ന കേരളത്തിന് എല്ലാ നന്മകളും നേർന്നുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ധനമുള്ളിടത്തല്ലേ ധനവിനിയോഗത്തെപ്പറ്റി ചർച്ച ചെയ്യാനുള്ളത്. ഇവിടെ എവിടെയാണ് ധനം. ധനമില്ലാത്തിടത്ത് ധനവിനിയോഗ ബിൽ ചർച്ച. ഒന്നേമുക്കാൽ ചക്രം കൊണ്ട് എന്ത് ചെയ്യാനാണെന്ന് പണ്ട് കാരണവന്മാർ പറഞ്ഞ് കേട്ടിട്ടുണ്ട്. കേരളത്തിന്റെ ഗതി അതാണ്. ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ ഭാഗമാണ് നമ്മളെന്ന് തന്റേടമായി പറയുമ്പോൾ നമുക്ക് ലഭിക്കേണ്ടത് ലഭിക്കണമെന്ന് പറയാൻ ആർക്കാണ് ഭയം. ഇന്ത്യാ ഗവൺമെന്റിന്റെ വീതം വയ്പിൽ നമുക്ക് എന്തെങ്കിലും കിട്ടുന്നുണ്ടോ? ഇപ്പോൾ ശ്രീമതി ഇ. എസ്. ബിജിമോൾ കുടിവെള്ളത്തെയും നദീജലത്തെയുംക്കുറിച്ച് വലിയ ആവേശത്തോടുകൂടി പറഞ്ഞു. നമുക്കനുകൂലമായി സംസാരിക്കാൻ ആരുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി പോലും നമുക്ക് എതിരല്ലേ. തമിഴ്നാടിനും കർണ്ണാടകത്തിനും വേണ്ടി വർത്തമാനം പറയുന്ന നിയമ സംവിധാനം. ഇന്ത്യൻ പ്രധാനമന്ത്രി ആ നിലയിൽ സംസാരിക്കുന്നു. പഞ്ചവത്സര പദ്ധതികളെപ്പറ്റി, രാഷ്ട്രീയം വിട്ട്, നമ്മൾ അഭിമാനം കൊണ്ടിരുന്നു. ആ പഞ്ചവത്സര പദ്ധതി തകർന്നില്ലേ; ഇപ്പോൾ പ്രിയങ്കരനായ മോദി രാജാവ് അതിനെ തകർത്ത് തരിപ്പണമാക്കി നീങ്ങുകയല്ലേ? കഴിഞ്ഞ സെപ്റ്റംബർ 26-ന് മാതൃഭൂമി പത്രത്തിൽ വലിയ

വാർത്ത വന്നു. പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗങ്ങളെ രക്ഷിക്കാൻ ഞാനിതാ ഉദയം ചെയ്തിരിക്കുന്നു, കോഴിക്കോട് പ്രധാനമന്ത്രി. എന്താണ് ചെയ്തുവച്ചിരിക്കുന്നത്. 2015 ജനുവരി ഒന്നിന് പഞ്ചവത്സര പദ്ധതിക്ക് പകരമായി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ, 'നീതി ആയോഗ്' എന്ന പതിനഞ്ച് വർഷ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതിയെക്കുറിച്ച് പരാമർശിക്കുന്നതുപോലുമില്ല. ഈ രാജ്യത്തെ പാവപ്പട്ട ആദിവാസികളും പട്ടികജാതിക്കാരും എന്ത് ചെയ്യും? പതിനഞ്ച് വർഷത്തേയ്ക്ക് പദ്ധതി ഉണ്ടാക്കുകയാണ്. ഇവിടെ മിണ്ടാൻ ആരെങ്കിലുമുണ്ടോ? ഒന്നേമുക്കാൽ ചക്രത്തിന് ചരിത്രം പറഞ്ഞുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് നടക്കുകയാണ്. ആർക്ക് എന്ത് കിട്ടാൻ; ഈ ചർച്ചയ്ക്ക് എന്ത് പ്രസക്തി? മൂന്നരക്കോടിയോളം ജനങ്ങളുണ്ട് കേരളത്തിൽ. നാല്പത് ലക്ഷത്തോളം ആളുകൾ ഇന്ത്യക്ക് പുറത്ത് ജോലി ചെയ്യുന്നുണ്ട്. കേരളത്തിന് പുറത്ത് ഇരുപത് ലക്ഷം മലയാളികളുണ്ട്. ഈ പാവപ്പെട്ട വർഗ്ഗത്തെപ്പറ്റി സംസാരിക്കാൻ ആരുണ്ട്; ഈ ഗവൺമെന്റ് ആ കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി

വിജയന് ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുമോ; വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ; കേരളത്തിന് കിട്ടേണ്ടത് കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയുമോ? അങ്ങനെയൊരു ബിൽ വരുമ്പോൾ ധനവിനിയോഗ ബില്ലിനെപ്പറ്റി ബാക്കി കാര്യം പറയാമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. സി. എഫ്. തോമസ്: സർ, ഇത് വാസ്തവത്തിൽ ധനവിനിയോഗത്തിനുള്ള അനുവാദമാണ്. അഞ്ച് മാസം ഈ ഗവൺമെന്റ് തികച്ചു. ഈ സമയമെല്ലാം പുതിയ നല്ല പ്രഖ്യാപനങ്ങളും കാര്യങ്ങളും പദ്ധതികളുമൊക്കെയാണ് അവതരിപ്പിക്കുന്നത്. 60 വർഷത്തിന്റെ ആഘോഷങ്ങൾ നടത്തുമ്പോൾ എല്ലാവരും യോജിക്കുന്ന ഒരു കാര്യമുണ്ട്. നമ്മൾ വിചാരിച്ചതുപോലെ കുറേ കാര്യങ്ങൾ ചെയ്തു. പക്ഷേ ഒരുപാട് കാര്യങ്ങൾ മുടങ്ങിനിൽക്കുന്നു. നേട്ടങ്ങൾക്ക് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കേണ്ട നമ്മുടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും അടിസ്ഥാന ജനവിഭാഗങ്ങളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നേട്ടമാണോ കോട്ടമാണോ ഉണ്ടാക്കിയതെന്ന് ചോദിച്ചാൽ നമ്മൾ നല്ല അളവിൽ പരാജയപ്പെട്ടുപോകും. എന്താണ് ഇതിന് കാരണം? പദ്ധതികൾ

സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ധനവിനിയോഗം ശരിയായി നടക്കുന്നില്ല. പദ്ധതികൾ പ്രഖ്യാപിക്കുന്നതില്ലല്ലോ കാര്യം. ഐ.എ.വൈ. പദ്ധതിയിൽ ഒരു വീടിന് മൂന്ന് ലക്ഷം രൂപയാക്കുമെന്ന് ഇന്ന് രാവിലെ ഇവിടെ പറഞ്ഞു. രണ്ട് ലക്ഷം രൂപയായിരുന്നത് മൂന്ന് ലക്ഷം രൂപയാക്കുമെന്ന് പറഞ്ഞു. ഒരു ലക്ഷം രൂപയുടെ തർക്കം ഇവിടെ വന്നു. അഞ്ച് മാസത്തിനുള്ളിൽ പരിഹരിക്കാവുന്ന പ്രശ്നമായിരുന്നു അത്. ഞാൻ ഗവൺമെന്റിന്റെ നീക്കത്തിന്റെ ലക്ഷണം കാണുമ്പോൾ പഴയ രീതിയിൽ കാര്യങ്ങൾ പോകുന്നു എന്ന തോന്നലാണ്. പാവപ്പെട്ട പട്ടികജാതിക്കാരുടെ പൂർത്തിയാക്കാത്ത വീടുകൾക്ക് ഈ ഒരു ലക്ഷം രൂപ ആര് കൊടുക്കുമെന്ന് ഇപ്പോഴും തീരുമാനമായില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയും ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പ് മന്ത്രിയുമുണ്ട്. രാവിലെ ഇവിടെ തർക്കമായിരുന്നു. തർക്കത്തിന് അവസാനമില്ലേയെന്ന് ഭരണകക്ഷി ബെഞ്ചിൽനിന്നുതന്നെ പറഞ്ഞു. ഇത് അനുഭവിക്കുന്നത് പാവപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങളാണ്. ഐ.എ.വൈ. പദ്ധതികളെല്ലാം പൊളിഞ്ഞ് കിടക്കുകയല്ലേ; ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പോയില്ലേ; എം.എൻ. ഗോവിന്ദൻ നായർ കൊണ്ടുവന്ന ഒന്നാന്തരം

ലക്ഷം വീട് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞോ? ഞങ്ങൾ വീടുകൾ എല്ലാവർക്കും കൊടുക്കുമെന്ന് ഇപ്പോൾ പറയുന്നു. ഇത് പറയുമ്പോഴും ഒരു കാര്യം പരിശോധിക്കണം. നടത്തിയ പ്രഖ്യാപനങ്ങൾ നടന്നോ? നമ്മുടെ സ്റ്റേറ്റിന്റെ ഒരു വലിയ കുഴപ്പമാണിത്. ഞാൻ രണ്ട് പക്ഷവും തിരിഞ്ഞ് പറയുന്നില്ല. ഇവിടെ പദ്ധതി പ്രഖ്യാപിക്കുന്നതിൽ എല്ലാവരും മിടുക്ക് കാണിക്കുന്നുണ്ട്. പക്ഷേ അതിന്റെ നിർവ്വഹണത്തിൽ, ധനവിനിയോഗത്തിൽ സമയബന്ധിതമായി കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കുന്നുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി ക്യാബിനറ്റിൽ പദ്ധതികൾ പ്രഖ്യാപിക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ് ടൈം ബൗണ്ടായി ആ പദ്ധതി നിർവ്വഹണവും പണത്തിന്റെ വിനിയോഗവും. ഇപ്പോൾ ഇരുപതിനായിരം കോടി രൂപയുടെ പുതിയ അടിസ്ഥാന സൗകര്യ നിധിയൊക്കെ വരാൻ പോകുകയാണ്. പലിശ കൊടുക്കേണ്ട വായ്പയാണ് എടുക്കാൻ പോകുന്നത്. ഓരോ വർഷത്തേയ്ക്കുമുള്ള ധനവിനിയോഗം കൃത്യമായി ടൈം നോക്കി ചെലവാക്കാനും പദ്ധതികൾ പൂർത്തീകരിക്കാനും ശ്രദ്ധിക്കണമെന്ന് ഞാൻ പ്രത്യേകം അഭിപ്രായപ്പെടുകയാണ്. ഗവൺമെന്റിന്റെ പ്രവർത്തനത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നില്ലെന്നുള്ള ഒരു ലക്ഷണം ഇന്ന് രാവിലത്തെ

ചർച്ചയിൽ നിന്നും മനസ്സിലായതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. ധനവിനിയോഗ ബില്ലാണ് ഏറ്റവും ഗൗരവമായി ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഇത് ചർച്ച ചെയ്യുന്ന അവസരത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉണ്ടായിരുന്നില്ല. പകരം ചാർജ്ജുള്ള ആളുണ്ടെന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉണ്ടായിരുന്നില്ല. ആ സമയത്ത് ചെയറിൽ ഇരുന്ന ആളിനെ മോശമാക്കുന്നില്ലെന്നുള്ളതുകൊണ്ട് ആ സമയത്ത് ഞാനിത് ഉന്നയിച്ചില്ല. അങ്ങ് വരുമ്പോൾ പറയാനാണിരുന്നത്. ഇതിനൊരു ഗൗരവം കൊടുക്കണം. ധനവിനിയോഗ ബിൽ ഇത്രയും ഗൗരവകരമായി ചർച്ച ചെയ്യപ്പെടുന്ന അവസരത്തിൽ ബാക്കിയുള്ള മന്ത്രിമാരുടെ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. അതെല്ലാം അങ്ങ് നോക്കി കണ്ടുകൊള്ളുക. ഇത് ഈ സഭയോടുള്ള കടുത്ത അവഗണനയും അവഹേളനവുമാണ്. അങ്ങ് ശക്തമായ റൂളിംഗ് നൽകണം.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റുമായി ബന്ധപ്പെട്ട ബാക്കി

നടപടിക്രമങ്ങളിലെല്ലാം മന്ത്രി ഇവിടെയുണ്ടായിരുന്നു. ഇന്നലെയും ഉണ്ടായിരുന്നു. ഇന്ന് അദ്ദേഹത്തിന് തീരെ ഒഴിവാക്കാൻ കഴിയാത്ത മീറ്റിംഗ് ആയതുകൊണ്ട് പോയതാണെന്നാണ് അറിയുന്നത്. ഏതായാലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അത് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഉദ്യോഗസ്ഥ ഗ്യാലറിയിൽ ഉദ്യോഗസ്ഥരാരുമില്ല. അതും അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. എസ്. ശർമ്മ: സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കേരളം രൂപീകൃതമായിട്ട് 60 വർഷം പിന്നിടുന്നതിന്റെ ആഘോഷത്തിലും സന്തോഷത്തിലുമാണ് മലയാളികൾ. 1956 നവംബറിൽ ഐക്യകേരളം രൂപീകരിച്ചതിനുശേഷം ഒരു വർഷം തികയുന്നതിനുമുമ്പായിരുന്നു നിയമസഭയിലേയ്ക്കുള്ള ആദ്യ തെരഞ്ഞെടുപ്പ് നടന്നത്. 1957 ഏപ്രിൽ 5-ന് ആധുനിക കേരളത്തിന്റെ രാജശില്പിയായി മഹാനായ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള, കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുത്ത സർക്കാർ അധികാരത്തിൽ വന്നു.

അന്ന് അധികാരമേറ്റെടുത്ത ഇ.എം.എസ്. മന്ത്രിസഭയാണ് ഈ 60 വർഷക്കാലം പിന്നിടുന്ന കേരളത്തിന്റെ വികസനോന്മുഖമായ ചരിത്രത്തിന്റെ ഏടുകളിലേയ്ക്ക് കണ്ണോടിച്ചാൽ, ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ അടിത്തറയിട്ട് വികസനപ്രക്രിയയ്ക്ക് തുടക്കം കുറിച്ചതെന്നു പറയാൻ കഴിയും. ഇൻഡ്യയിൽ തന്നെ പലകാര്യങ്ങൾക്കും മോഡലാണ്. കേരളം വഴികാട്ടിയായി, വെളിച്ചമായി ചരിത്രത്തിൽ ഇടം തേടുന്നതിനും അടിത്തറയിട്ട ഗവൺമെന്റായിരുന്നു അത്. ഭൂപരിഷ്ക്കരണ നിയമവും വിദ്യാഭ്യാസരംഗത്ത് സ്വീകരിച്ച നയവുമായിരുന്നു അന്നത്തെ ഗവൺമെന്റിന്റെ മാഗ്നാകാർട്ട. എന്നാൽ നമുക്കെല്ലാവർക്കുമറിയാം, ആ സർക്കാരിനെതിരെ ചരിത്രത്തിൽ മാപ്പർഹിക്കാത്തവിധം കുറ്റകരമായ നിലപാട് സ്വീകരിച്ചുകൊണ്ട് 'വിമോചനസമര'മെന്ന വിരോധാഭാസ സമരം കേരളത്തിൽ സംഘടിപ്പിച്ചു. ഇൻഡ്യൻ ഭരണഘടനയുടെ 356-ാം വകുപ്പ് ഉപയോഗപ്പെടുത്തിക്കൊണ്ട് അന്നത്തെ ഗവൺമെന്റിനെ പിരിച്ചുവിടുകയാണ് ചെയ്തത്. 1967-ൽ വീണ്ടും ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വന്നു. 1957-ന്റെ തുടർച്ചയിൽ അതിന്റെ ഒരു നയവും ഭൂപരിഷ്ക്കരണനിയമവും കാർഷികബന്ധ ബിൽ നിയമവുമെല്ലാം അക്കാലത്താണ് നിയമസഭ പാസ്സാക്കിയത്. അതിന്റെ

തുടർച്ചയിലുള്ള ഒരു ഗവൺമെന്റാണ് ഇന്ന് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്നത്. കേരളം 60 വർഷം പിന്നിടുന്ന അവസരത്തിൽ കേരളത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന് നമുക്ക് പറയാൻ കഴിയും. ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനവും ദുരിതം അനുഭവിക്കുന്നവർക്കുള്ള അടിയന്തര സഹായവും ആശ്വാസവും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുകയെന്നതാണ് സഖാവ് പിണറായി വിജയൻ നേതൃത്വം നല്കുന്ന ഗവൺമെന്റിന്റെ നയം. വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി തടസ്സമായിക്കൂടാ എന്ന ലക്ഷ്യത്തോടുകൂടിയാണ് അടിസ്ഥാന സൗകര്യവികസനത്തിന് സർക്കാർ മുൻതൂക്കം കൊടുത്തുകൊണ്ടും അത് നമുക്ക് അനുഭവേദ്യമാകും വിധം ഭാവിയിലേയ്ക്ക് പങ്ക് വഹിക്കാൻ കഴിയുന്നതിന് നേതൃത്വം കൊടുത്തുകൊണ്ടും നിർവ്വഹിച്ചിട്ടുള്ളത്. പരിസ്ഥിതി സൗഹാർദ്ദത്തിലൂന്നിയ വികസന നയം ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന് അടിസ്ഥാനമാകുന്ന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഭാരതത്തിന് മാതൃകയായി കേരളത്തിലെ ആദ്യത്തെ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസനിയമവും ആ കാലയളവിലും പിൽക്കാലത്തും

സംസ്ഥാനത്തുണ്ടാക്കിയ സ്വാധീനം വളരെ വലുതാണ്. ഭൂവുടമ ബന്ധത്തിൽ മാറ്റം വരുത്തിയ ഭൂപരിഷ്കരണനിയമം സാധാരണക്കാരായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതരീതിയിലും സ്വാഭാവികമായ മാറ്റം പ്രകടമാക്കുന്നതായിരിക്കും. ജന്മിയിൽ നിന്നും പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്തിരുന്നവർ ഒഴിഞ്ഞുകൊടുക്കേണ്ട എന്ന നിയമം, അതുവരെ ഭൂമിയിൽ തന്റെ അദ്ധ്വാനം മുഴുവൻ ചെലവഴിച്ച കൃഷിയിറക്കിയിരുന്ന കർഷകരെ ഭൂവുടമകളാക്കി തീർത്തു. 1957 സെപ്റ്റംബറിൽ എഡ്യൂക്കേഷൻ റൂൾസും അന്ന് പാസ്സാക്കി. അതിൽ ചില ഭേദഗതികളുണ്ടെങ്കിലും ഘടന ഇന്നും അതുതന്നെയാണ് തുടരുന്നത്. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഏകീകൃത ബില്ലായിരുന്നു. സ്വകാര്യ മാനേജ്മെന്റുകളുടെ പിടിയിലമർന്നിരുന്ന ആ സ്ഥിതിവിശേഷത്തിന് ഒരു മാറ്റം വന്നു. കേരളം പേരിൽ മാത്രമല്ല, കാർഷികമേഖലയിലുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിന് ഊർജ്ജം പകർന്ന നടപടികളാണ് 1957-ലെ കുടിയൊഴിപ്പിക്കൽ നിയമംമൂലം സാധ്യമായത്. ഇന്ന് ഏതെങ്കിലും ഒരു മേഖലയിൽ കേരളം പുരോഗതി കൈവരിക്കുന്നുണ്ടെങ്കിൽ ആ പുരോഗതിയുടെ രക്തയോട്ടവും വേരും സൂക്ഷ്മമായി നിരീക്ഷിച്ചുകഴിഞ്ഞാൽ 1957-ലെ കാർഷിക പരിഷ്കരണ നിയമത്തിന്റെ

തുടർച്ചയും അനുബന്ധവുമെല്ലാം അതിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാൻ കഴിയും. 60 വർഷം മുമ്പ് ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ച ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയും അതിന്റെ അടിസ്ഥാനവും കാർഷികമേഖലയായിരുന്നു. ഏതാനും വർഷങ്ങൾ ജന്മി-കുടിയാൻ ബന്ധത്തിലെ ചൂഷണങ്ങളുടെയും ചതികളുടെയും ചരിത്രമായിരുന്നുവെങ്കിൽ, മണ്ണിനുവേണ്ടിയുള്ള പോരാട്ടം തുടങ്ങിയതും അടിമത്വത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചതും വയലുകളിൽ നിന്നായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആദ്യസമരങ്ങളും വിദ്യാഭ്യാസചിന്തകളും ഉടലെടുത്തതും കൃഷിയിടങ്ങളിൽ നിന്നായിരുന്നു. വാരവും പാട്ടവും പിഴയും പിഴപാട്ടവും തീണ്ടാപാടുകളുമെല്ലാം വയൽവരമ്പുകളിൽ പുതിയ ചിന്തകളുടെ വിത്തുകൾ പാകി. 'തമ്പ്രാൻ എന്ന് വിളിപ്പിക്കും പാളയിൽ കഞ്ഞികുടിപ്പിക്കും' എന്ന ജന്മിമാരുടെയും ഭൂസ്വാമിമാരുടെയും പ്രമാണിവർഗ്ഗത്തിനെതിരായിട്ടുള്ള പോരാട്ടത്തിൽ 'തമ്പ്രാൻ എന്ന് വിളിക്കില്ല പാളയിൽ കഞ്ഞികുടിക്കില്ല' എന്ന മുദ്രാവാക്യം ഉയർത്തി നേതൃത്വം കൊടുക്കുകയും പങ്കുവഹിക്കുകയും ചെയ്ത കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന് ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലുള്ള ആളുകൾ അക്കാലത്ത് ചരിത്രപരമായി നേതൃത്വം കൊടുത്തവരാണ്. സന്ദർഭവശാൽ,

ഇന്ന് 60-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ അധികാരത്തിലിരിക്കുന്നത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് നേതൃത്വം വഹിക്കുന്ന സർക്കാർ തന്നെയാണ്. അതാകട്ടെ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ജന്മം നൽകിയ പിണറായി എന്ന ഗ്രാമത്തിൽ ജനിച്ച് കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനായി വളർന്ന സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാരാണെന്നുള്ളതും ചരിത്രത്തിന്റെ നിയോഗമായി നമുക്ക് കണക്കാക്കാം. ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ, ചട്ടമ്പിസ്വാമി, അയ്യൻകാളി, വൈകുണ്ഠ സ്വാമി, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ യോഹന്നാൻ എന്നിവർ ഉഴുതുമറിച്ച ഈ മണ്ണ് നവോത്ഥാന പ്രസ്ഥാനത്തിന്റെ ചരിത്രപരമായ മുന്നേറ്റത്തിലൂടെ ദേശീയപ്രസ്ഥാനത്തിന്റെ അടിത്തറയിൽ ഇടതുപക്ഷപുരോഗമന പ്രസ്ഥാനങ്ങളുടെ കർമ്മോത്സുകമായ മുന്നേറ്റത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ഈ സംസ്കൃതി നഷ്ടപ്പെടാതെ നോക്കിയെന്നതാണ് കേരളത്തെക്കുറിച്ച് ചിന്തിക്കുന്ന ഓരോ പൗരന്റെയും ദേശാഭിമാനപരമായ കടമ. കാർഷിക സമ്പദ്ഘടനയിൽ അടിയുറച്ച് വികസിച്ച കേരളത്തിന്റെ സമ്പദ്ഘടന കാർഷികമേഖലയുടെ സംഭാവനയും വളർച്ചയും

പിന്നീട് കുറഞ്ഞുവരുന്നതായി കണ്ടു. ആ സംസ്കൃതി വീണ്ടെടുക്കാനാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആറന്മുളയിൽ വിത്ത് വിതച്ചതും കാർഷികോല്പാദനത്തിന് നേതൃത്വം കൊടുക്കുന്നതുമായ ഒരു കാഴ്ചപ്പാട് നമ്മളെല്ലാം കണ്ടത്. ഉല്പാദനപ്രക്രിയയിൽ നഷ്ടപ്പെട്ടുപോയ കാർഷികമേഖല നമുക്ക് അന്യമെന്ന് കണക്കാക്കിയിരുന്നത് അന്യമല്ലെന്ന് പ്രാപ്യമാണ്. കാലത്തിന്റെ മുന്നിൽ കാണിച്ചുകൊടുക്കുന്ന കണ്ണാടിയെപ്പോലെ കാർഷികോല്പാദനത്തിന് പങ്കുവഹിച്ചുകൊണ്ട് ഒരു പുതിയ മുന്നേറ്റത്തിന് വഴിയൊരുക്കുന്നു. ഇക്കാലയളവിൽ സമ്പദ്ഘടനയ്ക്ക് താങ്ങാൻ കഴിഞ്ഞത് ഗൾഫ് മലയാളികളുടെ വരവും അവരുടെ സമ്പാദ്യവുമാണ്. എന്നാൽ ഈ വളർച്ച കൂടുതലും പ്രകടമായത് നിർമ്മാണമേഖലയിലും റിയൽ എസ്റ്റേറ്റ് വികസനത്തിലുമാണ്. സാമ്പത്തികമായ മുരടിപ്പിൽ നിന്ന് രക്ഷപ്പെടാനായെങ്കിലും അടിസ്ഥാനവികസന മേഖലയായ കാർഷികമേഖലയിലെ മുരടിപ്പ് ഇക്കാലയളവിലും തുടർന്നു. ഗൾഫ് മലയാളികളുടെ സംഭാവന വ്യാവസായിക മേഖലയിലെ വളർച്ചയ്ക്കും വളരെയേറെ ഗുണം ചെയ്യുന്നതിനും ഇടയാക്കിയിട്ടുണ്ട്. ഈ പൊതുസേവന മേഖലകളുടെ വളർച്ചയ്ക്ക് ഗൾഫ് മലയാളികളുടെ സംഭാവന ഉണ്ടായിട്ടുണ്ട്.

ടൂറിസവും, വിവരസാങ്കേതികവിദ്യയും കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന മേഖലയിലേക്ക് വളരാൻ വിദേശമലയാളികളുടെ സേവനം ഉപകരിച്ചിട്ടുണ്ട്. കേരളം കൈവരിച്ച നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതിന്റെ ഒരു പ്രത്യേക ദിശാസന്ധിയിൽ നിന്നുകൊണ്ടുള്ള 300-ന്റെ പ്രഖ്യാപനമാണ് ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി നേരത്തെ ഇവിടെ നിർവ്വഹിച്ചത്. ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ 'Statutory Rationing System'-ലൂടെ നേടിയെടുത്ത ഈ നാടിന്റെ മഹത്തായ അവകാശത്തിനുനേരെയുള്ള കടന്നാക്രമണം ഒരർത്ഥത്തിൽ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പശ്ചാത്തലത്തിൽ നടന്നു. അതിന് നമുക്ക് നഷ്ടപ്പെട്ടത് 1,65,000 ടൺ അരിയാണ്. ഭക്ഷ്യസുരക്ഷയെപ്പറ്റി പ്രത്യേകിച്ചൊന്നും ഉന്നയിക്കുന്നില്ല. എന്നാൽ അതിന് രാഷ്ട്രീയമായ ഉത്തരവാദിത്വം കോൺഗ്രസ്സിനുണ്ടെന്ന് വിമർശനപരമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തെക്കുറിച്ച് ആരെയും പോലെ തന്നെ അടുത്തോ അതിനെക്കാൾ കൂടുതലോ അറിയാവുന്ന ഒരാളായിരുന്നു അന്നത്തെ ഇന്ത്യയുടെ ഭക്ഷ്യവകുപ്പുമന്ത്രി. ഭക്ഷ്യമന്ത്രിയെന്ന നിലയ്ക്ക് പ്രൊഫ. കെ. വി. തോമസ് ആയിരുന്നു ആ നിയമം പാർലമെന്റിൽ പൈലറ്റ് ചെയ്തത്. അദ്ദേഹം പൈലറ്റ്

ചെയ്ത നിയമത്തിലാണ് കേരളത്തിന് കിട്ടേണ്ടുന്ന വിഹിതം കിട്ടാതെ പോയത്. അതിന് വേറെ എവിടെയാണ് കുറവ്, ആർക്കാണ് വീഴ്ച, എന്താണ് സംഭവിച്ചത്? അക്കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നമ്മൾ തന്നെ അസംബ്ലിയിൽ സംസാരിച്ചു. അഡ്ഹോക്ക് അലോട്ട്മെന്റിലേ കിട്ടുകയുള്ളൂവെന്നാണ് അന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. അഡ്ഹോക്ക് എന്നുപറഞ്ഞാൽ താൽക്കാലികമാണ്. താൽക്കാലിക അലോട്ട്മെന്റിന് സ്ഥിരതയില്ല. പക്ഷെ ആ കുറവ് ഇപ്പോൾ സംഭവിച്ചുവെങ്കിലും സാമ്പത്തിക ബാധ്യതയുടെ നടുവിൽ നിന്നുകൊണ്ട് ആ കുറവ് പരിഹരിക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്ന സന്തോഷകരമായ വാർത്ത ഭക്ഷ്യവും സിവിൽസപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ പ്രഖ്യാപിച്ചത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തിട്ടില്ലായെന്നും അതുകൊണ്ടാണ് ഈ കുഴപ്പം സംഭവിച്ചതെന്നുമാണ് പ്രൊഫ. കെ. വി. തോമസ് എഴുതിയ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുള്ളത്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, കഴിഞ്ഞ ഗവൺമെന്റ് ഈ കുറവ് ശരിയായ

രീതിയിൽ കണ്ടിരുന്നു. ആ കുറവ് പരിഹരിക്കുന്നതിന് അഡ്ഹോക്ക് അലോട്ട്മെന്റ് കിട്ടുമെന്ന് കേന്ദ്രം പറഞ്ഞിട്ടുണ്ടെന്നാണ് ചോദ്യത്തിനു മറുപടിയായി മുഖ്യമന്ത്രി പറഞ്ഞത്. അഡ്ഹോക്ക് അലോട്ട്മെന്റിന് ഒരു പ്രൊട്ടക്ഷനില്ല. അത് മാനത്തെറിഞ്ഞ വടി പോലെയാണ്. കിട്ടിയാൽ കിട്ടി. കിട്ടിയില്ലെങ്കിൽ കിട്ടിയില്ല. അതാണ് അഡ്ഹോക്ക് അലോട്ട്മെന്റെന്ന് പറയുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തെ ചോരക്കളമാക്കി മാറ്റാനും എൽ.ഡി.എഫ്. സർക്കാരിനെ അപമാനിക്കാനുമുള്ള നീക്കമാണ് ആർ.എസ്.എസ്.-ബി.ജെ.പി. സംഘ്പരിവാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ രണ്ടു സംഘടനകളുടെയും നേതൃത്വത്തിൽ നടക്കുന്ന ആക്രമണ നടപടികളിൽ..... എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽനിന്നുമാത്രം സി.പി.ഐ. (എം)-ന്റെ മൂന്ന് പ്രവർത്തകരെ ആർ.എസ്.എസ്. ക്രിമിനലുകൾ കൊലപ്പെടുത്തുകയുണ്ടായി. അതിനെത്തുടർന്ന് അവർ അത് മറച്ചുവയ്ക്കാൻ ഡൽഹിയിൽ സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിന്റെ മുൻപിലേയ്ക്ക് ആർ.എസ്.എസ്.-കാർ മാർച്ച് നടത്തുകയും ഭീഷണിപ്പെടുത്തുകയും ശ്രീ. സീതാറാം യെച്ചൂരിക്ക് വധ ഭീഷണിയുടെ സന്ദേശം അയയ്ക്കുകയും ഓഫീസ് ആക്രമിക്കുകയും ചെയ്തു.

ഇവിടെ പ്രവർത്തകർ കുത്തിയും വെട്ടിയും കൊലപ്പെടുത്തുകയും ചെയ്തിട്ട് അവിടെ ചെന്ന് ആക്രമിക്കുന്നുവെന്ന് തിരിച്ചാക്ഷേപം ഉന്നയിക്കുന്നു. ഇതൊരു ഗീബൽസ്യൻ തന്ത്രമാണ് എല്ലാക്കാലവും സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടൊരു സംസ്ഥാനമാണ് കേരളം. മനുസ്മൃതിയും ചാതുർവർണ്ണ്യവും അടിച്ചേൽപ്പിച്ച ജാതീയ ക്രൂരതകൾക്കെതിരെ മനുഷ്യനെ മനുഷ്യനായി മാത്രം കാണാനും ബന്ധങ്ങൾ വളർത്താനും ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യൻകാളിയുമുൾപ്പെടെയുള്ള നവോത്ഥാന നായകന്മാരുടെ നേതൃത്വത്തിൽ നടന്ന ജനകീയ മുന്നേറ്റങ്ങൾ, നവോത്ഥാന പ്രസ്ഥാനത്തിന്റെ തുടർച്ചയായി കൊളോണിയൽ വ്യവസ്ഥ ദേശീയ പ്രസ്ഥാനവും സംസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നതിൽ വലിയ പങ്ക് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിട്ടുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിരവധി ആളുകൾ രക്തസാക്ഷിത്വം വരിക്കുകയും തന്മൂലം മതനിരപേക്ഷവും പുരോഗമനപരവുമായ ജനകീയ മുന്നേറ്റത്തിൽ വേരുറപ്പിക്കാൻ വർഗ്ഗീയ ശക്തികൾക്കും വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾക്കും വടക്കേ ഇന്ത്യയിൽ കഴിഞ്ഞതുപോലെ കേരളത്തിൽ കഴിഞ്ഞില്ലായെന്നുള്ളത് ഈ സാഹചര്യത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നുണ്ട്. വടക്കേ

ഇന്ത്യയിൽ അഴിഞ്ഞാടുന്ന ദളിത് പീഡനം, സാഹിത്യകാരന്മാരെ വധിക്കുക, ഭീകരാക്രമണം നടത്തുക, ഒരു ഭീകര സ്വഭാവത്തോടുകൂടി വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അഴിഞ്ഞാടുമ്പോൾ  അതിനെയെല്ലാം എതിരായി പോരാടാൻ, ആ പോരാട്ടം ജനങ്ങളെ വർഗ്ഗീയമായി ഭിന്നിപ്പിച്ച് ആഗോളവൽക്കര നവ ഉദാരവൽക്കരണ നയങ്ങൾക്കെതിരായി രാജ്യത്ത് വളർന്നുവരുന്ന തൊഴിലാളി സംഘടനകളുടെ ഐക്യവും തൊഴിലാളി കർഷക ബഹുജന ഐക്യവും ജനാധിപത്യ മതേതരശക്തികളുടെ കെട്ടുറപ്പും തകർക്കാനുള്ള ആർ.എസ്.എസ്. സംഘ്പരിവാർ നീക്കത്തിന് ശ്രീ. നരേന്ദ്ര മോദി ഭരണത്തിന്റെ പിന്തുണയുണ്ട്. അതിനെതിരായി ജനങ്ങളെ അണിനിരത്തുമ്പോൾ രണ്ടും ഒന്നാണ് എന്ന കോൺഗ്രസ്സിന്റെ നിരീക്ഷണം ഫലത്തിൽ ഈ വർഗ്ഗീയ പ്രീണനത്തിന് സഹായിക്കും.  സി.പി.ഐ.(എം). ബി.ജെ.പി.-യും ഒന്നാണെന്ന അസസ്സ്മെന്റാണ് ഏത് സംഭവത്തിനും വരുന്നത്.  1948 ജനുവരി 30-ന്  ബിർള മന്ദിരത്തിൽ  രഘുപതി രാഘവ രാജാറാം പതീത പാവന സീതാറാം എന്ന് ഉരുവിട്ട ഗാന്ധിജിയെ പച്ചയായി വെടിവെച്ചു കൊലപ്പെടുത്തിയ ഗോഡ്സെയുടെ പൈതൃകമുള്ള ആർ.എസ്.എസ്.-ഉം അവരുടെ ആക്രമണത്തിന് ഇരയായി രക്തസാക്ഷിത്വം

വരിക്കേണ്ടി വരുന്ന സി.പി.ഐ.(എം)-ഉം ഒരു പോലെയാണെന്ന നിരീക്ഷണത്തിൽ നിങ്ങൾ എത്തുന്നുവെങ്കിൽ ഇന്ത്യ കണ്ട വരുകാലം രാഷ്ട്രീയത്തിൽ ഏറ്റവും അപക്വമായ നിരീക്ഷണമായിരിക്കും കോൺഗ്രസിന്റേതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലിനെ എങ്ങനെയാണ് അനുകൂലിക്കുന്നത്; ഭരണപരിഷ്കാര കമ്മീഷന് പണം ചോദിക്കുന്ന നിങ്ങൾക്ക് ഇത്രയും നാളായിട്ടും ബഹുമാന്യനായ മുൻമുഖ്യമന്ത്രി, ഇപ്പോഴത്തെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനെ കുടിയിരുത്താൻ കഴിഞ്ഞോ; പണയം വച്ച പാത്രത്തിന്റെ അവസ്ഥയല്ലേ അദ്ദേഹത്തിന്. മുൻമുഖ്യമന്ത്രിയെ അപമാനിക്കലല്ലേ; പാത്രമെടുക്കണമെങ്കിൽ പണയം വച്ചവർ വരണം, ബഹുമാനപ്പെട്ട പിണറായി വിജയൻ അതിന് തയ്യാറല്ല. ഭരണപരിഷ്കാര കമ്മീഷന്റെ സ്ഥിതിയിതാണെങ്കിൽ ഭരണത്തേ പറ്റി പറയണോ; ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം. ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കാൻ കഴിയുമോ; ഒരിക്കലും പിന്തുണയ്ക്കാൻ കഴിയില്ല. സ്വകാര്യവ്യക്തികളുടെ ഒന്നര ഏക്കർ

സ്ഥലത്ത് വിത്തിറക്കിയിട്ട് ഇത് ആറന്മുള വിമാനത്താവളത്തിലാണെന്ന് പെരുമ്പറ കൊട്ടി നടക്കാൻ നാണമില്ലേ നിങ്ങൾക്ക്? ദേശാഭിമാനി പത്രകട്ടിംഗാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. (ദേശാഭിമാനി പത്രം ഉയർത്തി കാട്ടി) വിമാനത്താവളത്തിൽ വിത്തിറക്കിയെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഖജനാവിൽ ഉണ്ടാക്കിയ കോട്ടങ്ങൾ എന്തൊക്കെയാണെന്ന് പറയട്ടെ; സ്വാശ്രയമാനേജ്മെന്റുകൾക്ക് പത്തു മൂവായിരം രൂപ ഉണ്ടാക്കിക്കൊടുത്തു അത് വലിയൊരു നേട്ടമാണ്. ലോട്ടറി വ്യവസായത്തെ സാന്റിയാഗോ മാർട്ടിന്റെ അനുയായികളുടെ കൈകളിലേയ്ക്ക് മൂന്നക്ക ലോട്ടറിയിലൂടെ എത്തിച്ചു കൊണ്ടിരിക്കുകയാണ്. അതും വേണമെങ്കിൽ നേട്ടമാണ്. അഞ്ച് ലക്ഷം ഏക്കർ സ്ഥലം വിദേശ കമ്പനികളിൽ നിന്നും കഷ്ടപ്പെട്ട് ശ്രീ. അടൂർപ്രകാശിനെ പോലെയുള്ള റവന്യൂ മന്ത്രിമാർ ഉമ്മൻചാണ്ടി ഗവൺമെന്റ് പിടിക്കാൻ തീരുമാനിച്ച് നല്ല ഉദ്യോഗസ്ഥനെ വച്ച് പോയപ്പോൾ ശ്രീമതി സുശീലാ ഭട്ടിനെ മാറ്റി സ്റ്റേ വാങ്ങി പോകാൻ നിങ്ങൾ അവസരം ഉണ്ടാക്കിക്കൊടുത്തു. പിന്തുണയ്ക്കാൻ കഴിയുമോ? കണ്ണൂരിലെ കൊലപാതകത്തെപ്പറ്റി പറയുമ്പോൾ **സാംപുട് ലീ** 1922-ൽ പ്രസിദ്ധീകരിച്ച **''ഷക്കോ ഉലിബാജറ്റ്''** എന്ന സമാഹാരത്തിലെ ഒരു bolshevik കവിത

ഞാൻ വായിക്കാം.

"പ്രേമത്തെക്കുറിച്ച് പാടാനാണ് നിങ്ങൾക്കിഷ്ടം. എന്നാൽ പാട്ടുകൾ വേറെ ഞാൻ പഠിപ്പിക്കാം. രക്തത്തെക്കുറിച്ച്, വധത്തെക്കുറിച്ച്, മരണത്തെക്കുറിച്ച്, ബിലാക്കിന്റെ ലളിതമായ പരിമളം മട്ടുത്തു കൊലപാതകത്തിന്റെ പൂപ്പടയാണ് എനിക്കിഷ്ടം. അയൽക്കാരനെ സ്നേഹിക്കുന്നവനെ കുരിശിൽ തറയ്ക്കുക, അതാണ് ആഹ്ലാദത്തിന്റെ പരകോടി. ഒരു മനുഷ്യനെ തുണ്ടുതുണ്ടാക്കുന്നത് എന്തൊരു രസമാണ്. നോക്കൂ ഭയം കൊണ്ട് അവൻ അങ്ങനെ ഞെട്ടി വിറയ്ക്കുന്നു. ആരാച്ചാർ സാവകാശത്തിൽ അവന്റെ കഴുത്ത് ഞെരിച്ച് കൊല്ലുമ്പോൾ അവൻ അങ്ങനെ കിടന്ന് പിടയ്ക്കുന്നു. മുറിവേൽക്കുമ്പോൾ എത്ര സന്തോഷപ്രദമാണ് കേൾക്കൂ നിങ്ങളുടെ കൊലവിളി ഒരു കയർ ഒരു വെടി ഒരു ചുവർ... ശ്മശാനം നിന്റെ വിധിയാണ്...."

(ബഹളം)....

ഇതാണ് കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുന്നത്. ഐ.എ.എസ്., ഐ.പി.എസ്. പോരാട്ടം സത്യസന്ധതയ്ക്ക് പേരുകേട്ട ധനകാര്യവകുപ്പ് സെക്രട്ടറിയെ വെടക്കാക്കി തനിക്കാനാണല്ലോ ശ്രമം.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പോയിന്റ് ഒഫ് ഓർഡർ.. ശ്രീ. പി. ടി.

തോമസ്, അങ്ങ് വായിച്ചത് bolshevik കവിതയല്ല. അങ്ങ് എഴുതിയ ആളിന്റെ പേര് പറയണം. ഇതൊരു ഫാസിസ്റ്റ് കവിതയാണ്. ആരാണ് എഴുതിയത്? കവിയുടെ പേര് പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, നിങ്ങൾ കേൾക്കാത്തതിന് ഞാൻ കുറ്റവാളിയാണോ? എം. കെ. ഗാന്ധി 1925-ൽ Young India-ൽ ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വേണമെങ്കിൽ നിങ്ങൾക്ക് പരിശോധിക്കാം. മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിലുള്ള ഒളിയമ്പുകൾ അത് എന്താണെന്ന് ഞാൻ പറയുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ബാലനും ഡോ. ടി. എം. തോമസ് ഐസക്കുമൊക്കെ ഓരോ ദിവസവും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ അപ്രമാദിത്യം ഓർത്തുള്ള സി.പി.ഐ.(എം) -ന്റെ ഗാന്ധാരി വിലാപം ഇതല്ലേ നിങ്ങളുടെ നേട്ടങ്ങൾ. ഇതിനെ ഞങ്ങൾക്ക് പിന്തുണയ്ക്കാൻ സാധിക്കുമോ? ഇല്ലേയില്ല എന്ന് മാത്രമേ പറയാനുള്ളൂ. ശ്രീ. ഉമ്മൻചാണ്ടി സർക്കാർ 153 ശതമാനം മൂലധനം വർദ്ധിപ്പിച്ചു. 95 ശതമാനം പദ്ധതി ചെലവഴിച്ചു. നികുതിയേതര വരുമാനം 325 ശതമാനം വർദ്ധിപ്പിച്ചു. നിങ്ങളോ 6 മാസം കൊണ്ട് പിഞ്ഞാണ കടയിൽ കയറിയ കാളകുട്ടനെ പോലെ കാര്യങ്ങൾ ശരിയാക്കി. എ.ഡി.ബി.-യെ

എതിർത്തത്, സ്വകാര്യമേഖലയെ എതിർത്തത്, വിരുന്നുവന്നവൻ വീട്ടുകാരനായി എന്ന മട്ടിലായിരിക്കുന്നു. മുതലാളിത്ത സമ്പദ്ഘടനയുടെ മുഖ്യ ആരാധികയുടെ ഗീതോപദേശത്തിൽ ഇങ്ങനെ തേര് തെളിയിക്കപ്പെടുകയാണ്. ഈയവസരത്തിൽ ഒരു കാര്യമോർത്തു പോകുന്നു. ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഇല്ലാതിരുന്നത് മോശമായി. 2003 ജൂൺ 24-ന് നമ്മുടെ നിയമസഭിയിൽ അന്നത്തെ സ്പീക്കർ എം.എൽ.എ.-മാർക്കായി ഒരു ചർച്ച സംഘടിപ്പിച്ചു. " How the State of Kerala has performed during this decade" ഇതായിരുന്നു വിഷയം. ഇതിൽ പങ്കെടുക്കാൻ വന്ന സാമ്പത്തിക വിദഗ്ദ്ധന്മാർ വിവേക് ഒബ്റോയിയും, ലാവിഷ് ഭണ്ഡാരിയുമായിരുന്നു. ഇവർ ഗീതാ ഗോപിനാഥിനെ പോലുള്ള മുതലാളിത്ത രാഷ്ട്രങ്ങളുടെ വക്താക്കളാണെന്ന് പറഞ്ഞ് ഡോ. ടി. എം. തോമസ് ഐസക്കടക്കമുള്ള അന്നത്തെ ഇടതുപക്ഷ എം.എൽ.എ.-മാരെല്ലാം ആ ചർച്ച ബഹിഷ്കരിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ സംഘടിപ്പിച്ച ചർച്ച ബഹിഷ്കരിച്ചു. ഞാൻ രേഖയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് ഇന്നലെ ചെയ്തൊരു അബദ്ധം ഇന്നത്തെ ആചാരമാകാം നാളത്തെ ശാസ്ത്രമതാകാം എന്നുള്ളതാണ്.

ഇന്നലെ കേരളപ്പിറവിയുടെ 60-ാം പിറന്നാൾ പ്രമാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ ഐക്യകേരള രൂപീകരണത്തെക്കുറിച്ച് നടത്തിയ പരാമർശം സംബന്ധിച്ച് ചില കാര്യങ്ങൾ പറയാതിരുന്നാൽ അത് തെറ്റായി രേഖയിൽ കിടക്കും. ഐക്യകേരള രൂപീകരണത്തെക്കുറിച്ച് പറയുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ മാറ്റിനിർത്തി ആർക്കെങ്കിലും എന്തെങ്കിലും പറയാൻ കഴിയുമോ; അത് പ്രതിഷ്ഠയില്ലാത്ത അമ്പലം പോലെയാണ്. ഭാരതത്തിലെ ജനകോടികളുടെ മൂർത്തിബിംബമായ കോൺഗ്രസ്സിനെ മറന്ന് ഏത് ഐക്യകേരളത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. എല്ലാ നേട്ടങ്ങളും ഞങ്ങളുടേതാക്കാനുള്ള ബീഭത്സ്യൻ തന്ത്രമാണ് കമ്മ്യൂണിസ്റ്റുകാരുടെ മുഖമുദ്ര. എന്താണ് സത്യം; 1920-ൽ നാഗ്പൂർ എ.ഐ.സി.സി.യാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനമുണ്ടാക്കാൻ തീരുമാനിച്ചത്. അത് സത്യമല്ലേ? അതിന്റെ അടിസ്ഥാനത്തിൽ 1921-ൽ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുണ്ടായി. ഈ കേരളത്തിൽ ഐക്യ കേരളമില്ലേ; 1928-ൽ സമസ്ത കേരള സാഹിത്യ പരിഷത്തുണ്ടായി. അതിൽ ഐക്യ കേരളമില്ലേ; തൃശ്ശൂരിൽ ഐക്യകേരള സമ്മേളനം നടന്നു. 1945-48 കാലത്ത് ഇ.എം.എസ്. എഴുതിയ ഒന്നേകാൽ കോടി മലയാളികൾ, കേരളം മലയാളികളുടെ മാതൃഭൂമി എന്നീ കൃതികളാണ്

ഐക്യകേരളമുണ്ടാക്കിയത് എന്നൊക്കെ പറയുന്നത് ചരിത്ര നിഷേധമല്ലേ; ഇത്തരം ചില സൂത്രപ്പണികൾ കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ എന്നും ഉന്നയിച്ചിട്ടുണ്ട്. ഇവരുടെ മറ്റൊരു അവകാശ വാദം, സർ. സി.പി.യെ ഓടിച്ചത് ഇവരാണെന്നാണ്. സത്യത്തിൽ ചരിത്രത്തിലെന്താണ് സംഭവിച്ചത്; ശ്രീ. ജി. സുധാകരന് അറിയാം. സർ. സി.പി യെ വെട്ടാൻ കെ.സി.എസ്. മണിക്ക് വാൾ പണിതുകൊടുത്ത കെ.പി.സി.സി പ്രസിഡന്റ്, കുമ്പളത്ത് ശങ്കുപ്പിള്ളയുടെ അനുയായികളായ ഞങ്ങളോട് പറയുകയാണ് 'സി.പി യെ വെട്ടിയ നാടാണേ ഓർത്തു ഭരിച്ചോ സൂക്ഷിച്ചോ' എന്ന്. ഇതല്ലേ ഇവരുടെ പരിപാടി. ഇവരുടെ മറ്റൊരു വാദം, ലോകത്ത് ബാലറ്റിലൂടെ അധികാരത്തിലേറിയ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ 1957-ലെ ഇ.എം.എസ്. സർക്കാരാണെന്നാണ്. 1945-ൽ യുറോപ്പിൽ സാന്റ് മാരിയാവോയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ബാലറ്റിലൂടെ അധികാരത്തിൽ വന്നിട്ടുണ്ട്. 1953-ൽ ഗയാനയിൽ അധികാരത്തിൽ വന്നിട്ടുണ്ട്. ബി.ജെ.പി.-ആർ.എസ്.എസ് ഭീകരതയെക്കുറിച്ച് ശ്രീ. എസ്. ശർമ്മ ഉൾപ്പെടെയുള്ള എന്റെ കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ പറയാറുണ്ട്. രണ്ട് കൂട്ടരും പ്രാഥമികമായി ഫാസിസ്റ്റുകളാണ്. പട്ടാളച്ചിട്ടയുണ്ട്, റെഡ്‌വോളന്റിയർമാർ ഒരു ഭാഗത്ത്, കാക്കി വോളന്റിയർമാർ മറുഭാഗത്ത്, സ്വാതന്ത്ര്യ സമരത്തെ രണ്ടുപേരും എതിർത്തിട്ടുണ്ട്. കെ. ജി. മാരാർ

ഉദുമയിലും പിണറായി വിജയൻ കൂത്തുപറമ്പിലും മത്സരിച്ചത് ഇവരുടെ സഖ്യത്തിലാണ്. എന്റെ കയ്യിൽ ഒരു പടമുണ്ട് (പേപ്പർ ഉയർത്തിക്കാട്ടി). ദി ഹിന്ദു പത്രം പ്രസിദ്ധീകരിച്ചതാണ്. ഇത് ഇ.എം.എസ്.-ഉം ജ്യോതിബസുവും വാജ്പേയിയും അദ്വാനിയും കൈകോർത്ത് കൽക്കട്ടയിൽ നിൽക്കുന്ന പുളകം കൊള്ളിക്കുന്ന ഒരു ചിത്രമാണ്. ഇപ്പോൾ ഇവർ പറയുകയാണ്, സംഘ്പരിവാർ ശക്തികളെ കൈപിടിച്ചുയർത്തി നിർത്തിയ സി.പി.എം.കാരാണ്, ഭസ്മാസുരന് വരം കൊടുത്തതുപോലെ സംഘ്പരിവാറിന്റെ വിശ്വരൂപം കൊടുത്ത് അവർ വളർന്നു. രണ്ട് എം.പി. മാരേയുണ്ടായിരുന്നുള്ളൂ. നിങ്ങൾ കൂട്ടുകൂടി, തൊട്ടുകൂടായ്മ ഒഴിവാക്കി. ഭാരതത്തിന്റെ മണ്ണിൽ അവരെ പ്രതിഷ്ഠിച്ചതിന്റെ ഒന്നാം പ്രതി നിങ്ങളാണ്.

മി. സ്പീക്കർ: പ്ലീസ്..... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ്: നിങ്ങളുടെ പിടിവിട്ട് വളർന്നുപൊങ്ങിയ സംഘ്പരിവാർ യഥാർത്ഥ സ്വഭാവം കാണിച്ചു തുടങ്ങിയപ്പോൾ നിങ്ങൾ ചോദിക്കുന്നു ആർ.എസ്.എസ്- നെ നേരിടാൻ ആരുണ്ട്; ആർ.എസ്.എസ്.-നെ തൊടാൻ ആരുണ്ട്. ആരുണ്ടാരുണ്ടിവിടെ കാണട്ടെ എന്നാണിപ്പോൾ പറയുന്നത്. കേരളത്തിലെ ന്യൂനപക്ഷം നിങ്ങളുടെ പൊള്ളത്തരം തിരിച്ചറിഞ്ഞിട്ടുണ്ട്. 'കൊല്ലുന്നതും നീയേ ചാപ്പാ, കൊണ്ടുപോയി കൊല്ലിക്കുന്നതും നീയേ ചാപ്പാ'

എന്നതല്ലേ?

<u>മി. സ്പീക്കർ</u>: 'കൊണ്ടു നടക്കുന്നതും ചാപ്പാ, കൊണ്ടുപോയി കൊല്ലിക്കുന്നതും ചാപ്പാ' എന്നാണ്. .....പ്ലീസ്...... അംഗങ്ങൾ ശബ്ദമുണ്ടാക്കാതിരിക്കു. അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യാ ചരിത്രം കൊട്ടാര വിപ്ലവങ്ങളുടെ കഥകളാൽ സമ്പന്നമാണ്. 1969-ൽ ഇ.എം.എസ്. ഗവൺമെന്റിന് മൃഗീയ ഭൂരിപക്ഷമുണ്ടായിരുന്നില്ലേ? ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. സി. ദിവാകരനുമൊന്നും under estimate ചെയ്യപ്പെടേണ്ട ആളുകളല്ലായെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ഉപദേശിക്കുന്നില്ല, ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും. 1957-ലെ ഒന്നാം കേരള നിയമസഭയിലെ അംഗങ്ങളായിരുന്ന ജീവിച്ചിരിക്കുന്ന രണ്ടാളുകൾ ഇന്നില്ലേ; ശ്രീമതി ഗൗരിയമ്മയും ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും ഇന്ന് ജീവിച്ചിരിക്കുന്നില്ലേ? നിങ്ങൾ ആദരിക്കേണ്ടതല്ലായിരുന്നോ; എം.ടി., ലീലാവതി ടീച്ചർ, പി. പത്മനാഭൻ, എം.കെ. സാനു, എം. അച്ചുതൻ, സി. രാധാകൃഷ്ണൻ, അക്കിത്തം, എം. തോമസ് മാത്യൂ, എം.ജി.എസ്. നാരായണൻ, കെ. ജി. ജോർജ്, അടൂർ ഗോപാലകൃഷ്ണൻ, ജയരാജ് തുടങ്ങിയവർ മോശപ്പെട്ട പ്രതിഭകളാണോ; പൊതുപ്രവർത്തകരായ ഇ.

അഹമ്മദ്,..........

മി. സ്പീക്കർ: പ്ലീസ്...........

ശ്രീ. പി. ടി തോമസ്: ശ്രീ. എ. കെ. ആന്റണിയും ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. ഉമ്മൻചാണ്ടിയും മാത്രമല്ലേ ഇപ്പോൾ പഴയ മുഖ്യമന്ത്രിമാരായി ജീവിച്ചിരിപ്പുള്ളൂ. xxxxxxxxxxxxxxxxxxxxxxx xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx+

മി. സ്പീക്കർ: അതൊന്നും സഭയിൽ ഉന്നയിക്കാൻ പാടില്ലാത്തതാണ്. ഇത് ശരിയല്ല.

ശ്രീ. പി. ടി തോമസ്: ഇത് സഭയ്ക്ക് പുറത്തുള്ള കാര്യമാണ്. അകത്ത് നടന്ന കാര്യമല്ല. സഭയ്ക്ക് പുറത്ത് ഗവൺമെന്റ് നടത്തിയ പരിപാടിയാണ്.

മി. സ്പീക്കർ: ഇത് ശരിയല്ല. ശ്രീ. പി. ടി തോമസ്സിന് ഇതെല്ലാം അറിയാവുന്ന കാര്യങ്ങളാണ്.

ശ്രീ. പി. ടി തോമസ്: നിങ്ങൾക്ക് ഓർമ്മകളുണ്ടായിരിക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. അഹംഭാവം നന്നല്ല.

മി. സ്പീക്കർ: പ്ലീസ്......ഇനി എനിക്ക് മൈക്ക് ഓഫ് ചെയ്യേണ്ടിവരും.

ശ്രീ. പി. ടി തോമസ്: xxxxxxxxxxxxxxxxxxxxxxxx

---

\+ രേഖയിൽനിന്നും നീക്കം ചെയ്തു.

xxxxxxxxxxxxxxxx xxxxxxxxxxxxxxxx xxxxxxxxxxxx xxxxxxxx xxxxxxxxxxx xxxxxxxxxxxxxxxx+

മി. സ്പീക്കർ: ഇത് ശരിയല്ല..... ഇതിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ എല്ലാവരും ഒരുപോലെ ബാധ്യതപ്പെട്ടവരാണ്. ഇതൊന്നും സഭയിൽ കൊണ്ടുവരാനുള്ള കാര്യമല്ല. അങ്ങ് ചെയ്യുന്നത് ശരിയല്ല. ഇതൊന്നും സഭയുടെ രേഖകളിലുണ്ടാവില്ല. ......പ്ലീസ് കൺക്ലൂഡ്..........

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളപ്പിറവിയുടെ 60-ാം വാർഷികവുമായി ബന്ധപ്പെട്ട പരിപാടികൾ നിശ്ചയിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് യാതൊരു തരത്തിലുള്ള സങ്കുചിതമായ തീരുമാനവും എടുത്തതല്ല. പ്രതിപക്ഷ നേതാവ് അടക്കമുള്ള ആളുകൾ കൂടിയിരുന്നുകൊണ്ടാണ് ഈ ആഘോഷത്തിലെ എല്ലാപരിപാടികളും നിശ്ചയിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് ഏകപക്ഷീയമായി തീരുമാനമെടുത്തതല്ല. അതിനുശേഷം അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വിശദീകരിക്കുകയും ചെയ്തതാണ്. ഈ സഭയിൽ ഏകകണ്ഠമായി എടുത്ത ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ മുമ്പോട്ടുപോകുമ്പോൾ അതിന് വിരുദ്ധമായി ഇത് സഭയിൽ ഉന്നയിച്ചത് ഓർഡറിലാണോ? അങ്ങയുടെ റൂളിംഗ് വേണം. ഇത് അങ്ങ് കൂടി അറിയേണ്ട

---
\+ രേഖയിൽ നിന്നും നീക്കം ചെയ്തു.

കാര്യമാണ്.

<u>മി. സ്പീക്കർ</u>: നിയമസഭാ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ പറ്റുന്നവയല്ല. സഭയിൽ അത് ചർച്ച ചെയ്യാൻ പറ്റില്ല. അത് രേഖയിൽ ഉണ്ടാവില്ല. നിയമസഭാ സെക്രട്ടേറിയറ്റിൽ നടന്ന കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുമോ; .....(ബഹളം).....ശ്രീ. വി. ഡി. സതീശൻ, ചെയറിന്റെ ക്ഷമ ഒരു ദൗർബല്യമായി കാണരുത്. അതുവേണ്ട. ചെയറിന്റെ ക്ഷമ ദൗർബല്യമായി കാണരുത്. ഇവിടെ ചെയറോ ഗവൺമെന്റോ ഒറ്റയ്ക്കൊരു തീരുമാനമെടുത്തിട്ടില്ല. ബി.എ.സി.യുടെയും കക്ഷിനേതാക്കളുടെയും യോഗത്തിൽ എടുത്ത തീരുമാനമാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്. അതിൽ എന്തെങ്കിലും അബദ്ധം പറ്റിയിട്ടുണ്ടെങ്കിൽ അത് എല്ലാവർക്കും ഒരുപോലെ തന്നെയാണ്. അത് വിവാദമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് പ്രസംഗം അവസാനിപ്പിക്കു....... (ബഹളം).....യെസ്....യെസ്...നിങ്ങൾ ആരെയും പറയിപ്പിക്കേണ്ട. അത് വിവാദമാക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല. അത് അനാവശ്യമായ വിവാദമാണ്. പ്ലീസ്...പ്ലീസ്...ഇരിക്കു. ശ്രീ. പി.ടി. തോമസിനെപ്പോലെ സീനിയറായ ഒരാൾ ഈ

സഭയിൽ ഈ വിഷയം കൊണ്ടുവരാൻ പാടില്ലായിരുന്നു. പ്ലീസ്....ദയവായി ഇരിക്കൂ. പ്ലീസ്...സിറ്റ് ഡൗൺ....ദയവായി ഇരിക്കൂ ശ്രീ. രാജേഷ്, ശ്രീ. എം. സ്വരാജ്...പ്ലീസ്...ഇരിക്കൂ.....

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ഒറ്റവാക്ക് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. പിണറായി സർക്കാരിന്റെ ......(ബഹളം).....

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. ....(ബഹളം)... അദ്ദേഹം ഉപധനാഭ്യർത്ഥനയെ സംബന്ധിച്ച് പറഞ്ഞ് അവസാനിപ്പിക്കട്ടെ. ശ്രീ. എ. എം. ആരിഫ്...ദയവായി ഇരിക്കൂ...ദയവായി ഇരിക്കൂ....പ്രതിപക്ഷ നേതാവേ, അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചതിനുശേഷം അങ്ങ് സംസാരിച്ചാൽ മതി. അദ്ദേഹം കുറെ സമയം അധികം എടുത്തു നീട്ടിക്കൊണ്ടുപോയതാണ്. ഒരു വാക്ക് പറഞ്ഞ് അദ്ദേഹത്തെ അവസാനിപ്പിക്കാൻ സമ്മതിക്കൂ. അദ്ദേഹം അവസാനിപ്പിച്ചിട്ട് സംസാരിച്ചാൽ പോരേ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പിണറായി സർക്കാരിന്റെ മഹാഭൂരിപക്ഷത്തിന്റെ അഹംഭാവത്തിൽ കഴിയുമ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല, ഐശ്വര്യം സ്ഥിരമല്ല, യൗവനം സ്ഥിരമല്ല, അദ്ധ്യാത്മികരാമായണം.....(ബഹളം)......

മി. സ്പീക്കർ: അവിടെ ഇരിക്കു....ശ്രീ. റ്റി. വി. രാജേഷ്, .....(ബഹളം)......അവിടെ ഇരിക്കു...പ്ലീസ്....അദ്ദേഹം കൺക്ലൂഡ് ചെയ്യുകയാണ്. അദ്ദേഹം സ്വയം ഒരു കവിത വായിച്ച് കൺക്ലൂഡ് ചെയ്യുകയാണ്. സ്വന്തം കവിതയാണ്. അല്ലേ; അങ്ങയുടെ കവിതയല്ലേ; അദ്ദേഹത്തിന്റെ കവിതയാണ്. പ്ലീസ്...ഇരിക്കു.....(ബഹളം)......ശ്രീ. പി. ടി. തോമസ് അദ്ദേഹത്തിന്റെ ഒരു ദാർശനിക കവിത അവതരിപ്പിച്ച് അവസാനിപ്പിക്കാൻ പോകുകയാണ്. അതിന് അദ്ദേഹത്തിന് അനുവാദം കൊടുക്കു. പ്ലീസ്...പ്ലീസ്....അതൊരു ദാർശനിക കവിതയാണ്. ശ്രീ. ആർ. രാജേഷ്, ശ്രീ. എ. എൻ. ഷംസീർ.... ശ്രീ. ബാബു...പ്ലീസ്...

ശ്രീ. പി.ടി. തോമസ്: സർ, എനിക്ക് പറഞ്ഞ് അവസാനിപ്പിക്കാൻ ഒരവസരം തന്ന് എന്നെ സംരക്ഷിക്കണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു....പ്ലീസ്.....

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. പിണറായി സർക്കാരിന്റെ മഹാഭൂരിപക്ഷത്തിന്റെ അഹംഭാവത്തിൽ കഴിയുമ്പോഴും ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ല. ഐശ്വര്യം സ്ഥിരമല്ല, യൗവനം സ്ഥിരമല്ല, അദ്ധ്യാത്മികരാമായണം - അയോദ്ധ്യാകാണ്ഡം - ലക്ഷ്മണോപദേശം മറക്കരുത്, നന്നല്ല, നന്നല്ല, നന്നല്ല, ദേഹം നിമിത്തം മഹാമോഹം ഓർത്ത് ഭരിച്ചോ, സൂക്ഷിച്ചോ. ഞാൻ അവസാനിപ്പിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാർ പ്രസംഗിക്കും. ശ്രീ. പി. ടി. തോമസ് ഇവിടെ സഭ്യമല്ലാത്ത ഒന്നും പറഞ്ഞില്ല. അങ്ങനെയാണെങ്കിൽ ഓരോ മെമ്പറും ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തുന്നത്...അപ്പുറത്തുനിന്നും ആളുകൾ സംസാരിക്കില്ലേ; രണ്ടുകൂട്ടരും ഇങ്ങനെ തടസ്സപ്പെടുത്താൻ തുടങ്ങിയാൽ എവിടെ ചെന്നുനിൽക്കും.....(ബഹളം).....

മി. സ്പീക്കർ: എന്താണിത്; പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ .... ശ്രീ.

ആർ. രാജേഷ്..പ്ലീസ് അവിടെ ഇരിക്കു...അവിടെ ഇരിക്കു....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയിൽ ഇരുഭാഗത്തുമുള്ള അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ പറയും. അതിന് ഓരോ മെമ്പർമാരും സംസാരിക്കുന്നത് ഇന്നരീതിയിലായിരിക്കണമെന്ന് ആർക്കെങ്കിലും നിർബന്ധിക്കാൻ പറ്റുമോ; അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നടത്തണം. അല്ലെങ്കിൽ എങ്ങനെ സഭ മുന്നോട്ടുപോകും; ഓരോ വാക്കുകൾക്കും ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെ സഭ മുന്നോട്ടുപോകും; ശ്രീ. പി. ടി. തോമസ് അവസാനം ഒരു കവിതയാണ് ആലപിച്ചത്. ശ്രീ. പി. ടി. തോമസ് ഒരു കവിത ആലപിക്കുമ്പോൾ അതിലെന്തിനാണ് അസ്വസ്ഥത പ്രകടിപ്പിക്കുന്നത്?

മി. സ്പീക്കർ: അത് ചെയറിന് മനസ്സിലായതുകൊണ്ടാണല്ലോ പറഞ്ഞത് ഒരു കവിതയാണെന്നുള്ളത്. പ്ലീസ്...ഇരിക്ക്....ശ്രീ. ആർ. രാജേഷ്, ഇരിക്ക്....പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തെ അലങ്കോലപ്പെടുത്തിയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഞങ്ങളാരും അലങ്കോലപ്പെടുത്തിയിട്ടില്ല. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ നമ്മളെടുത്ത തീരുമാനമാണ്. കുറവുകളും കുറ്റങ്ങളുമുണ്ടാകും. ഒരു പൊതു കോൺസെൻസസിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. യഥാർത്ഥത്തിൽ ശ്രീ. പി. ടി. തോമസിന്റെ പരാമർശം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരായിട്ടുള്ള പരാമർശമാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനമാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: .......(മൈക്ക് ഓഫ്)....അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും എല്ലാവരുംകൂടി ചേർന്ന് തീരുമാനിച്ചതാണ്. പിന്നെന്തിനാണ് ഇങ്ങനെ പറയുന്നത്?

<u>മി. സ്പീക്കർ</u>: അത് വിവാദമാക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിൽ

നിരവധി മേഖലകളിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന അസ്വസ്ഥതയും അസ്ഥിരതയും വളരെ സൂക്ഷ്മമായും ശാസ്ത്രീയമായും പരിഹരിക്കുന്നതിന് കഴിഞ്ഞ നാലര മാസങ്ങളായി ശ്രമിച്ചുവരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ദിശാബോധത്തോടുള്ള മുന്നോട്ടുപോക്കിന്റെ അസഹിഷ്ണുതയാണ് ഇവിടെ കണ്ടത് എന്ന് ഒരു സംശയവുമില്ലാതെ നമുക്ക് പറയാൻ കഴിയും. അത്രകണ്ട് വളരെ ദിശാബോധമുള്ള പ്രവർത്തനമാണ് കഴിഞ്ഞ ബഡ്ജറ്റിലൂടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നിർവ്വഹിച്ചിട്ടുള്ളത്. ശ്രീ. പി. ടി. തോമസ് ധനബില്ലിനെക്കുറിച്ച് പറഞ്ഞതുമാത്രമേ ഞാൻ പറയുന്നുള്ളൂ. ബാക്കിയൊന്നും ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. ഈ ബഡ്ജറ്റിലൂടെ വളരെ സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ കേരളത്തിലെ എല്ലാ അടിസ്ഥാന പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്ന് വളരെ മനോഹരമായി നമുക്ക് തെളിയിക്കാൻ കഴിയും. ലോകത്ത് സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്ക് വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് അങ്ങ് മനസ്സിലാക്കണം എന്നുപറയാൻവേണ്ടി ഒന്നു രണ്ടുകാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. നിയോ ലിബറൽ പോളിസിയുടെ ഏറ്റവും വലിയ വക്താവും പ്രയോക്താവുമായിരുന്ന

ജോസഫ് സ്റ്റിഗ്ലിറ്റ്സ് (Stiglitz) എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ. അദ്ദേഹം 1982-ൽ ഒരു പുസ്തകമെഴുതി. ആ പുസ്തകത്തിന്റെ പേര് The Perspective of Globalisation എന്നാണ്. ആ പുസ്തകത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് മുതലാളിത്തവും സോഷ്യലിസവും ചില വെല്ലുവിളികളെ നേരിടുമ്പോഴും ലോകത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഒരു പുതിയ നയം വരുന്നു. അതാണ് നിയോ ലിബറൽ പോളിസി എന്നാണ്. അതിനെ പിന്തുണച്ചവരുണ്ട്. അതിന്റെ ഒപ്പം നിന്നവരുണ്ട്. അതിനെ എതിർത്തവരുമുണ്ട്. പക്ഷേ അന്നത്തെ സാമ്പത്തിക ശാസ്ത്രജ്ഞന്മാരിലധികവും അതിനൊപ്പം നിന്നവരാണ്. അതിനുശേഷം 2004-ൽ ജോസഫ് സ്റ്റിഗ്ലിറ്റ്സ് ഒരു പുസ്തകമെഴുതി. ആ പുസ്തകത്തിന്റെ പേര് Globalisation and its Discontents എന്നാണ്. എന്നുപറഞ്ഞാൽ അദ്ദേഹത്തിന് മനസ്സിലായി ആഗോളവൽക്കരണത്തിന്റെ അപകടം. ആഗോളവൽക്കരണവും അതിന്റെ നിരാശകളുമെന്നാണ് ആ പുസ്തകത്തിന്റെ മലയാള തർജ്ജിമ. അതിനുശേഷം ആഗോളപ്രശ്നങ്ങളെല്ലാം പരിഹരിക്കുവാനുള്ള നയമാണ് എന്നുപറഞ്ഞ സ്റ്റിഗ്ലിറ്റ്സ് തന്നെ 2008-ൽ വീണ്ടും ഒരു പുസ്കമെഴുതി. അതിന്റെ പേരാണ് Fall of Prices

എന്നുള്ളത്. അതിന്റെ ഭാഗമായിട്ടാണ് അമേരിക്കയിൽ ലോകത്തേറ്റവും വലിയ സമരമെന്ന് അക്കാലത്ത് പലരും ശ്രദ്ധയോടുകൂടി കണ്ട വാൾ സ്ട്രീറ്റ് സമരം അരങ്ങേറുന്നത്. അതിനുശേഷം ഇക്കഴിഞ്ഞ വർഷം ജോസഫ് സ്റ്റിഗ്ലിറ്റ്സ് ഒരു പുസ്തകമെഴുതി. അത് ശ്രീ. പി. ടി. തോമസ് വായിക്കണമെന്ന ഒരഭ്യർത്ഥനയുണ്ട്. ആ പുസ്തകത്തിന്റെ പേര് The Great Divide എന്നാണ്. ലോകത്ത് ആഗോളവൽക്കരണ നയം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുമെന്ന് പറഞ്ഞ ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ തന്നെ വർഷങ്ങൾക്കുശേഷം ലോകത്ത് അതിഗുരുതരമായിട്ടുള്ള പ്രശ്നങ്ങൾ, The Great Divide, ലോകത്തെ ജനങ്ങൾ രണ്ടായി തിരിഞ്ഞുകൊണ്ടിരിക്കുന്നു, പണക്കാർക്ക് കൂടുതൽ പണമുണ്ടാകുകയും പണമില്ലാത്തവരുടെ എണ്ണം വർദ്ധിക്കുകയും ഉള്ളവരുടെ കയ്യിലെ പണം കുറയുകയും ചെയ്യുന്ന ഗുരുതരമായ പ്രത്യാഘാതം ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞത് ഈ ആഗോളവൽക്കരണ നയം ഏറ്റവും നല്ലത് എന്നുപറഞ്ഞ അതേ സാമ്പത്തിക ശാസ്ത്രജ്ഞൻ തന്നെയാണ്. സാമ്പത്തിക ശാസ്ത്രജ്ഞൻമാരിൽ അനുഭവം കൊണ്ടുവരുന്ന മാറ്റങ്ങൾ എന്തെന്ന് മനസ്സിലാക്കാൻ വേണ്ടി പറഞ്ഞതാണ്. അതേസമയം ഒന്നുകൂടി ശ്രദ്ധിക്കണം.

1982-ൽ ജോസഫ് സ്റ്റിഗ്ലിറ്റ്സ് എഴുതിയ Globalisation and its perspective എന്നുപറയുന്നതായ പുസ്തകം ലോകത്തെ എങ്ങനെ നയിക്കുമെന്ന് പറഞ്ഞ അതേ സമയത്ത് 1982 ഡിസംബറിൽ 8 മാസങ്ങൾക്കുശേഷം ജെയിംസ് പെട്രാസ് എന്നുപറയുന്ന ഒരാൾ പുസ്തകമെഴുതി. പുസ്തകത്തിന്റെ പേര് The Globalisation Unmasked എന്നാണ്. ആ പുസ്തകം വളരെ കൃത്യമായി ഇന്ന് The Great Divide എന്ന് പറയുന്ന സ്റ്റിഗ്ലിറ്റ്സ് എഴുതിയിരിക്കുന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതെന്താണോ അതൊക്കെ നടക്കുമെന്ന് 1982-ൽ തന്നെ ജെയിംസ് പെട്രാസ് പറഞ്ഞു. അദ്ദേഹം അത് എങ്ങനെ പറഞ്ഞു എന്നത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. അതിനുത്തരം പോൾ ക്രൂഗ്മാൻ പറയും. ഞാനൊന്ന് പറയട്ടെ. ആ പുസ്തകം ഒന്ന് വായിച്ചുനോക്കു. ജെയിംസ് പെട്രാസ് എന്നുപറയുന്ന ആൾ എഴുതിയ പുസ്തകത്തിൽ ഇക്കാര്യങ്ങളെല്ലാം പ്രവചിച്ചിട്ടുണ്ട്. അതുതന്നെയാണ് സ്റ്റിഗ്ലിറ്റ്സ് വീണ്ടും എഴുതിയത്. ഈ രണ്ടു പുസ്തകത്തെ പ്രതി Paul Krugman പറഞ്ഞ അഭിപ്രായം വളരെ പ്രസക്തമാണ്. ആഗോള സമ്പദ് വ്യവസ്ഥ തകർന്നുകിടക്കുമ്പോൾ അതിനെ രക്ഷിക്കാനുള്ള ഏകവഴി ലോകത്തുള്ള എല്ലാവരും

മാർക്സിന്റെ അർത്ഥശാസ്ത്രത്തെ ഒന്നുകൂടി കൃത്യമായി പഠിക്കു എന്നാണ് Paul Krugman പറയുന്നത്. ആഗോള സമ്പദ് വ്യവസ്ഥ തകർന്നുകിടക്കുമ്പോൾ ആ സമ്പദ് വ്യവസ്ഥയെ രക്ഷിക്കാൻ സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം തന്നെ വഴിയുള്ളൂവെന്ന് ആഗോള സാമ്പത്തിക ശാസ്ത്രജ്ഞന്മാരിൽ ഇന്ന് ഏറ്റവും പ്രശസ്തനായിട്ടുള്ള Paul Krugman ആണ്പറയുന്നത്. ഇത് എന്തിനാണ്; ഈ ധനവിനിയോഗ ബില്ലിൽ പറഞ്ഞത് എന്ന ചോദ്യമുണ്ടാകും. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ, ശ്രീ. പി. ബി. അബ്ദുൾ റസ്സാക്, ശ്രീ. പി.സി. ജോർജ്, ശ്രീ. സി.എഫ്. തോമസ് ഇവരെല്ലാം പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന്, പാർശ്വവൽക്കരിക്കപ്പെട്ടവരെ അവഗണിച്ചു എന്നാണ്. ശ്രീ. പി. സി. ജോർജ് പ്രധാനപ്പെട്ട കാര്യം, എസ്.സി./എസ്.റ്റി.ക്കാരെ അവഗണിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. നീതി ആയോഗ് വന്നു. എസ്.സി./എസ്.റ്റി.ക്കാർക്ക് ഒന്നുമില്ല എന്നദ്ദേഹം പറഞ്ഞു. അതിനെതിരെ ശക്തമായിട്ടുള്ള നിലപാട് എടുക്കുകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ശ്രീ. കെ. കുഞ്ഞിരാമൻ പറയുന്നു വീടില്ലാത്തവരുണ്ട്, അസ്വസ്ഥതയുണ്ട്,

പ്രശ്നങ്ങളുണ്ട്. ഇതെല്ലാം ലോകം മുഴുവനും ഉണ്ടെന്ന് ജോസഫ് സ്റ്റിഗ്ലിറ്റ്സ് പറഞ്ഞതും ഇതുതന്നെയാണ്. അതുകൊണ്ട് ഇതിന്റെയെല്ലാം അടിസ്ഥാനകാരണം സമ്പത്ത് രണ്ടു കൂട്ടരിലേയ്ക്ക് മാറുന്ന, ഒന്ന് ധ്രുവീകരിക്കുന്നു, മറ്റൊന്ന് ഇല്ലാതാകുന്നുവെന്ന അസമത്വം സൃഷ്ടിക്കുന്ന നയമാണ് എന്നാണ് പറഞ്ഞതിനർത്ഥം. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റിൽ നിലനിർത്തിയിരുന്നത് ആ നയമാണ് എന്നതുകൊണ്ടാണ് നമ്മുടെ കേരളത്തിലും ഈ പ്രശ്നങ്ങൾ വന്നത്. ആ പ്രശ്നം മറികടന്നുകൊണ്ട് ഒരു ബദൽ നയം മുന്നോട്ടുവച്ചിരിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ആ ബദൽ നയം നാലര മാസം കൊണ്ട്, ഈ പറയുന്ന ആഗോളതലത്തിലുള്ള വലിയ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക രീതിയിൽ പൂർണ്ണമാക്കാൻ കഴിയില്ല എന്നു നമുക്കെല്ലാവർക്കുമറിയാം. പക്ഷേ ഈ ദിശയിൽ, ബദൽ സാമ്പത്തിക നയത്തിന്റെ ദിശയിൽ നമ്മൾ മുന്നോട്ടുപോയാൽ കേരളത്തിൽ നേരത്തെ പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയുമെന്നുള്ളത് ഉറപ്പാണ്. എന്താണ് ബദൽ നയം എന്നതിനെക്കുറിച്ച് ഡോ. ടി.എം. തോമസ് ഐസക് ഇവിടെ പറഞ്ഞതാണ്. ഞാൻ

അത് സൂചിപ്പിക്കാം. ഒറ്റ പ്രശ്നം മാത്രമേ ഇവിടെ നോക്കുന്നുള്ളൂ. കമ്മി കുറയ്ക്കുക എന്നതുമാത്രം. ഇവിടെ പലരും പറയുന്നു. പല പദ്ധതികളും നടക്കുന്നില്ല, പുതിയ പദ്ധതികൾ എങ്ങനെയുണ്ടാക്കും, പണം എവിടെ നിന്നുണ്ടാകും, എങ്ങനെ തിരിച്ചടയ്ക്കും എന്നതൊക്കെ 10-15 ദിവസമായി സഭയിൽ നടക്കുന്ന ചർച്ചകളാണ്. ഒന്ന് ക്രോഡീകരിച്ച് ചുരുക്കി മാത്രം പറയാം. ബഡ്ജറ്റിൽ കമ്മി കുറയ്ക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമാണ് നമ്മൾ പ്രധാനമായും വച്ചിട്ടുള്ളത്. കമ്മി കുറയ്ക്കാൻ രണ്ടു വഴികളുണ്ട്. ഒന്ന് നിയോ ലിബറൽ പോളിസി പറയുന്ന നയമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എടുത്തിരുന്നത്. ആ നയം മറ്റൊന്നുമല്ല, യു.ഡി.എഫ്. എടുത്ത നയമെന്നാൽ, സർക്കാർ ചെലവ് വെട്ടിക്കുറയ്ക്കുക, ധനക്കമ്മി കുറയ്ക്കുക. ഇത് നിയോ ലിബറൽ പോളിസിയിൽ പറഞ്ഞിട്ടുള്ളതാണ്. അതായത്, സർക്കാർ ചെലവ് വെട്ടിച്ചുരുക്കി ധനക്കമ്മി കുറയ്ക്കാൻ ശ്രമിച്ച് കമ്മി കുറയ്ക്കുകയെന്ന നയമെടുത്തതുകൊണ്ടാണ് കേരളം ഈ പറയുന്ന അസ്വസ്ഥതകളുള്ള പ്രദേശമായി മാറിയത്. ഇതിന് പകരം കമ്മി കുറയ്ക്കുവാനുള്ള ഒരു നയമെടുത്തിരിക്കുന്നത് ബദൽ നയമാണ്. സർക്കാർ

ആവശ്യത്തിനനുസരിച്ച് ചെലവ് ചെയ്യുക. അങ്ങനെ സർക്കാർ ചെലവ് ചെയ്യുന്നതിലൂടെ റവന്യൂ വരുമാനം വർദ്ധിക്കുകയാണ് ചെയ്യുക. ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിച്ച്, ക്രയശേഷി വർദ്ധിച്ച്, അഗ്രിഗേറ്റ് ഡിമാന്റ് വർദ്ധിച്ച്, റവന്യൂ വരുമാനം വർദ്ധിച്ച്, സർക്കാരിന്റെ റവന്യൂ വരുമാന വർദ്ധനവിലൂടെ കമ്മി കുറയുവാനുള്ള നടപടിയെടുക്കുകയെന്നുള്ളതാണ് ഇതിന്റെ ഒരു ഭാഗം. രണ്ടാമത്തെ ഭാഗമെന്നുപറയുന്നത്, സർക്കാരിന് പിരിഞ്ഞുകിട്ടുവാനുള്ള റവന്യൂ പിരിക്കുന്നതിലെ പിഴവുകൾ ഇല്ലാതാക്കുക. അതിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുക. മൂന്നാമത്തെ ലക്ഷ്യമാണ്, ഇതുവരെ നമ്മൾ ചെയ്യാത്തവിധം നമ്മുടെ ബഡ്ജറ്റിലുള്ള പണത്തിന്റെ അഞ്ചോ ആറോ ഇരട്ടിത്തുക നമ്മുടെ ഇക്കോണമിയിൽ ഉണ്ട്. അഞ്ച് ലക്ഷം കോടി രൂപയിലധികം തുക നമ്മുടെ ഇക്കോണമിയിൽ കിടക്കുന്നുണ്ട്. അതിൽ അഞ്ചിലൊന്നുപോലും നമ്മുടെ ബഡ്ജറ്റിൽ ഇല്ല. അതുകൊണ്ടുതന്നെ ബഡ്ജറ്റിലെ ചെറിയ തുക ഉപയോഗിച്ച് ഇക്കോണമിയിലെ അതിന്റെ അഞ്ചിരട്ടിയുള്ള തുകയെ ഉപയോഗിച്ചുകൊണ്ട് കേരളത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കത്തക്ക രീതിയിൽ നമ്മുടെ നാടിന്റെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നുള്ള സാമ്പത്തിക ഇടപെടലാണ് യഥാർത്ഥത്തിൽ ഇന്നലെ ഒരു ബില്ലിലൂടെ പാസ്സാക്കിയ കിഫ്ബിയെന്ന

പ്രസ്ഥാനത്തിലൂടെ നമ്മൾ ചെയ്യാൻ ഉദ്ദേശിക്കുന്നത്. മൂന്ന് തരത്തിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. ആ റവന്യൂ വരുമാന വർദ്ധനവിലൂടെ റവന്യൂ കമ്മി കുറയ്ക്കാൻ കഴിയും. റവന്യൂ കമ്മി കുറയ്ക്കുന്നതിലൂടെ എടുക്കുന്ന കടം കൂടുതൽ കൂടുതൽ ഉത്പാദനപരമായ നിക്ഷേപത്തിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന ലക്ഷ്യത്തോടെയാണ് ഇന്ന് ഈ കേരള ബഡ്ജറ്റ് മുന്നോട്ടുകൊണ്ടുപോകുന്നത്. അതുകൊണ്ട് തീർച്ചയായും കേരളത്തിലെ റവന്യൂ വരുമാന വർദ്ധനവിനൊപ്പംതന്നെ പ്രോജക്ടുകളും നിക്ഷേപങ്ങളും വർദ്ധിക്കും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും, ഇന്ന് നമ്മൾ പറയുന്ന അടിസ്ഥാന ജനവിഭാഗത്തിന് വീടില്ലായെന്നും കുടിവെള്ളമില്ലായെന്നുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും. എല്ലാവർക്കും വീട് എന്നുള്ള ആശയം സാർത്ഥകമാക്കുവാൻ ഈ അർത്ഥത്തിൽ ഫൈനാൻഷ്യൽ ഇന്റഗ്രേഷൻ ഒന്നൊരു ഫിലോസഫി ഉപയോഗിക്കുകയാണ്. നമ്മൾ ഫൈനാൻഷ്യൽ ഇന്റഗ്രേഷനെക്കുറിച്ച് പലപ്പോഴും ശ്രമിച്ചിട്ടില്ല. പണം എല്ലാ ദിക്കിലേയ്ക്കും ഡൈവർജന്റ് ചെയ്ത് പോകുകയാണ്. എം.എൽ.എ.-യുടെ പണം ഒരു വഴിക്ക്, എം.പി.-യുടെ പണം വേറൊരു വഴിക്ക്, പഞ്ചായത്തിന്റെ പണം മറ്റൊരു വഴിക്ക് എന്നിങ്ങനെ പോകുന്നതിന് പകരം ഇതെല്ലാം വിവിധ

പദ്ധതികളിൽ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിൽ പ്രോജക്ട് ഉണ്ടാക്കുകയെന്ന വളരെ ദിശാബോധമുള്ള സാമ്പത്തിക ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള ഒരു ഇടപെടലിന്റെ അവസാന ധനവിനിയോഗ ബില്ലാണ് ഇവിടെ വരുന്നത്. ഇതനുസരിച്ച് ഇവിടെ ഒന്നു രണ്ട് കാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കാം.

ഇന്ത്യാ ഗവൺമെന്റിന്റെ നടപടിയെക്കുറിച്ച് ശ്രീ. പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ചു. നീതി ആയോഗ് വരുമ്പോൾ എന്തെല്ലാം പ്രശ്നങ്ങൾ ഇന്ത്യയുടെ മൊത്തം പ്ലാനിംഗിൽ വരുമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അത് ഓരോന്നോരോന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. നീതി ആയോഗ് വരുമ്പോൾ ഉണ്ടാകുന്ന ആസൂത്രണത്തിലെ കേന്ദ്രീകരണത്തിന്റെ പ്രശ്നങ്ങൾ ആദ്യം പ്രതിഫലിക്കുക ഏറ്റവും അവഗണിക്കപ്പെട്ടവരുടെ മേഖലകളിലാണ്. സംശയം വേണ്ട. അതിനെതിരെ ശക്തമായ നിലപാടെടുക്കുന്നത് കേവലം ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമല്ല കേരളത്തിലെ മുഴുവൻ ജനങ്ങളും ആയിരിക്കണമെന്നുമാത്രമെ ഞങ്ങൾക്ക് പറയാനുള്ളൂ. ശ്രീ. പി. ബി. അബ്ദുൽ

റസ്സാക് എം.എൽ.എ. ഇവിടെ പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങളുണ്ട്. പി.ഡബ്ല്യ.ഡി.-യിൽ ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ അദ്ദേഹത്തിന്റെ മണ്ഡലത്തിന് വകയിരുത്തിയ തുകയിൽ ഒരു മാറ്റവുമില്ലാതെ അവിടെത്തന്നെയുണ്ട്. അതെല്ലാം അദ്ദേഹത്തിന് ലഭിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. കാസർഗോഡ് പാക്കേജ് തുടരുന്നുണ്ട്. അതിൽ ഒരു മാറ്റവുമില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിധിയിൽ മംഗലാപുരത്തെ ആശുപത്രികളെ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. കാരുണ്യയുടെ പരിധിയിൽ കൂടുതൽ രോഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുവാനുള്ള ശ്രമം ചെയ്യുന്നുണ്ട്. പഠന സൗകര്യങ്ങൾ കൂടുതൽ ഒരുക്കുവാനുള്ള പരിപാടികളും തയ്യാറാക്കും. അത്തരത്തിൽ ഇവിടെ വന്നിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും വാസ്തവത്തിൽ കേരളത്തിൽ ഒരു മാറ്റം വേണം, ധന നയത്തിൽ ഒരു മാറ്റം വേണം, ബഡ്ജറ്റിംഗ് പ്രിൻസിപ്പിൾസിൽ ഒരു മാറ്റം വേണം, ആസൂത്രണ പ്രക്രിയയിൽ ഒരു മാറ്റം വേണമെന്ന അർത്ഥമാണ്. ആ വാക്കുകൾ ഇവിടെ പറഞ്ഞിട്ടില്ലെങ്കിലും അനുഭവങ്ങൾ ഓരോന്നും പറയുന്നതിന്റെ ഉള്ളിലുള്ള ഫൈനാൻഷ്യൽ കോൺസപ്റ്റെടുത്ത് ഇന്റഗ്രേറ്റ് ചെയ്താൽ നമുക്ക് മനസ്സിലാകുന്നത് ഈ ദിശയിൽ ഒരു പുതിയ ചലനം കേരളത്തിൽ

വേണമെന്നുള്ളതാണ്. ആ ചലനത്തിന് വഴിയൊരുക്കുന്നതാണ് ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ അവതരിപ്പിച്ചിട്ടുള്ള ബദൽ ബഡ്ജറ്റ്. ആ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഈ ധനവിനിയോഗ ബിൽ ഇവിടെ അവതരിപ്പിച്ചതിനെക്കുറിച്ച് പറഞ്ഞ എല്ലാത്തിനും ചുരുക്കി മറുപടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതി ഇല്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതി ഇല്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വായന</u>

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്):</u> സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ

4. ശ്രീ. എ. എം. ആരിഫ്

5. പ്രൊഫ. കെ. യു. അരുണൻ

6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു

8. ശ്രീ. എ. കെ. ബാലൻ

9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീ. ജോർജ് എം. തോമസ്

16. ശ്രീ. സി. കെ. ഹരീന്ദ്രൻ

17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ

19. ശ്രീ. ജോൺ ഫെർണാണ്ടസ്

20. ശ്രീ. വി. ജോയി

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. കെ. കൃഷ്ണൻകുട്ടി

23. ശ്രീ. കെ. കുഞ്ഞിരാമൻ

24. ശ്രീ. വി. കെ. സി. മമ്മത് കോയ

25. ശ്രീ. മാത്യു ടി. തോമസ്

26. ശ്രീ. കെ. ജെ. മാക്സി

27. ശ്രീ. എ. സി. മൊയ്തീൻ

28. ശ്രീ. മുഹമ്മദ് മുഹസിൻ പി.

29. ശ്രീ. ഡി. കെ. മുരളി

30. ശ്രീ. മുരളി പെരുനെല്ലി

31. ശ്രീ. സി. കെ. നാണു

32. ശ്രീ. എം. നൗഷാദ്

33. ശ്രീ. യു. ആർ. പ്രദീപ്

34. ശ്രീ. കെ. ഡി. പ്രസേനൻ

35. ശ്രീ. പുരുഷൻ കടലുണ്ടി

36. ശ്രീ. പി. ടി. എ. റഹീം

37. ശ്രീ. എം. രാജഗോപാലൻ

38. ശ്രീ. കെ. രാജൻ:

39. ശ്രീ. എസ്. രാജേന്ദ്രൻ

40. ശ്രീ. ആർ. രാജേഷ്

41. ശ്രീ. റ്റി. വി. രാജേഷ്

42. ശ്രീ. രാജു എബ്രഹാം

43. ശ്രീ. ആർ. രാമചന്ദ്രൻ

44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

45. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

46. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

47. പ്രൊഫ. സി. രവീന്ദ്രനാഥ്

48. ശ്രീ. എസ്. ശർമ്മ

49. ശ്രീ. സി. കെ. ശശീന്ദ്രൻ

50. ശ്രീ. പി. കെ. ശശി

51. ശ്രീ. വി. ശശി

52. ശ്രീ. ഐ. ബി. സതീഷ്

53. ശ്രീ. ബി. സത്യൻ

54. ശ്രീ. എ. എൻ. ഷംസീർ

55. ശ്രീ. ജി. സുധാകരൻ

56. ശ്രീ. വി. എസ്. സുനിൽ കുമാർ

57. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

58. ശ്രീ. കെ. സുരേഷ് കുറുപ്പ്

59. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

60. ശ്രീ. പി. തിലോത്തമൻ

61. ശ്രീ. പി. ഉണ്ണി

62. ശ്രീ. ഇ. കെ. വിജയൻ

63. ശ്രീ. പിണറായി വിജയൻ

65. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. റ്റി. എ. അഹമ്മദ് കബീർ

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. വി. റ്റി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. കെ. എം. മാണി

21. ശ്രീ. കെ. മുരളീധരൻ

22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

23. ശ്രീ. ഉമ്മൻ ചാണ്ടി

24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീ. റോജി എം. ജോൺ

26. ശ്രീ. റോഷി അഗസ്റ്റിൻ

27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. കെ. എം. ഷാജി

31. ശ്രീ. വി. എസ്. ശിവകുമാർ

32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. സി. എഫ്. തോമസ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. എം. ഉമ്മർ

36. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 65

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (ii) <u>2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ</u>

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ അഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അങ്ങേയ്ക്ക് അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ അഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, കേരളാ അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് (ഭേദഗതി) ബിൽ നമ്മൾ നേരത്തെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടതാണ്. യഥാർത്ഥത്തിൽ അതിന്റെതന്നെ ഒരു അനുബന്ധമാണ് ഈ ബിൽ. ഫിനാൻസ് ബില്ലിന്റെ ഭാഗമായി നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ, യു.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച അവസാനത്തെ ബഡ്ജറ്റിൽ അര ശതമാനം അധിക കോർട്ട് ഫീ ഒരു ശതമാനമായി

വർദ്ധിപ്പിച്ചിട്ടുണ്ട്. ആ ഒരു ശതമാനം വർദ്ധിപ്പിച്ചതിന്റെ അപ്പോർഷനാണ് ഈ കോർട്ട് ഫീ ആക്ട് ഭേദഗതിയുടെ ഭാഗമായി പ്രാബല്യത്തിൽ വരാൻ പോകുന്നത്. Kerala Court Fees and Suits Valuation Act സെക്ഷൻ 76 (3) ഭേദഗതി ചെയ്യുകയാണ്. നിലവിൽ Legal Benefit Fund-ലേയ്ക്ക് കോർട്ട് ഫീയുടെ ഒരു നിശ്ചിത ശതമാനം നൽകണമെന്ന് 76-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ തുക അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹിക സുരക്ഷയ്ക്കും ജനങ്ങൾക്ക് നിയമസഹായം നൽകുന്നതിനും വിനിയോഗിക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഇപ്രകാരം Legal Benefit Fund-ലേയ്ക്ക് 76-ാം വകുപ്പ് പ്രകാരം വരുന്ന തുകയിൽനിന്നാണ് അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങൾക്ക് നിയമസഹായം എത്തിക്കുന്നതിലേയ്ക്കുള്ള ചെലവുകളിലേയ്ക്കും വീതിക്കുന്നത്. എന്നാൽ ഇപ്രകാരം വിഹിതം വയ്ക്കുന്നത് വ്യത്യസ്ത നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് വീതംവയ്ക്കുന്നത് അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ആക്ടിലെ വ്യവസ്ഥ പ്രകാരമാണ്. അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങളുടെ നിയമസഹായ ആവശ്യങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കുന്നത് ലീഗൽ ബെനഫിറ്റ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമാണ്. ഈ രീതിയിൽ വ്യത്യസ്ത നിയമങ്ങളിൽ കോർട്ട് ഫീസ് ആക്ട് 76-ാം വകുപ്പ് പ്രകാരം

ഈടാക്കുന്ന തുക വീതംവയ്ക്കുന്നത് യഥാർത്ഥത്തിൽ അശാസ്ത്രീയമാണ്. അതിനാൽ ഇത് ക്രോഡീകരിച്ച് 76 (3) വകുപ്പിൽ വ്യവസ്ഥ ചെയ്യുംപ്രകാരം വീതംവയ്ക്കാനാണ് ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. നിലവിൽ ആകെ ലീഗൽ ബെനഫിറ്റ് ഫണ്ടിലേയ്ക്ക് സമാഹരിക്കപ്പെടുന്ന തുകയുടെ 30 ശതമാനം ക്ലാർക്ക് വെൽഫെയർ ഫണ്ടിലേയ്ക്കും ബാക്കിയുള്ള 70 ശതമാനത്തിന്റെ 50 ശതമാനം വീതം വരുന്ന തുക യഥാക്രമം അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങളുടെ നിയമസഹായ ആവശ്യങ്ങൾക്കുമായിട്ടാണ് നിലവിൽ നീക്കിവച്ചിട്ടുള്ളത്. ഇതിലുള്ള അശാസ്ത്രീയ ഭാഗമാണ് നമ്മളിപ്പോൾ ഒഴിവാക്കുന്നത്. നിർദ്ദിഷ്ട ഭേദഗതി പ്രകാരം ലീഗൽ ബെനഫിറ്റ് ഫണ്ടിലേയ്ക്കുവരുന്ന വരുമാനത്തിൽ 70 ശതമാനം അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് പോവുകയാണ്. 30 ശതമാനം അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് വീതംവയ്ക്കും. ഇപ്രകാരം രണ്ട് ക്ഷേമനിധിയിലേയ്ക്കും വീതം വയ്ക്കുന്ന തുകയുടെ 10 ശതമാനം വീതം തുകമാറ്റി ആ തുക പൊതുജനങ്ങളുടെ നിയമസഹായ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കും. അങ്ങനെ വരുമ്പോൾ വർദ്ധിപ്പിക്കുന്ന തുകയുടെ 67 ശതമാനം അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിലേയ്ക്ക് പോകും. 23 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക് ഫണ്ടിലേയ്ക്ക് പോകും. 10 ശതമാനം ക്ലൈന്റ്സിന്റെ സൗകര്യത്തിനുവേണ്ടിയും ഉപയോഗിക്കും.

നിലവിൽ അഭിഭാഷക ക്ഷേമനിധിയിൽ 22,362 അംഗങ്ങളാണുള്ളത്. ക്ലാർക്ക് ക്ഷേമനിധിയിലാകട്ടെ 4,329 അംഗങ്ങളാണുള്ളത്. അഭിഭാഷക ക്ഷേമനിധിയിൽ 2015-16 വർഷത്തിൽ 1,70,63,900 രൂപയാണ് കോർട്ട് ഫീ ഇനത്തിൽ ലഭിച്ചത്. ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് 1,46,76,200 രൂപയും. അന്നത്തെ നിരക്കിൽ അഞ്ചിരട്ടിയിലധികം അംഗങ്ങളുള്ളതാണ് അഭിഭാഷക ക്ഷേമനിധി എന്നിരിക്കെ ക്ഷേനിധി ഫണ്ടിലേക്കുള്ള വരുമാനത്തിൽ രണ്ടു ക്ഷേമനിധികളും തമ്മിൽ വലിയ അന്തരം കാണുന്നില്ല. ഈ അനൗചിത്യമാണ് ഇതിന്റെ ഭാഗമായി പരിഹരിക്കപ്പെടുന്നത്. ഈ സാഹചര്യത്തിലും ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിനാലും ഇപ്രകാരം ഭേദഗതി അത്യാവശ്യമാണ്. ഈ രൂപത്തിൽ അപ്പോർഷൻ നടക്കുന്നതിന്റെ പ്രധാനപ്പെട്ടൊരു കാരണം അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിൽനിന്നാണ് നമ്മൾ 5 ലക്ഷം രൂപ 10 ലക്ഷം രൂപയാക്കുന്നത്. ചികിത്സാ ചെലവ് നിലവിലുള്ള 5,000 രൂപ ഒരു ലക്ഷം രൂപയുമാക്കി മാറ്റുന്നത്. അപ്പോൾ അര ശതമാനം വർദ്ധനവ് ഒരു ശതമാനമാക്കി വർദ്ധിക്കുന്നതിന്റെ ഭാഗമായി ഈ കോർട്ട് ഫീസ് ആക്ട് ഭേദഗതിയുടെ ഭാഗമായി ഈ രൂപത്തിൽ അപ്പോർഷൻ ചെയ്യുമ്പോൾ അത് എല്ലാ വിഭാഗത്തിനും പൊതുവിൽ നല്ല സഹായകമായിരിക്കും. ഒരു

ശതമാനമാക്കുമ്പോൾ 9,74,00,000 രൂപയാണ് നമുക്ക് വരുക. ഇത് ട്രഷറിയിലേയ്ക്ക് പോകും. ഈ പണം വർഷാവസാനം അതാത് ക്ഷേമനിധിയിലേയ്ക്ക് പോകും. സർക്കാരിനെ സംബന്ധിച്ചിടത്തോളം കൺസോളിഡേറ്റ് ഫണ്ടിൽനിന്ന് യാതൊരു ചെലവും വരുന്നില്ല. ഇതാണ് ഇതിന്റെ ഭാഗമായി ആമുഖമായി സൂചിപ്പിക്കുവാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. കെ. രാമചന്ദ്രൻ നായർക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അഭിഭാഷക ക്ഷേമനിധിയുടേയും അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉപകരിക്കുന്ന ഒരു ഭേദഗതിയാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. അഭിഭാഷക ക്ഷേമനിധിയിൽ അഭിഭാഷകരുടെ

റിട്ടയർമെന്റ് ആനുകൂല്യത്തിനുവേണ്ടി അപേക്ഷിക്കുമ്പോൾ പലപ്പോഴും കിട്ടാതിരുന്ന ഒരു സാഹചര്യം നിലനിന്നിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മാറുന്നതിനുവേണ്ടി അഭിഭാഷക ക്ഷേമനിധിയെ കാര്യമായി പരിഷ്കരിക്കണമെന്ന ദീർഘകാലമായുള്ള അഭിഭാഷക ഭാഗത്തുനിന്നും ഉണ്ടായ ആവശ്യത്തേയും, അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫെയർ ഫണ്ടുമായി ബന്ധപ്പെട്ട് ആ രണ്ട് ക്ഷേമ ബോർഡുകളും ഏറ്റവും ഭംഗിയായി പ്രവർത്തിക്കത്തക്ക രീതിയിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 70 ശതമാനം അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും 30 ശതമാനം അഡ്വക്കേറ്റ് ക്ലാർക്കിന്റെ ക്ഷേമനിധിയിലേയ്ക്കും മാറ്റിവയ്ക്കുന്നതിന്റെ ഫലമായി ടി ക്ഷേമനിധികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനും അഭിഭാഷകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഏറ്റവും സഹായകരമായ ഒരു ഭേദഗതിയാണ് ഇതിലൂടെ ഉണ്ടാകാൻ പോകുന്നത്. പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കേണ്ടത്, 10 ശതമാനം വീതം വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുവേണ്ടി 76-ാം വകുപ്പിലെ ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്ന് നീക്കിവയ്ക്കുകയാണ്. വ്യവഹാരങ്ങൾ ഏറ്റവും കൂടുതൽ താഴ്ന്ന കോടതികളിലാണ് നടക്കുന്നത്. അവിടെ നൂറുകണക്കിന് വ്യവഹാരികളാണ് എത്തുന്നത്. താഴ്ന്ന കോടതികളിൽ അടിസ്ഥാനപരമായ

സൗകര്യങ്ങളുടെ ഒട്ടേറെ പരിമിതി ഉണ്ടെന്ന് കോടതിയുമായി ബന്ധപ്പെടുന്ന ആളുകൾക്ക് അറിയാം. നൂറുകണക്കിന് കക്ഷികൾ വരുമ്പോൾ അവർക്ക് പ്രാഥമിക സൗകര്യങ്ങൾപോലും നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത അവസ്ഥ ഇന്ന് താഴ്ന്ന കോടതികളിൽ നിലനിൽക്കുന്നു. അതുകൊണ്ട് അടിസ്ഥാനപരമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ 10 ശതമാനം തുക ഉപയോഗപ്പെടുത്താം. കോടതികളുമായി ബന്ധപ്പെട്ട് കക്ഷിപ്പുര എന്നുള്ള നിലയിൽ കക്ഷികൾക്ക് വിശ്രമിക്കാനുള്ള ഒരു സാഹചര്യം മുൻപ് ഉണ്ടായിരുന്നു. എന്നാൽ അതൊന്നും ഇന്നില്ല. ഞാൻ പ്രാക്ടീസ് ചെയ്ത ചെങ്ങന്നൂർ കോടതിയിൽ കക്ഷിപ്പുര ഉണ്ടായിരുന്നു. ഇന്ന് അതില്ല. പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങളില്ല. 10 ശതമാനം തുക നീക്കിവയ്ക്കുന്നതിന്റെ ഫലമായി കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കക്ഷികൾക്കും പൊതുജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കാൻ കഴിയും. നമ്മൾ ഫണ്ട് വിനിയോഗിക്കുമ്പോൾ അതിനാവശ്യമായ ജാഗ്രത വേണം. ഈ ഫണ്ട് അതിനുവേണ്ടി വിനിയോഗിക്കപ്പെടുന്നു എന്നുള്ള ജാഗ്രതയോടുകൂടി വിനിയോഗിച്ചാൽ കക്ഷികൾക്കും, വ്യവഹാരികൾക്കും താഴ്ന്നകോടതികളിൽ അടിസ്ഥാനപരമായി

സൗകര്യം ഏർപ്പെടുത്തുന്നതിന് കൂടുതൽ ഉപകാരപ്രദമാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ചില പ്രഖ്യാപനങ്ങൾ നടത്തി. ബാർ അസ്സോസിയേഷനുകളിൽ സൈബർ ലൈബ്രറി സ്ഥാപിക്കുന്നതിന് ധനസഹായമായി 20,13,120 രൂപ അനുവദിച്ചു. ബാർ അസ്സോസിയേഷനുകളുടെ അടിസ്ഥാനപരമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പണം അനുവദിച്ചു. കോടതികളിൽ എത്തുന്ന പൊതുജനങ്ങൾക്കായി 6 കോടതി കെട്ടിടങ്ങളിൽ സൗകര്യമൊരുക്കുന്നതിന് 37 ലക്ഷംരൂപ അനുവദിച്ചു. കോടതി സമുച്ചയങ്ങളോട് അനുബന്ധിച്ച് അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ജോലിസൗകര്യമൊരുക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു. അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമനിധി പെൻഷൻ ഇരട്ടിയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തു. അഭിഭാഷകരെ സംബന്ധിച്ചിടത്തോളം, പുതുതായി എൻറോൾ ചെയ്യുന്ന അഭിഭാഷകർക്ക് മൂന്ന് വർഷത്തേക്ക് സ്റ്റൈപെന്റ് നൽകുമെന്ന് പ്രഖ്യാപിച്ചു. അഭിഭാഷക ക്ഷേമനിധി 10 ലക്ഷമാക്കി വർദ്ധിപ്പിച്ചതും, പുതുതായി പ്രാക്ടീസ് ചെയ്യുന്ന ചെറുപ്പക്കാർക്ക്/യുവ

അഭിഭാഷകർക്ക് സ്റ്റൈപെന്റ് നൽകുന്നവെന്നുള്ള പ്രഖ്യാപനം അഭിഭാഷകരെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ കാര്യമാണ്. കേരളീയ അഭിഭാഷക സമൂഹം ഇത് സർവ്വാത്മനാ സ്വാഗതംചെയ്യും. അതിന് നേതൃത്വം നൽകിയ ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ ബാലനെ ഞാൻ അനുമോദിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കോടതി മുറികളിലെല്ലാം എഴുതിവച്ചിട്ടുണ്ട്, 'Fiat Justitia Ruat Caelum' - ആകാശം ഇടിഞ്ഞു വീണാലും നീതി നടപ്പാക്കുമെന്ന്. വേണ്ടത്ര ജഡ്ജിമാരില്ലാത്തതുകൊണ്ട് കോടതികൾ പൂട്ടേണ്ടിവരുമെന്ന് ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് കേന്ദ്ര ഗവൺമെന്റിന് മുന്നറിയിപ്പ് നൽകിയതായി നമ്മൾ പത്രവാർത്തയിലൂടെ അറിഞ്ഞു. 'Justice delayed is justice denied' എന്നാണ്. കാലതാമസം നീതിനിഷേധത്തിന് തുല്യമാണെന്ന് പറയുമ്പോൾ മൂന്ന് കോടി കേസ്സുകളാണ് നമ്മുടെ രാജ്യത്ത് കെട്ടിക്കിടക്കുന്നതെന്ന് സുപ്രീം കോടതി ജഡ്ജിമാർതന്നെ പറയുകയാണ്. വിവിധ കോടതികളിലായി മൂന്ന് കോടിയും സുപ്രീംകോടതിയിൽ ഒരു ലക്ഷത്തോളവും കേസ്സുകൾ കെട്ടിക്കിടക്കുന്നു. നിരവധി വർഷങ്ങളായി ഈ കേസ്സുകളെല്ലാം കെട്ടിക്കിടക്കുന്നു എന്ന്

സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാർ പറയുന്നുണ്ട്. വേണ്ടത്ര ജഡ്ജിമാരില്ല എന്നുള്ളതാണ് അതിന് പറയുന്ന കാരണമെങ്കിലും അത് ശരിയാണോ? ആവശ്യമായ റവന്യൂ റിക്കാർഡുകൾ കൃത്യസമയത്ത് ലഭിക്കാത്തതിന്റെ ഫലമായി കോടതികളിൽ ഒരുപാട് കാലതാമസം നേരിടുന്നതായ അനുഭവം നേരിട്ടിട്ടുണ്ട്. ഒരു കക്ഷിക്ക് ഒരു റവന്യൂ റിക്കാർഡ് ലഭിക്കണമെങ്കിൽ ഒന്നര രണ്ടു വർഷം വരെ വേണ്ടിവരുന്ന അവസ്ഥ നിലനിൽക്കുന്നു. ഇന്ന് ഓൺലൈൻ സംവിധാനങ്ങളും മറ്റ് ആധുനിക സങ്കേതികവിദ്യകളുമുള്ളപ്പോൾ കൃത്യസമയത്ത് റവന്യൂ രേഖകൾ ലഭിക്കുന്നതിന് ആവശ്യമായ ഒരു സംവിധാനം ഏർപ്പെടുത്തിയാൽ കേരളത്തിലെങ്കിലും സമയബന്ധിതമായി കേസ്സുകൾ തീർക്കുന്നതിനുള്ള സാഹചര്യമുണ്ടാകുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കോടതികളിൽ വരുന്ന കേസ്സുകൾ അനുരഞ്ജനത്തിലൂടെ തീർക്കുന്ന ഒരു സംവിധാനമാണ് ലീഗൽ സർവ്വീസസ് അതോറിറ്റി. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി മുതൽ ഏരിയാതലത്തിൽ വരെ സർവ്വീസസ് അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഫലമായി വലിയതോതിൽ കേസ്സുകൾ അതിവേഗത്തിൽ തീർപ്പാക്കാനും ഇരുകക്ഷികളുടെ സമ്മതത്തോടുകൂടി

വലിയ തർക്കമില്ലാതെ പരിഹരിക്കുന്നതിനും സാധിക്കുന്നു. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും അതിന്റെ താഴെത്തട്ട് വരെയുള്ള പ്രവർത്തനത്തിന്റെയും ഫലമായി കേസ്സുകൾ കുറെയേറെ തീർക്കുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തും അഖിലേന്ത്യാതലത്തിലുമുണ്ട്. താഴ്ന്നകോടതികളിലും, ജില്ലാ കോടതികളിലും, ഹൈക്കോടതികളിലും ഇത് നിലവിലുള്ളപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയാൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ ഒരു പരിധിവരെ നമുക്ക് പരിഹരിക്കാൻ കഴിയും. കേസ്സുകൾ പരിഹരിക്കുന്നതിന് മറ്റു മാതൃകകളുണ്ട്. നിയമസാക്ഷരതയുള്ള ഇന്ത്യയിലെ ആദ്യത്തെ വ്യവഹാര രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചത് എന്റെ നിയോജകമണ്ഡലത്തിലുള്ള ചെറിയനാട് പഞ്ചായത്താണ്. ചെറിയനാട് പഞ്ചായത്ത് ഒരു കോടതി എന്ന നിലയിൽ അവർ സ്ഥാപിച്ചു. ചെറിയനാട് പഞ്ചായത്തിൽ, പഞ്ചായത്ത് മെമ്പർമാരും അവിടുത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതുപ്രവർത്തകരും അടങ്ങുന്ന സമിതി മാസത്തിലൊരിക്കൽ പരാതികൾ സ്വീകരിക്കുകയും ആ പരാതിയിന്മേൽ ജനപ്രതിനിധികളും, സാമൂഹ്യപ്രവർത്തകരും

പരാതിക്കാരെ കണ്ട്, ഒരു സിറ്റിംഗ് പോലെ പഞ്ചായത്ത് ഹാളിൽ കൂടി, അനുരഞ്ജനത്തിലൂടെ 1400 കേസ്സുകളാണ് പരിഹരിക്കാൻ കഴിഞ്ഞത്. അതിന്റെ ഫലമായി നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരള ഹൈക്കോടതിയും ആ പ്രവർത്തനത്തിന്റെ മാതൃക ഏറ്റെടുത്തതിന്റെ ഫലമായി ഇന്ത്യയിലെ ചീഫ് ജസ്റ്റിസ് വന്നാണ് ചെറിയനാട് പഞ്ചായത്തിനെ രാജ്യത്തെ ആദ്യത്തെ വ്യവഹാരരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചത്. ആ പ്രവർത്തനത്തെ അനുമോദിച്ചുകൊണ്ട് ഇന്ത്യയിലെ ചീഫ് ജസ്റ്റിസ്, നാഷണൽ ജൂഡീഷ്യൽ അക്കാദമിയുടെ ഏറ്റവും പ്രഗത്ഭനും നിയമജ്ഞനുമായിട്ടുള്ള ശ്രീ. എൻ. ആർ. മാധവ മേനോൻ അടക്കമുള്ള ഒരുപാട് ആളുകൾ ആ പ്രദേശത്ത് വന്നു. അങ്ങനെ ചെറിയനാട് പഞ്ചായത്തിനെ ആദ്യത്തെ വ്യവഹാരരഹിത പഞ്ചായത്തായി സുപ്രീംകോടതി പ്രഖ്യാപിച്ചു. സുപ്രീംകോടതി ജസ്റ്റിസ് ശ്രീ. എച്ച്. എൽ. ദത്തുവാണ് ആ പ്രഖ്യാപനം നടത്തിയത്. ഇതുസംബന്ധിച്ച് ഇന്ത്യയിലാകെ വിദേശങ്ങളിലടക്കം ലേഖനങ്ങൾ വന്നു. പഞ്ചായത്തു കോടതികളെ Alternative Dispute Redressal എന്നാണ് പറയുന്നത്. സമാന്തരമായി

തർക്കപരിഹാരത്തിനുള്ള ഒരു വേദി എന്ന നിലയിൽ നമ്മുടെ രാജ്യത്ത് അല്ലെങ്കിൽ കേരളത്തിലെങ്കിലും പഞ്ചായത്ത് കോടതികൾ വേണം. പണ്ട് നമ്മുടെ സംസ്ഥാനത്ത് വില്ലേജ് കോടതികൾ നിലനിന്നിരുന്നു. അതുപോലെ നമ്മുടെ നാട്ടിലും ഇത്തരമൊരു സംവിധാനം വേണം. ഇന്ത്യക്കാകെ മാതൃകയാകത്തക്ക വിധത്തിൽ കേരളത്തിലെ ഗവൺമെന്റും ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ടുള്ള മഹത്തായ ഒരു പരിപാടിയായിരുന്നു അത്. ഇന്ന് നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയും ലീഗൽ സർവ്വീസസ് അതോറിറ്റിയും കൈകാര്യം ചെയ്യുന്നത് അവരുടെ മുൻപിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ അനുരഞ്ജനത്തിലൂടെയും സമവായത്തിലൂടെയും തീർപ്പാക്കുക എന്നുള്ളതാണ്. Alternative Dispute Redressal എന്ന സമാന്തര തർക്ക പരിഹാര പദ്ധതിയിലൂടെ കേരളത്തിൽ ഒട്ടനവധി പുതുമകൾ അടങ്ങുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ്. കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും വലിയ പ്രതീക്ഷ നൽകുന്ന മാലിന്യ നിർമ്മാർജ്ജനം, ജൈവപച്ചക്കറി തുടങ്ങിയ നൂതനമായ ഒട്ടേറെ കർമ്മോന്മുഖമായ പരിപാടികൾ അവതരിപ്പിച്ച ഈ ഗവൺമെന്റിന് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് സമാന്തര തർക്ക പരിഹാര പദ്ധതി ഒരു മാതൃകാ

പദ്ധതിയായി ഏറ്റെടുക്കാവുന്നതാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. രാജേഷ് എം.എൽ.എ.യുടെ നാടാണ് ചെറിയനാട്. ചെറിയനാടിൽ ഇതിന്റെ പ്രവർത്തനം ഏറ്റെടുത്ത പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വാസുദേവനെ പത്മശ്രീ പുരസ്കാരത്തിനുവരെ നിർദ്ദേശിക്കുകയുണ്ടായി. കേരളത്തിൽ ഇന്ന് കെട്ടിക്കിടക്കുന്ന കേസ്സുകൾ പരിഹരിച്ച് സമാധാന അന്തരീക്ഷമുണ്ടാക്കുന്നതിന് A.D.R (Alternative Dispute Redressal) എന്ന സമാന്തര തർക്ക പരിഹാര വേദിയെ ഒരു മാതൃകാ പദ്ധതിയായി ഏറ്റെടുത്ത് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന് പരീക്ഷിക്കാവുന്നതാണ്. പഞ്ചായത്തുകളിൽ ഇത് നടപ്പിലാക്കാൻ വലിയ സാമ്പത്തിക ചെലവുണ്ടാകുന്നില്ല. ബഹുജന പങ്കാളിത്തത്തോടുകൂടി നടത്താവുന്ന ഈ പദ്ധതി നടപ്പാക്കണമെന്നാണ് ബഹുമാന്യനായ മന്ത്രിയോട് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. നിയമനിർമ്മാണ സഭ, ജുഡീഷ്യറി, എക്സിക്യൂട്ടീവ് തുടങ്ങിയ ഭരണ നിർവ്വഹണ സമിതികളെ ഏകോപിപ്പിക്കണം. ജുഡീഷ്യൽ ആക്ടിവിസം എന്നുപറഞ്ഞ് കോടതികളുടെ ഇടപെടലിനെ സംബന്ധിച്ചുള്ള വിമർശനവും ഭരണ

നിർവ്വഹണത്തിന്റെ പ്രശ്നവുമെല്ലാം ഉയർന്നു വരുന്നുണ്ട്. സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും ശക്തിപ്പെടുത്തുന്ന ഈ പ്രധാനപ്പെട്ട വേദികളെയെല്ലാം ഏകോപിപ്പിക്കണം. അവിടെയാണ് മാദ്ധ്യമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിക്കപ്പെടേണ്ടത്. കേരളത്തിൽ ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇതിന് കർശനമായ നിലപാടെടുത്തു. ഏതാനും അഭിഭാഷകരുടെ പ്രവർത്തനങ്ങളെ അപലപിക്കുമ്പോൾ ആ മേഖലയിൽ മാദ്ധ്യമങ്ങൾക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ കർശനമായ നിലപാടെടുത്തു. ആ നിലപാടുകളെ മുൻനിർത്തി ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ ജുഡീഷ്യറിയും ലെജിസ്ലേച്ചറും എല്ലാം ചേർന്ന് നല്ലൊരു ഏകോപനത്തിനുള്ള സാദ്ധ്യത ഉണ്ടാക്കണം. നിരവധി വിദേശരാജ്യങ്ങളിൽ അത് നടപ്പാക്കിയിട്ടുണ്ട്. ഏകോപനത്തിനുള്ള സംവിധാനമുണ്ടാക്കിയാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എളുപ്പമായിരിക്കും. ഇന്ന് വ്യവഹാരത്തിന് ആവശ്യമായിവരുന്ന ഭാരിച്ച ചെലവിനെ സംബന്ധിച്ച് ഇവിടെയൊരു മെമ്പർ പറയുകയുണ്ടായി. അഭിഭാഷക ക്ഷേമനിധിയിൽ സ്റ്റാമ്പിന്

ഇരുപത്തിയഞ്ച് രൂപ വർദ്ധിപ്പിച്ചത് വളരെ കൂടുതലാണെന്ന് പറയുകയുണ്ടായി. ഈ പ്രവർത്തനങ്ങളിൽ വേണ്ടതരത്തിൽ പങ്കെടുക്കുന്ന ആളെന്ന നിലയിൽ അഭിഭാഷകവൃത്തി ചെയ്യുമ്പോൾ സ്റ്റാമ്പിന് വരുന്ന തുക യഥാർത്ഥത്തിൽ കക്ഷികളിൽ നിന്നല്ല ഈടാക്കുന്നത്. അഭിഭാഷകരെന്ന നിലയിൽ കയ്യിൽനിന്നും കൊടുത്തല്ലേ ഇത് ചെയ്യുന്നത്. അഭിഭാഷക ക്ഷേമനിധി ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ അതിനാവശ്യമായ ഫണ്ട് അതിലേയ്ക്ക് സ്വരൂപിക്കണം. അത് സ്വരൂപിക്കണമെങ്കിൽ ടാക്സിന്റെ കാര്യം പറഞ്ഞതുപോലെ burden of tax കക്ഷികളിലേയ്ക്കാണ് മാറ്റുന്നത്. അതിന്റെ ഫലമായി ഒരു ദോഷവും ഉണ്ടാകുന്നില്ല. പത്തുലക്ഷം രൂപ വർദ്ധിപ്പിക്കുമ്പോൾ ഏറ്റവും സീനിയറായ അഭിഭാഷകർ ആറായിരം രൂപ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്നതുകൊണ്ട് യാതൊരു അപാകതയും ഉണ്ടാകുന്നില്ല. കേരള ബാർ കൗൺസിലിൽ 45,000 പേരാണ് ഇപ്പോൾ എൻറോൾ ചെയ്തിരിക്കുന്നതെന്നാണ് കണക്കാക്കുന്നത്. അതിൽ 22,000 പേരാണ് ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളത്. ആറായിരത്തോളം ക്ലാർക്കുമാരുണ്ടെന്നാണ് കണക്ക്. അവരെയും അവരുടെ കുടുംബത്തേയും സഹായിക്കുന്ന ഒരു പദ്ധതി

വരുമ്പോൾ അതിലേയ്ക്ക് ആവശ്യമായ ഫണ്ട് സമാഹരിക്കുകയെന്നത് ആവശ്യമാണ്. 1980-ലെ ഗവൺമെന്റാണ് ആദ്യമായി ഈ പദ്ധതി കൊണ്ടുവരുന്നത്. അതിനുശേഷം ക്രമാനുഗതമായി മൂന്ന് ലക്ഷം അഞ്ചുലക്ഷമായി വർദ്ധിച്ചു. വർഷങ്ങളായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് പത്ത് ലക്ഷമായി വർദ്ധിപ്പിക്കുന്നത്. പത്ത് ലക്ഷം അപര്യാപ്തമാണെന്ന് അഭിഭാഷകർക്ക് അഭിപ്രായമുണ്ട്. കുറേക്കൂടി വർദ്ധിപ്പിക്കണമെന്നാണ് അവരുടെ ആവശ്യം. കാലാനുസൃതമായി അത് വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അഭിഭാഷക ക്ഷേമനിധിയിൽനിന്നും പണം സ്വീകരിച്ചുകഴിഞ്ഞാൽ ആ അഭിഭാഷകന് പ്രാക്ടീസ് ചെയ്യാൻ പറ്റില്ലായെന്ന ഒരു തീരുമാനം ബാർ കൗൺസിൽ എടുത്തിട്ടുണ്ട്. ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അത് നിലനിൽക്കും. ഇവിടെ ബഹുമാന്യനായ ശ്രീ. എ. എൻ. ഷംസീർ സൂചിപ്പിച്ചതുപോലെ അഭിഭാഷകർക്ക് റിട്ടയർമെന്റില്ല. മുപ്പത്തിയഞ്ച് നാൽപ്പതുവർഷം പ്രവർത്തിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകൾകൊണ്ട് ക്ഷേമനിധിയിൽനിന്നും തുക വാങ്ങിക്കഴിഞ്ഞാൽ ആ തൊഴിൽ ചെയ്യാൻ ഒരവസരം വേണം. അത് നിഷേധിക്കുന്നത് ശരിയല്ലായെന്ന അഭിപ്രായമാണ്. അവർക്ക്

ബാങ്കിന്റെ ലീഗൽ അഡ്വൈസറാകുന്നതിനും അല്ലെങ്കിൽ മറ്റ് ചില അഡ്വൈസ് കൊടുക്കുന്നതിനും ക്ഷേമനിധിയിൽനിന്നും പണം വാങ്ങിക്കഴിഞ്ഞാൽ ഏതൊരു കാരണവശാലും വക്കാലത്തിൽ ഒപ്പിടാൻ പാടില്ലായെന്ന് പറയുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. വക്കാലത്തിന് ഇന്നുള്ള നിലയിൽ ഇരുപത്തിയഞ്ച് രൂപയും, അത് അവരെക്കൊണ്ടുതന്നെ സ്റ്റാമ്പ് ഒട്ടിപ്പിക്കുന്നതിനും സർക്കാരിന് ഒരു നഷ്ടവും ഉണ്ടാകുന്നില്ല. അവരുടെ ജോലി നിഷേധിക്കുന്ന സമീപനത്തിൽ പരാതിയുള്ളവരുണ്ട്. അതുകൂടി ഈ ഗവൺമെന്റ് പരിശോധിക്കണം. ക്ഷേമ നിധിയിൽനിന്നും പണം വാങ്ങുന്ന ആളുകൾ റിട്ടയർ ചെയ്ത് വീട്ടിലിരുന്നുകൊള്ളണം, നിങ്ങൾ ഒന്നും ചെയ്യേണ്ട, എന്ന ബാർ കൗൺസിലിന്റെ സമീപനം ശരിയല്ല. കാരണം ഏറ്റവും ബൗദ്ധികമായ പ്രവർത്തനങ്ങൾ നടത്തുന്നവർക്കാണ് രോഗങ്ങളിൽനിന്നെല്ലാം മുക്തികിട്ടുന്നത്. ആക്ടീവായി അവർ സമൂഹത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് രോഗങ്ങളിൽനിന്നും മുക്തമായി അവർ സമൂഹത്തെ സേവിക്കുന്നത്. ക്ഷേമനിധിയോ മറ്റ് ആനുകൂല്യങ്ങളോ നൽകിയില്ലെങ്കിലും അവർക്ക് ജോലിയിൽ തുടരുന്നതിന് ആവശ്യമായ സൗകര്യം ചെയ്തുകൊടുത്താൽ നന്നായിരിക്കുമെന്നാണ് ഈ ചർച്ചയുമായി ബന്ധപ്പെട്ട് എനിക്ക്

സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ഈ ഭേദഗതി അഭിഭാഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ ഒരു തീരുമാനമാണ്. ഏതാണ്ട് നാൽപ്പത്തിയയ്യായിരത്തോളം പേർ എൻറോൾ ചെയ്തിട്ടുണ്ടെങ്കിലും ഇരുപത്തിയഞ്ച് ശതമാനം അഭിഭാഷകർ മാത്രമാണ് സ്വന്തം വരുമാനം കൊണ്ട് ജീവിക്കാൻ കഴിയുന്നതെന്ന് അഭിഭാഷക വൃത്തിയെക്കുറിച്ച് നല്ലതുപോലെ അറിയാവുന്നവർക്ക് മനസ്സിലാകുന്നതാണ്. അതുകൊണ്ട് ഏതാണ്ട് നാൽപ്പത്തിയയ്യായിരം പേർ എൻറോൾ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ മഹാഭൂരിപക്ഷത്തിനും അനുകൂലമായ ആശ്വാസം നൽകുന്ന ഈ ഭേദഗതിയേയും അഭിഭാഷക ക്ഷേമനിധി വർദ്ധിപ്പിച്ച ഗവൺമെന്റിനേയും അഭിനന്ദിച്ചുകൊണ്ട് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. അനിൽ അക്കരയ്ക്ക് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. അനിൽ അക്കര : സർ, 2016-ലെ കേരള കോർട്ട് ഫീസും

വ്യവഹാരസലയും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്കുമുമ്പ് സംസാരിച്ച അംഗം പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. എങ്കിലും ഈ പത്ത് ശതമാനമെന്നത് വളരെ കുറഞ്ഞ സംഖ്യയെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ സംഖ്യ പിരിച്ചെടുക്കുന്നത് കോർട്ട് ഫീ സ്റ്റാമ്പുകൾ വഴിയാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. ഇത് കേരളത്തിലെ ഒരു അഭിഭാഷകന്റെ കൈയിൽനിന്നോ അല്ലെങ്കിൽ ഒരു ക്ലാർക്കിന്റെ കൈയിൽ നിന്നോ പോകുന്ന സംഖ്യയല്ല. ഈ സംഖ്യ നൂറ് ശതമാനവും വ്യവഹാരികളുടെ കയ്യിൽനിന്നും പോകുന്ന സംഖ്യയാണ്. അതിൽ നിന്നും പത്തുശതമാനം മാത്രം ഇവർക്കുവേണ്ടി മാറ്റിവയ്ക്കുന്നത് ഒരു കാരണവശാലും നീതീകരിക്കാൻ കഴിയില്ല. അതുകൊണ്ട് സംഖ്യ വർദ്ധിപ്പിക്കണമെന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ സുപ്രീം കോടതിയും ഹൈക്കോടതിയും കഴിഞ്ഞാൽ കേരളത്തിലെ ജില്ലാ കോടതിക്കുതാഴെയുള്ള ഒരു കോടതിയിലും വാദിക്കായാലും

പ്രതിക്കായാലും കോടതി നടപടികൾ പൂർത്തിയാകും വരെ കാത്തുനിന്നാൽ കോടതി ജീവപര്യന്തം വിധിക്കുന്നതിനേക്കാൾ വലിയ ശിക്ഷയാണ് ഈ കോടതികളിൽനിന്നും നമുക്ക് ലഭിക്കുന്നത്. പുതിയ സിനിമ കാണാൻ പോയാൽ ടിക്കറ്റ് എടുക്കാൻ നിൽക്കുന്നതുപോലെ, നമ്മുടെ കേസ് എപ്പോൾ വിളിക്കുമെന്ന് നോക്കി വാതിലിനിടയിലൂടെ തള്ളി നിൽക്കുന്ന കാഴ്ച ഭീകരമാണ്. എന്തെങ്കിലും കാരണവശാൽ വിളി കേൾക്കാൻ വിട്ടുപോയി പിറ്റേദിവസം ഹാജരായാൽ റിമാന്റിലാകുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഫണ്ടുപയോഗിക്കുമ്പോൾ അത് കൈകാര്യം ചെയ്യുന്നതിന് വ്യക്തമായ പ്രൊസീഡിംഗ്സ്/നടപടക്രമങ്ങൾ ഉണ്ടാകണമെന്ന് പറയുവാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പലപ്പോഴും കേസ്സുമായി ബന്ധപ്പെട്ട ആളുകൾ അത് അറിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. പലപ്പോഴും വാറണ്ടാകുന്ന സമയത്താണ് വാദിയായാലും പ്രതിയായാലും ഇത്തരത്തിലുള്ള കേസ്സുകൾ അറിയുന്നത്. കേരളത്തിലെ ഹൈക്കോടതിയിൽ ഡിജിറ്റൽ സംവിധാനങ്ങളുടെ ഭാഗമായി കേസ്സുകൾ ഏത് കോടതിയിലാണ് നടക്കുന്നത്, എത്രയാണ് കേസ്

നമ്പർ, നമ്മുടെ കേസ്സുകൾ എപ്പോഴാണ് പരിഗണിക്കുന്നതെന്നൊക്കെ മനസ്സിലാക്കാൻ കഴിയും. പക്ഷേ കേരളത്തിലെ താഴെത്തട്ടിലുള്ള ഒരു കോടതികളിലും നമുക്ക് അത്തരത്തിലുള്ള സൗകര്യങ്ങളില്ലായെന്നത് മറക്കാൻ കഴിയില്ല. നമ്മൾ ജീവിക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിലാണ്. പഴയ അപരിഷ്കൃതമായ രീതിയിലേയ്ക്ക് ഇനിയും പോകാൻ കഴിയില്ല. നമ്മുടെ കോടതികൾ വൃത്തിയുള്ളതായിരിക്കണം. ജില്ലാ കോടതികളാണെങ്കിലും മജിസ്ട്രേട്ട് കോടതികളാണെങ്കിലും മുൻസിഫ് കോടിതികളാണെങ്കിലും പ്രാഥമികമായ കാര്യങ്ങൾ നടത്താൻപോലും കഴിയാത്ത സ്ഥിതിയാണുള്ളത്. കോടതികളിലെ ടോയ്‌ലറ്റുകൾ പൊതു ടോയ്‌ലറ്റുകളായതുകൊണ്ട് അത് വൃത്തിയാക്കുന്ന കാര്യത്തിൽ ഉദാസീന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പലപ്പോഴും അങ്ങോട്ട് പോകാൻ പോലും കഴിയാത്ത സാഹചര്യമാണുള്ളത്. നമ്മുടെ സംസ്ഥാനം വളരെ അഭിമാനകരമായ രീതിയിൽ നവംബർ 1-ാം തീയതി പൊതു വിസർജ്ജ്യത്തിന്റെ കാര്യത്തിൽ വളരെ മാതൃകാപരമായി ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി പ്രഖ്യാപിച്ചതാണ്. പക്ഷേ നമ്മുടെ കോടതികളിലെ ശുചിത്വം രാജ്യത്തിന് മാതൃകയാണോ എന്ന്

നമുക്ക് പരിശോധിക്കേണ്ടതുണ്ട്. അത് ഈ വിഷയവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുമുണ്ട്. ഇവിടെ സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് നമ്മുടെ വ്യവഹാരികളെ സംബന്ധിച്ചിടത്തോളം സാധാരണക്കാരായ വ്യവഹാരികൾക്ക് മേൽക്കോടതികൾ അപ്രാപ്യമാണ്. സിവിൽ കോടതികളായാലും താഴെത്തട്ടിലുള്ള മജിസ്ട്രേട്ട് കോടതികളായാലും നമുക്ക് കേസ് അനുകൂലമായാലും പ്രതികൂലമായാലും കേസ്സിന് അപ്പീൽ പോകാനോ CAVIET-ന് പോകാനോ സാധാരണ ഒരു വ്യവഹാരിക്ക് കഴിയാത്ത സാഹചര്യമാണുള്ളത്. വലിയ ഫീസുണ്ടായാൽ മാത്രമേ അതിനു സാധിക്കുകയുള്ളൂ. സുപ്രീം കോടതിയെന്ന് പറയുന്നത് സ്വപ്നത്തിൽപ്പോലും ചിന്തിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. ഇവിടെ മാറ്റിവയ്ക്കുന്ന തുകയിൽ പത്ത് ശതമാനം അഭിഭാഷക ക്ഷേമനിധിയിൽനിന്നും കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ മാറ്റിവച്ചാൽ, ക്ലാർക്ക് ക്ഷേമനിധിയിൽ നിന്നും മാറ്റിവച്ച തുക ചേർത്താൽപ്പോലും നമുക്ക് മൂന്ന് ചില്ലാനം കോടി രൂപമാത്രമാണ് ഇതുമായി ബന്ധപ്പെട്ട് വരുന്നത്. സുപ്രീം കോടതിയിൽ ഇന്ത്യയിലെ പ്രമുഖരായ അഭിഭാഷകരെ വച്ച് മുപ്പത് കേസ് നടത്തിയാൽ

കഴിയാവുന്ന തുക മാത്രമാണ് ഇതുമായി താരതമ്യം ചെയ്യുമ്പോഴുള്ളത്. തീർച്ചയായും ഈ പത്തുശതമാനം തുക അപര്യാപ്തമാണ് എന്ന് ഓർമ്മിപ്പിക്കാനാണ് ഇത് സൂചിപ്പിച്ചത്. ഇന്ന് അപകടം സംഭവിച്ച ഒരാളെ ആശുപത്രിയിലെ ഐ.സി.യു.-വിൽ അഡ്മിറ്റ് ചെയ്താലും സർജിക്കൽ ഐ.സി.യുവിൽ അഡ്മിറ്റ് ചെയ്താലും അവിടെ രോഗി എത്തുന്നതിനുമുമ്പ് അഭിഭാഷകരുടെ ഏജന്റുമാരാണ് കടന്നുവരുന്നത്. ആ രോഗിക്ക് എന്ത് അസുഖമാണെന്ന് ചിന്തിക്കുന്നതിനുമുമ്പ് ഞങ്ങൾ ഈ കേസ് ഏറ്റെടുത്ത് നടത്തിത്തരാമെന്നും, മരിച്ചാൽ ഇത്ര രൂപ നൽകാമെന്നും അംഗവൈകല്യമുണ്ടായാൽ ഇത്ര രൂപ നൽകാമെന്നും അവർ വാദിക്കുന്ന കാഴ്ച നമ്മൾ കാണുന്നുണ്ട്. അതിന് അവർ ശതമാനക്കണക്കും മുന്നോട്ടുവയ്ക്കുന്നുണ്ട്. അഭിഭാഷകർക്ക് കേസ്സുകൾ ലഭിക്കുന്നതിനുവേണ്ടി ഇന്ന് എം.എ.സി.റ്റി കോടതികളിൽ ലേലം വിളി നടക്കുകയാണ്. ഇവർ പത്ത് ശതമാനംവരെ തുക ഈടാക്കിക്കൊണ്ടാണ് കേസ്സുകൾ നടത്തുന്നത്. ആയതിനാൽ ഇതിന്മേലുള്ള പൂർണ്ണ നിയന്ത്രണം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. അതുപോലെത്തന്നെ ഉപഭോക്തൃ കോടതികളിലും മറ്റും ഒരു അഡ്ജസ്റ്റുമെന്റ് അടിസ്ഥാനത്തിൽ കാര്യങ്ങൾ

നടക്കുന്നതായി പലപ്പോഴും തോന്നാറുണ്ട്. ആർബിട്രേഷൻ കോടതിയിലും ലേബർ കോടതിയിലും വക്കീലൻമാരെ വച്ചുകൊണ്ട് കേസ്സുകൾ നടത്താൻ സാധാരണ തൊഴിലാളികൾക്ക് സാധിക്കാത്ത സാഹചര്യമുണ്ട്. ആയതിനാൽ ലേബർ കോടതി, ആർബിട്രേഷൻ കോടതി, സഹകരണ ട്രിബ്യൂണൽ, ഉപഭോക്തൃകോടതി തുടങ്ങിയ കോടതികളിലെല്ലാം സാധാരണക്കാരായ ആളുകളുടെ കേസ്സുകൾ വാദിക്കാൻ സർക്കാർ അഭിഭാഷകരെ നിയോഗിക്കേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ മാധ്യമ പ്രവർത്തകർക്ക് കോടതികളിൽ സുഗമമായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നത് കോടതികളുടെ നിലനിൽപ്പിനും ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിനും അത്യന്താപേക്ഷിതമാണ്. എന്നാൽ അതിന് സാധിക്കാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസുമായി സംസാരിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ സുപ്രീം കോടതിവരെ ഇടപെട്ട അവസ്ഥയുണ്ടായി. ഇതുസംബന്ധിച്ച് സംസ്ഥാന നിയമസഭയിൽ വലിയ ഉറപ്പുകൾ നൽകിയെങ്കിലും മാധ്യമപ്രവർത്തകർക്ക് ഇവിടെ സുഗമമായി മാധ്യമപ്രവർത്തനം നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

പിണറായിൽ ജനിച്ച് അടിയന്തരാവസ്ഥക്കാലത്ത് സമരങ്ങളെ നേരിട്ട ബഹുമാന്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ കേരളം ഭരിക്കുമ്പോൾ അതിനും മേലെയാണ് കേരളത്തിലെ അഭിഭാഷകരെന്നുപറഞ്ഞാൽ നമുക്ക് വിശ്വസിക്കാൻ കഴിയില്ല. കേരളത്തിലെ മുഖ്യമന്ത്രി ഒരു മിനിട്ട് മനസ്സുനിറഞ്ഞ് തീരുമാനിച്ചാൽ ഈ വിഷയം ഇവിടെ തീരാവുന്നതേയുള്ളൂ. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് ഏറ്റവും പ്രിയപ്പെട്ട രീതിയിൽ കേസുകൾ നടത്താനും അപ്പീൽ കോടതികളിൽ പോകാനും ഞാൻ നേരത്തെ സൂചിപ്പിച്ച രീതിയിൽ ലീഗൽമെട്രോളജി മുതൽ എം.എ.സി.റ്റി. കോടതികൾവരെ അവർക്ക് നീതി ലഭിക്കാൻ സാധിക്കുന്ന രീതിയിൽ ഈ നിയമത്തെ കൊണ്ടുവരുന്ന സംസ്ഥാന ഗവൺമെന്റിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഇതിലേക്കാവശ്യമായ തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിൽ മറുപടി എന്ന നിലയിൽ കൂടുതൽ കാര്യങ്ങൾ സൂചിപ്പിക്കാൻ

ആഗ്രഹിക്കുന്നില്ല. കോടതികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ തുക ഉപയോഗിക്കുന്നില്ല. അടിസ്ഥാന സൗകര്യം പൊതു ബഡ്ജറ്റിന്റെ ഭാഗമാണ്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. കേരളത്തിലെ കോടതികളുടെ അടിസ്ഥാന സൗകര്യം നന്നായി വർദ്ധിപ്പിക്കണം. കക്ഷികൾക്കും പ്രതികൾക്കും വക്കീലന്മാർക്കും കോടതികളിൽ ഇരിക്കുന്നതിനോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ സാധിക്കുന്നില്ല. ഇക്കാര്യം വളരെ ഗൗരവമായി ഗവൺമെന്റ് കാണുകയാണ്. കേരളത്തിലെ കോടതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമീപനമാണ് പൊതുബഡ്ജറ്റിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിക്കുക. ഈ നിയമത്തിൽപ്പറയുന്ന ഒരു ശതമാനത്തിൽ വരുന്ന തുകയുടെ പത്ത് ശതമാനം പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക്, ലീഗൽ സർവ്വീസ് സഹായം ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഇതിൽ മുമ്പുള്ളതിനെക്കാൾ കൂടുതൽ തുക എന്തായാലും ഉണ്ടാകും. സമാന്തര തർക്കപരിഹാര വേദികൾ - ഇതും വളരെ പ്രധാനപ്പെട്ട വിഭാഗമാണ്. 1934-ൽ കൊല്ലം സബ്കോടതിയിലുണ്ടായിരുന്ന ഒരു സിവിൽ കേസ് ഇതുവരെ പരിഹരിച്ചിട്ടില്ല. പ്രത്യേകിച്ച് സിവിൽ കേസ്സുകൾ ശ്രദ്ധിക്കാൻ

വക്കീലന്മാർക്കും പ്രിസൈഡിംഗ് ഓഫീസർമാക്കും വലിയ താൽപര്യമില്ല. ഭൂപരിഷ്കരണ നിയമത്തിനുശേഷം ഇതുമായി ബന്ധപ്പെട്ട കൂടുതൽ കേസ്സുകൾ ട്രിബ്യൂണലിൽ വരുന്നതിനാൽ അവിടെ കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. കൂടാതെ അതിനുമുകളിലുള്ള അപ്പീൽ കേസ്സുകളും ഇവിടെ കെട്ടിക്കിടക്കുകയാണ്. ഇതിന്റെ ഭാഗമായി കക്ഷികൾ മരണപ്പെട്ടാൽപ്പോലും അവരുടെ കുടുംബത്തിന് നീതി ലഭിക്കാത്ത അവസ്ഥയുണ്ട്. യഥാർത്ഥത്തിൽ നീതി നിഷേധത്തിന്റെ ഒരു കേന്ദ്രമാണ് സിവിൽ കേസ്സുകളുമായി ബന്ധപ്പെട്ട് നടക്കുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1-ാം തീയതി ഞാനും ശ്രീ. ജി. സുധാകരനും എറണാകുളം കോടതിയുടെ ഒരു കോംപ്ലക്സ് ഉദ്ഘാടനത്തിൽ പങ്കെടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ്ജസ്റ്റിസും സുപ്രീംകോടതി ചീഫ്ജസ്റ്റിസും ഇരിക്കുന്ന വേദിയിൽ വച്ചുതന്നെ കെട്ടിക്കിടക്കുന്ന കേസ്സുകളെ സംബന്ധിച്ച് ഞങ്ങൾ സൂചിപ്പിച്ചു. ആവശ്യത്തിന് പ്രിസൈഡിംഗ് ഓഫീസർമാർ ഇല്ലായെന്നുള്ള വാദം ഇവിടെ നിലനിൽക്കുന്നുണ്ട്. പക്ഷേ കേരളത്തിൽ ഹൈക്കോടതി രൂപംകൊള്ളുമ്പോൾ ഏഴ് ജഡ്ജിമാരുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 47 പേരുണ്ട്.

ആവശ്യത്തിനുള്ള പ്രിസൈഡിംഗ് ഓഫീസർമാർ ഇപ്പോഴുണ്ട്. ഇതിൽ കുറവുണ്ടെങ്കിൽ അക്കാര്യവും നമുക്ക് പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. പി. ടി. തോമസ്</u>: കോടതികളിൽ കക്ഷികൾക്കുള്ള സൗകര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഞാൻ കഴിഞ്ഞ വർഷം ദുബായിലെ ഒരു കോടതിയിൽ പോകുകയുണ്ടായി. കോടതി എങ്ങനെ നടക്കുന്നു എന്നറിയാനുള്ള ആകാംക്ഷകൊണ്ടാണ് ഞാൻ പോയത്. ഏത് കേസ്സിൽപ്പെട്ട പ്രതിയാണെങ്കിലും ഇവിടെ ചില പ്രതികളെ കോടതിയിൽ ഹാജരാക്കുമ്പോൾ വലിയ അക്രമം നടക്കാറുണ്ട്. കോടതിയിൽ പ്രതിയെ ഹാജരാക്കുവാൻ കൊണ്ടുവന്നപ്പോൾ വെടിവച്ചുകൊന്ന സംഭവംപോലും ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ദുബായിൽ അണ്ടർഗ്രൗണ്ട് പോലുള്ള ഒരു വലിയ കെട്ടിടത്തിലേക്ക് ബന്തവസായ പോലീസ് വണ്ടിയിൽ പ്രതിയെ കൊണ്ടുവരുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. പ്രതിയെ പബ്ലിക്കായി ആരും കാണുന്നില്ല. ഈ പ്രതിയെ വിളിക്കുമ്പോൾ മജിസ്ട്രേറ്റിനടുത്തുള്ള കൂട്ടിലേക്ക് ലിഫ്റ്റിൽ കയറി വരുന്നതിനുള്ള സാഹചര്യം അവിടെ ഒരുക്കിയിരിക്കുകയാണ്. അതിന്റെ ഫലമായി പ്രതിയെ മറ്റുള്ളവർ കാണുന്നതും കയ്യേറ്റം ചെയ്യുന്നതുമടക്കമുള്ള കാര്യങ്ങൾ ഒഴിവാക്കി സംരക്ഷണം കൊടുക്കാൻ കഴിയും.

അത്തരത്തിൽ ആധുനിക കോടതികൾ കേരളത്തിൽ പുന:സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; അത് കക്ഷികൾക്ക് ചെയ്തുകൊടുക്കാവുന്ന ഏറ്റവും നല്ലകാര്യമാണ്.

ശ്രീ. എ. കെ. ബാലൻ: ഇത് നല്ലൊരു നിർദ്ദേശമാണ്. ഞാൻ ഇതിനിടെ വേറൊരു രാജ്യത്ത് പോയപ്പോൾ അവിടെ കോടതിയും പോലീസും ജയിലുമില്ലാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത്. ലക്ഷദ്വീപിലടക്കം ഇപ്പോൾ കോടതികൾ അടച്ചിട്ടിരിക്കുകയാണ്. മനുഷ്യർ വിചാരിച്ചാൽ അതും നടക്കും. അങ്ങനെയുള്ള ഒരു അവസ്ഥ നമുക്ക് പ്രതീക്ഷിക്കാം. അതാണ് ശാസ്ത്രീയ സോഷ്യലിസമെന്ന് നമ്മൾ പറയുന്നത്. അതിലേക്കുള്ള വളർച്ച സാധാരണ നിലയിലുള്ളതല്ല, അത് ലേശം ദുഷ്കരമായിട്ടുള്ള പോക്കാണ്. മറ്റ് കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബാക്കിയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ അവതരിപ്പിച്ച 1

(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.അനിൽ അക്കര അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ആഭ്യന്തരകാര്യം സംബന്ധിച്ച് സബ്ജക്ട് കമ്മിററി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച)